# സാമൂഹ്യ ശാസ്ത്രം

# 2019 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി സാമൂഹ്യശാസ്ത്രം പൊതുപരീക്ഷയിൽ വരുത്തിയ മാറ്റം

2019 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി സാമൂഹ്യശാസ്ത്രം പൊതുപരീക്ഷയിൽ വരുത്തിയ മാറ്റങ്ങൾ ചുവടെ നൽകിയിരിക്കുന്നു. സാമൂഹ്യശാസ്ത്രം - I ൽ 40 സ്കോറിനുള്ള ചോദ്യങ്ങളിൽ 'എ' 'ബി' എന്നിങ്ങനെ രണ്ട് പാർട്ടുകൾ ഉണ്ട്. പാർട്ട് - 'എ' യിൽ 20 സ്കോറും പാർട്ട് - 'ബി' യിൽ 20 സ്കോറുമാണുള്ളത്. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് - 'എ' യിൽ നൽകിയിട്ടുള്ളത്. തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് - 'ബി' യിൽ ഉള്ളത്.

## സാമൂഹ്യശാസ്ത്രം - I

**പാർട്ട് എ - 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | അദ്ധ്യായം | വിഷയം | സ്കോർ |
|---|---|---|---|
| 1 | ബ്രിട്ടീഷ് ചൂഷണവും ചെറുത്ത് നിൽപ്പുകളും | ചരിത്രം | 4 |
| 2 | സംസ്കാരവും ദേശീയതയും | ചരിത്രം | 4 |
| 3 | സമരവും സ്വാതന്ത്ര്യവും | ചരിത്രം | 5 |
| 4 | രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും | രാഷ്ട്രതന്ത്രം | 4 |
| 5 | സമൂഹശാസ്ത്രം എന്ത് എന്തിന് | സമൂഹശാസ്ത്രം | 3 |
| | | | **20** |

**പാർട്ട് ബി - 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ<br>or<br>ലോകം ഇരുപതാം നൂറ്റാണ്ടിൽ | ചരിത്രം | 6 |
| 2 | സ്വാതന്ത്ര്യാനന്തര ഇന്ത്യ<br>or<br>കേരളം ആധുനികതയിലേക്ക് | ചരിത്രം | 6 |
| 3 | പൊതുഭരണം<br>or<br>പൗരബോധം | രാഷ്ട്രതന്ത്ര ശാസ്ത്രം | 8 |
| | | | **20** |

സാമൂഹ്യശാസ്ത്രം II ലും 40 സ്കോറിനുള്ള ചോദ്യങ്ങളിൽ പാർട്ട് - 'എ' യിൽ 20 സ്കോറും പാർട്ട് - 'ബി' യിൽ 20 സ്കോറും ഉൾപ്പെടുത്തിയിരിക്കുന്നു. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങൾ പാർട്ട് - 'എ' യിലും തിരഞ്ഞെടുത്തു പഠിക്കേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങൾ പാർട്ട് - 'ബി' യിലും നൽകിയിരിക്കുന്നു.

## സാമൂഹ്യശാസ്ത്രം - II

**പാർട്ട് എ - 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമിശാസ്ത്രം | 7 |
| 2 | ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം | ഭൂമിശാസ്ത്രം | 5 |
| 3 | മാനവവിഭവശേഷി വികസനം ഇന്ത്യയിൽ | സാമ്പത്തികശാസ്ത്രം | 4 |
| 4 | ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തികശാസ്ത്രം | 4 |
| | | | 20 |

**പാർട്ട് ബി - 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ഋതുഭേദങ്ങളും സമയവും<br>or<br>കാറ്റിന്റെ ഉറവിടം തേടി | ഭൂമിശാസ്ത്രം | 8 |
| 2 | ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും<br>or<br>ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ | ഭൂമിശാസ്ത്രം | 4 |
| 3 | പൊതുചെലവും പൊതുവരുമാനവും<br>or<br>ഉപഭോക്താവ് - സംതൃപ്തിയും സംരക്ഷണവും | സാമ്പത്തിക ശാസ്ത്രം | 8 |
| | **ആകെ** | | 20 |

# PART B - SS I അദ്ധ്യായം : 1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

മാർക്ക് : 6

1. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ
   a) മെർക്കന്റലിസ്റ്റ് നിയമങ്ങൾ
      [കപ്പൽ, (പേപ്പർ ഗ്ലാസ് - തേയില - ഇറക്കുമതി),
      (പഞ്ചസാര, പരുത്തി, കമ്പിളി, പുകയില - കയറ്റുമതി) സ്റ്റാമ്പ്, സൈന്യം]
   b) ചൂഷണം
   c) അവകാശനിഷേധം
   d) സ്വേച്ഛാധിപത്യം

2. മെർക്കന്റലിസ്റ്റ് നിയമങ്ങൾ :
   a) കപ്പൽ - കോളനിയുടെ വ്യാപാരത്തിന് ഇംഗ്ലീഷ് കപ്പലുകളോ, കോളനികളുടെ കപ്പലുകളോ ഉപയോഗിക്കണം
   b) കയറ്റുമതി - കോളനികളിൽ ഉൽപ്പാദിപ്പിക്കുന്ന പഞ്ചസാര, പരുത്തി, കമ്പിളി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
   c) സ്റ്റാമ്പ് നിയമം - കോളനി രേഖകളിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
   d) സൈന്യം -കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ താമസ സൗകര്യങ്ങൾ കോളനിക്കാർ നൽകണം.
   e) ഇറക്കുമതി - കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവക്ക് ഇറക്കുമതി ചുങ്കം നൽകണം

3. അമേരിക്കൻ വിപ്ലവം ലോകചരിത്രത്തിലുണ്ടാക്കിയ സ്വാധീനമെന്ത് / ഫലങ്ങൾ
   a) പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനം നൽകി.
   b) മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി
   c) റിപ്പബ്ലിക്കൻ ഭരണരീതി കൊണ്ടുവന്നു.
   d) ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
   e) ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

4. ഫ്രഞ്ചു വിപ്ലവം കാരണങ്ങൾ : 1789
   a) രാജാക്കന്മാരുടെ ഏകാധിപത്യ ഭരണവും ധൂർത്തും
   b) സാമൂഹിക അസമത്വം
   c) സാമ്പത്തിക അസമത്വം
   d) നികുതി ഭാരം
   e) ചിന്തകന്മാരുടെ സ്വധീനം - റൂസ്സോ, വോൾട്ടയർ, മൊണ്ടസ്ക്യൂ, ഫിലോസഫുകളും ഫിസിയോക്രാറ്റുകളും
5. ഫ്രഞ്ചുവിപ്ലവം മുദ്രാവാക്യം - സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം.

6. ഫ്രഞ്ച് സമൂഹം : 3 എസ്റ്റേറ്റ്

| ഒന്നാം എസ്റ്റേറ്റ് | രണ്ടാം എസ്റ്റേറ്റ് | മൂന്നാം എസ്റ്റേറ്റ് |
|---|---|---|
| a) പുരോഹിതന്മാർ<br>b) ഭൂമി കൈവശം വെച്ചു<br>c) നികുതി നൽകേണ്ട<br>d) കർഷകരിൽ നിന്ന് നികുതി പിരിച്ചു<br>e) ഭരണത്തിലും സൈന്യത്തിലും ഉയർന്ന പദവി വഹിച്ചു | a) പ്രഭുക്കൻമാർ<br>b) ഭൂമി കൈവശം വെച്ചു.<br>c) നികുതി നൽകേണ്ട<br>d) കർഷകരിൽ നിന്ന് നികുതി പിരിച്ചു<br>e) ആഡംബര ജീവിതം നയിച്ചു.<br>f) സൈനിക സേവനം നടത്തി | a) മധ്യവർഗ്ഗം, കർഷകർ കൈത്തൊഴിലുകാർ<br>b) ഭൂമി ഇല്ല<br>c) നികുതി നൽകണം<br>d) ഭരണത്തിൽ ഒരവകാശവുമില്ല<br>e) താഴ്ന്ന സാമൂഹിക പദവി |

7. നെപ്പോളിയന്റെ പരിഷ്ക്കാരങ്ങൾ
   1. കർഷകരെ ഭൂവുടമകളാക്കി.
   2. ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
   3. പുരോഹിതരേയും സഭയേയും നിയന്ത്രിച്ചു
   4. സിങ്കിങ് ഫണ്ട് രൂപീകരിച്ചു
   5. പുതിയ നിയമസംഹിത ഉണ്ടാക്കി
   6. റോഡുകൾ നിർമ്മിച്ചു.

8. ഫ്രഞ്ചുവിപ്ലവം മുന്നോട്ടുവെച്ച ആശയങ്ങൾ
   a) മധ്യവർഗ്ഗത്തിന്റെ ഉയർച്ച b) ഫ്യൂഡലിസത്തിന്റെ അന്ത്യം c) ദേശീയത

9. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വധീനം /ഫലങ്ങൾ
   a) ദേശീയതയുടെ ആവിർഭാവം
   b) മധ്യവർഗ്ഗത്തിന്റെ വളർച്ച
   c) സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയുയർത്തി
   d) എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു
   e) യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി
   f) ജനകീയ പരമാധികാരം എന്ന ആശയം കൊണ്ടുവന്നു

10. കോളനിവൽക്കരണം ലാറ്റിനമേരിക്കൻ ജനങ്ങളെ ബാധിച്ചതെങ്ങനെ? ലാറ്റിനമേരിക്കൻ വിപ്ലവം കാരണങ്ങൾ
   a) കോളനികളിലെ ഖനികളിൽ നിന്ന് സ്വർണ്ണം, വെള്ളി കൊള്ളയടിച്ചു.
   b) വാണിജ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.
   c) കോളനി ജനതയോട് വംശീയ വിവേചനം പുലർത്തി
   d) കോളനിക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചു.
   e) തദ്ദേശീയ സംസ്ക്കാരങ്ങൾ നശിപ്പിച്ചു.
   f) സ്പാനിഷ് ഭാഷയും, മതവും, ആചാരവും പ്രചരിപ്പിച്ചു
   g) പാശ്ചാത്യ കൃഷിരീതികളും, വിളകളും പ്രചരിപ്പിച്ചു
   h) സ്പാനിഷ് നിർമ്മാണ ശൈലി പ്രചരിപ്പിച്ചു
   i) സ്പാനിഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചു.

11. റഷ്യൻ വിപ്ലവം വിവരിക്കുക

ഫെബ്രുവരി വിപ്ലവം - 1917 മാർച്ച്

a) സർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണം
b) കർഷകരുടേയും തൊഴിലാളികളുടെയും ദുരിതജീവിതം
c) കർഷകരുടെ നികുതിഭാരം
d) കാർഷിക - വ്യവസായിക ഉൽപ്പാദന കുറവ്
e) വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായിരുന്നു
f) മാർക്സിസ്റ്റ് ആശയങ്ങളുടെ സ്വാധീനം (മാർക്സ്, ഏംഗൽസ്)
g) സാഹിത്യകാരന്മാരുടെ സ്വാധീനം
h) സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടിയുടെ രൂപീകരണം
i) മെൻഷെവിക്കുകൾ, ബോൾഷെവിക്കുകൾ
j) 1905 ൽ റഷ്യ - ജപ്പാൻ യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടു
k) സോവിയറ്റുകളുടെ രൂപീകരണം
l) ഡ്യൂമ നിയമനിർമ്മാണ സഭ രൂപീകരിക്കപ്പെട്ടു.
m) ഡ്യൂമ എതിർത്തിട്ടും റഷ്യ ഒന്നാം ലോകയുദ്ധത്തിൽ പങ്കെടുത്തു
n) തൊഴിലാളികൾ പെട്രോഗ്രാഡ് പിടിച്ചെടുത്തു
o) സർ ചക്രവർത്തി സ്ഥാനമൊഴിഞ്ഞു
p) കെറൻസ്കിയുടെ നേതൃത്വത്തിൽ താൽക്കാലിക ഗവൺമെന്റ്

ഒക്ടോബർ വിപ്ലവം - 1917 നവംബർ

a) താൽക്കാലിക ഗവൺമെന്റിനെതിരെ സോവിയറ്റുകളുടെ എതിർപ്പ്
b) സ്വിറ്റ്സർലാന്റിൽ നിന്ന് ലെനിൻ റഷ്യയിൽ തിരിച്ചെത്തി
c) അധികാരം സോവിയറ്റുകൾക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടു
d) തൊഴിലാളി വർഗ്ഗ ഭരണകൂടത്തിനായി ആവശ്യം
e) ഒന്നാം ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിൻമാറണമെന്ന് ആവശ്യപ്പെട്ടു.
f) ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യണം
g) ഫാക്ടറികൾ പൊതുസ്വത്താക്കി മാറ്റണം
h) 1917 നവംബറിൽ സായുധ കലാപം
i) കെറൻസ്കി രാജ്യം വിട്ടുപോയി
j) ലെനിൻ അധികാരത്തിലെത്തി.

12. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ

a) റഷ്യയുടെയും ലോകത്തിന്റേയും പിൽക്കാല ചരിത്രത്തെ സ്വാധീനിച്ചു
b) റഷ്യ സാമ്പത്തിക പുരോഗതി നേടി
c) ശാസ്ത്ര - സാങ്കേതിക പുരോഗതി നേടി
d) സോവിയറ്റ് യൂണിയൻ നിലവിൽ വന്നു (USSR)
e) സോഷ്യലിറ്റ് ആശയങ്ങൾ ലോകത്ത് പ്രചരിച്ചു
f) റഷ്യയിൽ ഫ്യൂഡലിസം അവസാനിച്ചു
g) ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.

13. ചൈനീസ് വിപ്ലവത്തെക്കുറിച്ച് വിവരിക്കുക

a) ചൈന ഭരിച്ചത് മഞ്ചു രാജവംശം
b) മഞ്ചു രാജവംശത്തിന്റെ വിദേശ അനുകൂല നിലപാട്

c) രഹസ്യ സംഘടനകൾ നടത്തിയ ബോക്സർ കലാപം

d) 1911ൽ ഡോ. സൻയാത് സെന്നിന്റെ നേതൃത്വത്തിൽ ചൈനയിൽ രാജവാഴ്ചക്കെതിരെ വിപ്ലവം

e) രാജവാഴ്ച അവസാനിപ്പിച്ചു

f) സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു

g) ദേശീയത, ജനാധിപത്യം, സോഷ്യലിസം - വിപ്ലവകാല ആശയങ്ങൾ

h) 1921ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു

i) സൻയാത് സെൻ ശേഷം ചിയാങ് കൈഷക് ഭരണത്തലവൻ

j) ചിയാങ് കൈഷക് വിദേശശക്തികൾക്ക് ചൈനയിൽ കൂടുതൽ അവസരം നൽകി

k) ചിയാങ് കൈഷകിന്റെ സൈനിക ഏകാധിപത്യത്തിനെതിരെ കമ്മ്യൂണിസ്റ്റ് നേതാവ് മാവോ

l) മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ലോങ് മാർച്ച് 1934

m) ഭൂമി പ്രഭുക്കളിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി

n) 1949ൽ ചുവപ്പു സേനയുടെ വിപ്ലവം

o) ചിയാങ് കൈഷക് നാടുവിട്ടു

p) 1949 ചൈന ജനകീയ റിപ്പബ്ലിക്കായി

## PART B - SS I അദ്ധ്യായം : 2 ലോകം ഇരുപതാം നൂറ്റാണ്ടിൽ

മാർക്ക് : 6

1. കോളനികളിൽ മൂലധന നിക്ഷേപത്തിന് മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ
   a) തൊഴിലാളികളുടെ കുറഞ്ഞ കൂലി    b) അസംസ്കൃത വസ്തുക്കളുടെ ലഭ്യത
   c) കോളനികളിൽ ഉൽപ്പാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്

2. സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?
   a) കോളനികളുടെ പരമ്പരാഗത സമ്പദ് വ്യവസ്ഥ തകർന്നു
   b) ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു
   c) ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു
   d) പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടു
   e) ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ
   f) തദ്ദേശീയ ഭാഷ, കല, സംസ്കാരം തകർക്കപ്പെട്ടു.

3. ഒന്നാം ലോകയുദ്ധം കാരണങ്ങൾ
   a) സാമ്രാജ്യത്വ മത്സരം
   b) തീവ്രദേശീയത
   c) മൊറോക്കൻ പ്രതിസന്ധി
   d) ബാൾക്കൺ പ്രതിസന്ധി
   e) സൈനികസഖ്യങ്ങൾ
   f) ആസ്ട്രിയൻ രാജകുമാരന്റെ വധം
   g) കോളനികളുടെ സാമ്പത്തിക തകർച്ച
   - ♦ മൊറോക്കൻ പ്രതിസന്ധി - മൊറോക്കോയുടെ പേരിൽ ജർമ്മനിയും ഫ്രാൻസും തമ്മിൽ ഉണ്ടായത്.
   - ♦ ബാൾക്കൺ പ്രതിസന്ധി - തുർക്കിയെ പങ്കിട്ടെടുക്കുന്നതിന്റെ പേരിൽ ബാൾക്കൺ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം

4. തീവ്ര ദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങൾ
   a) പാൻസ്ലാവ് പ്രസ്ഥാനം - കിഴക്കൻ യൂറോപ്പിലെ സ്ലാവ് വംശജരെ ഏകീകരിക്കാൻ റഷ്യയുടെ സഹായത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനം
   b) പാൻ ജർമ്മൻ പ്രസ്ഥാനം - ട്യൂട്ടോണിക് വർഗ്ഗക്കാരെ ഏകോപിപ്പിക്കാൻ ജർമ്മനിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനം
   c) പ്രതികാര പ്രസ്ഥാനം - ജർമ്മനി കൈവശപ്പെടുത്തിയ അൽസൈസ്, ലോറൈൻ പ്രദേശങ്ങൾ തിരിച്ചുപിടിക്കാൻ ഫ്രാൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനം

5. ത്രികക്ഷി സഖ്യം - ജർമ്മനി, ഇറ്റലി, ആസ്ട്രിയ - ഹംഗറി

6. ത്രികക്ഷി സൗഹാർദ്ദം - ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ

7. ഫാഷിസം - നാസിസം സവിശേഷതകൾ

a) ജനാധിപത്യത്തോടുള്ള വിരോധം

b) സോഷ്യലിസത്തോടുള്ള എതിർപ്പ്

c) രാഷ്ട്രം മഹത്വവൽക്കരിക്കൽ

d) യുദ്ധം മഹത്വവൽക്കരിക്കൽ

e) തീവ്രദേശീയത പ്രചരിപ്പിക്കൽ

f) ഭൂതകാലത്തെ പ്രകീർത്തിക്കൽ

g) സൈനിക സ്വേച്ഛാധിപത്യം

h) രാഷ്ട്രീയ എതിരാളികളെ ഉന്മൂലം ചെയ്യൽ

8. ഇറ്റലി - മുസ്സോളിനി - ഫാഷിസം - കരിങ്കുപ്പായക്കാർ

9. ജർമ്മനി - ഹിറ്റ്ലർ - നാസിസം - തവിട്ടു കുപ്പായക്കാർ - ഗസ്റ്റപ്പൊ

10. രണ്ടാം ലോക യുദ്ധം കാരണങ്ങൾ

a) സാമ്രാജ്യത്വ മത്സരം

b) സൈനിക സഖ്യങ്ങൾ

c) സർവ്വ രാഷ്ട്ര സഖ്യത്തിന്റെ പരാജയം

d) തീവ്ര ദേശീയത

e) ഫാഷിസം, നാസിസം എന്നിവയുടെ വളർച്ച

f) സാമ്പത്തിക തകർച്ച

g) ജർമ്മനിയുടെ പോളണ്ട് ആക്രമണം

h) ഫ്രാൻസ്, ബ്രിട്ടൻ എന്നിവരുടെ പ്രീണന നയം

i) വേഴ്സായ് ഉടമ്പടിയിലെ വ്യവസ്ഥകൾ

11. അച്ചുതണ്ടു ശക്തികൾ - ജർമ്മനി, ഇറ്റലി, ജപ്പാൻ

12. സഖ്യശക്തികൾ - ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

13. ഒന്നും രണ്ടും ലോകയുദ്ധത്തിന്റെ ഫലങ്ങൾ

| ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ | രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ |
|---|---|
| a) ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു | a) ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു |
| b) രാജ്യങ്ങളുടെ സാമ്പത്തിക നില തകർന്നു | b) രാജ്യങ്ങളുടെ സാമ്പത്തിക നില തകർന്നു |
| c) ദാരിദ്ര്യം, തൊഴിലില്ലായ്മ കൂടി | c) ദാരിദ്ര്യം, തൊഴിലില്ലായ്മ കൂടി |
| d) ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു | d) ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു |
| e) സർവ്വരാഷ്ട്ര സഖ്യം രൂപീകരിച്ചു. | e) ഐക്യരാഷ്ട്ര സംഘടന (UNO) രൂപീകരിച്ചു |
| | f) ശീത സമരം ആരംഭിച്ചു. |

14. ഐക്യരാഷ്ട്ര സംഘടനയുടെ (UNO) യുടെ ലക്ഷ്യങ്ങൾ

a) ഭാവി തലമുറയെ യുദ്ധഭീതിയിൽ നിന്നു രക്ഷിക്കുക

b) അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക

c) ലോക രാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

15. ചേരിചേരായ്മ - നേതാക്കൾ

a) നെഹ്റു - ഇന്ത്യ

b) ഗമാൽ അബ്ദുൽ നാസർ - ഈജിപ്റ്റ്

c) മാർഷൽ ടിറ്റോ - യുഗോസ്ലാവിയ

d) അഹമ്മദ് സുക്കാർണോ - ഇന്തോനേഷ്യ

16. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ

a) സോഷ്യലിസ്റ്റ് ആശയങ്ങളിൽ നിന്നുള്ള വ്യതിചലനം

b) പ്രതിരോധത്തിന് അമിത പ്രാധാന്യം നൽകിയത്

c) ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും

d) മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്ക്കാരങ്ങൾ (ഗ്ലാസ്നോസ്ത്, പെരിസ്ട്രോയിക്ക)

17. നവ സാമ്രാജ്യത്വത്തിന്റെ ആശയങ്ങൾ

a) ഉദാരവൽക്കരണം

b) സ്വകാര്യവൽക്കരണം

c) ആഗോളവൽക്കരണം

18. ആഗോളവൽക്കരണം ത്വരിതപ്പെടുത്തിയ സ്ഥാപനങ്ങൾ

a) ലോകബാങ്ക്

b) അന്താരാഷ്ട്ര നാണയനിധി (IMF)

c) ലോക വ്യാപാര സംഘടന (WTO)

## PART A - SS I അദ്ധ്യായം : 3 ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

**1. ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങൾ കയ്യടക്കിയത്.**

❋ സൈനികശക്തിയിലൂടെ ❋ നയതന്ത്രത്തിലൂടെ

**2. ബ്രിട്ടീഷ് ഭരണം ഇന്ത്യയെ ബാധിച്ചത്**

❋ കർഷകർക്ക് ദുരിതം ❋ കൃഷി തകർന്നു ❋ വ്യാപാരതകർച്ച

**3. ബ്രിട്ടീഷുകാർനടപ്പിലാക്കിയ ഭൂനികുതികൾ**

❋ ശാശ്വത ഭൂനികുതി വ്യവസ്ഥ ❋ റയട്ട്വാരി വ്യവസ്ഥ ❋ മഹൽവാരി വ്യവസ്ഥ

**4. ശാശ്വത ഭൂനികുതി വ്യവസ്ഥ (1793 ൽ കോൺവാലീസ് പ്രഭു)**

❋ നികുതിപിരിച്ചത് സെമീന്ദാർമാർ ❋ ഭൂമിയുടെ ഉടമ സെമീന്ദാർ ❋ കർഷകർ കുടിയാന്മാരായി ❋ വിളവിന്റെ 60% നികുതി ❋ വിളവ് മോശമായാലും നികുതിനൽകണം ❋ നികുതി പണമായി നൽകണം ❋ ബംഗാൾ, ബീഹാർ, ഒറീസ

**5. റയട്ട്വാരി വ്യവസ്ഥ (1820 ൽ തോമസ് മൺറോ)**

❋ ദക്ഷിണ ഇന്ത്യയിൽ ❋ നേരിട്ട് നികുതി പിരിക്കുന്നു ❋ ഭൂമിയുടെ ഉടമ കർഷകൻ ❋ അമിത നികുതി

**6. മഹൽവാരി (1833 ൽ വില്യംബെന്റിക് പ്രഭു)**

❋ നികുതിപിരിച്ചത് ഗ്രാമത്തലവൻ ❋ ഗ്രാമം ഒരു യൂണിറ്റ് ❋ അമിത നികുതി നിരക്ക് ❋ വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ

**7. ബ്രിട്ടീഷ് നികുതിനയം കർഷകരെ ബാധിച്ചത്.**

❋ അമിത നികുതി ❋ പണമായി നികുതിനൽകാൻ കൊള്ളപ്പലിശക്കാരിൽ നിന്നും കടം വാങ്ങി ❋ കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കയ്യടക്കി ❋ കർഷകർക്ക് ദുരിതം

**8. കൃഷിയുടെ വാണിജ്യവത്ക്കരണത്തിലേക്ക് നയിച്ച സാഹചര്യം**

❋ അമിതനികുതി ❋ നികുതി പണമായി നൽകണമായിരുന്നു ❋ കൂടുതൽ വില ലഭിക്കുന്ന കൃഷിയിലേക്ക് കർഷകർ മാറി ❋ ഭക്ഷ്യവിളകൾക്കുപകരം നാണ്യവിളകളിലേക്കുള്ള മാറ്റമാണ് കൃഷിയുടെ വാണിജ്യ വൽക്കരണം.

**9. നീലം കർഷകസമരം**

❋ വ്യവസായ വിപ്ലവം ❋ തുണി വ്യവസായത്തിന്റെ കുതിച്ചുചാട്ടം ❋ തുണിക്ക് നിറം നൽകാൻ നീലത്തിന്റെ ആവശ്യകത ❋ ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചു ❋ ബ്രിട്ടീഷുകാർ പണം മുൻകൂർ നൽകി നീലം കൃഷി ചെയ്യിച്ചു ❋ കൃത്രിമച്ചായങ്ങൾ ❋ നീലം വിലകുറഞ്ഞു ❋ കർഷകർ ദുരിതത്തിൽ ❋ കർഷകർ കലാപം നടത്തി ❋ വിദ്യാസമ്പന്നർ കലാപത്തെ പിന്തുണച്ചു. ❋ കർഷക പ്രശ്നം പഠിക്കാൻ കമ്മീഷൻ ❋ നീലം കൃഷി അവസാനിപ്പിക്കാൻ നിർദ്ദേശിച്ചു

**10. മലബാറിലെ കർഷക കലാപങ്ങൾ**

❋ ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണവും അടിച്ചമർത്തലും ❋ കുടിയൊഴിപ്പിക്കലുകൾ ❋ പാട്ടകുടിയാന്മാരായ മാപ്പിളമാർ ❋ ദ്രോഹനടപടികൾക്കെതിരെ കലാപം ❋ മലബാറിൽ 22 ഓളം കലാപങ്ങൾ ❋ അടിച്ചമർത്താൻ MSP എന്ന പോലീസ് സേന രൂപീകരിച്ചു.

**11. സാന്താൾ കലാപം**

❋ 1855 ൽ ❋ ബ്രിട്ടീഷ് വനനിയമം ഗോത്രജീവിതം ദുരിതമയമാക്കി ❋ വനത്തിലേക്ക് പ്രവേശനം നിഷേധിച്ചു. ❋ ബ്രിട്ടീഷുകാർ മരങ്ങൾ മുറിച്ചുകൊണ്ടുപോയി ❋ ഗോത്രജനത ശേഖരിച്ച വനവിഭവങ്ങൾക്ക് ഉയർന്ന നികുതി ചുമത്തി ❋ ഗോത്രജനത കലാപം ആരംഭിച്ചു.

**12. കുറിച്യകലാപം**

❋ വയനാട്ടിൽ ❋ 1812– ൽ ❋ അമിത നികുതിക്കെതിരെ ❋ നികുതി പണമായി അടക്കണമെന്നതിനെതിരെ ❋ കൃഷിഭൂമി പിടിച്ചെടുത്തതിനെതിരെ ❋ രാമൻനമ്പി കുറിച്യ നേതാവ് ❋ ബ്രിട്ടീഷുകാർ കലാപം അടിച്ചമർത്തി.

**13. 19–ാം നൂറ്റാണ്ടിലെ പ്രധാന കലാപങ്ങൾ**

❋ സാന്താൾ കലാപം ❋ കുറിച്യകലാപം ❋ പഹാരിയകലാപം ❋ ഭീൽ കലാപം ❋ കോൾ കലാപം ❋ മുണ്ടകലാപം ❋ ഖാസി കലാപം

**14. ഇന്ത്യൻ തുണി വ്യവസായം നാശത്തിന്റെ കാരണങ്ങൾ**

❋ യന്ത്ര നിർമിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി ❋ കുറഞ്ഞവിലക്ക് തുണി ❋ റെയിൽവെ വഴി ഗ്രാമങ്ങളിലും തുണികളെത്തി ❋ നെയ്ത്തുകാർക്ക് വിപണി നഷ്ടമായി ❋ ബ്രിട്ടൻ ചുമത്തിയ അമിത നികുതി ❋ തൊഴിലാളികൾ നെയ്ത്ത് ഉപേക്ഷിച്ചു ❋ തുണി വ്യവസായം തകർന്നു.

**15. മുർഷിദാ ബാദ്, ധാക്ക നഗരങ്ങളുടെ തകർച്ചയുടെ കാരണം**

❋ തുണി വ്യവസായത്തിന്റെ തകർച്ച ❋ ജനങ്ങൾ ഗ്രാമങ്ങളിലേക്ക് മടങ്ങി

**16. തുണി വ്യവസായത്തിന്റെ തകർച്ച കാർഷിക മേഖലയിൽ ഉല്പാദന മുരടിപ്പിനിടയാക്കിയത്.**

❋ ജനങ്ങൾ തുണി വ്യവസായ തകർച്ചയെ തുടർന്ന് ഗ്രാമങ്ങളിലേക്ക് മടങ്ങി ❋ കൃഷി ചെയ്തു ❋ കൃഷി ഭൂമി ചെറിയ തുണ്ടുകളാക്കി ❋ ഉല്പാദന മുരടിപ്പ് ഉണ്ടായി

**17. മൺപാത്ര നിർമ്മാണ വ്യവസായ തകർച്ചയുടെ കാരണം**

❋ അലൂമിനിയം പാത്രം ഇറക്കുമതി

**18. തുകൽപ്പണി വ്യവസായ തകർച്ചയുടെ കാരണം**

❋ അസംസ്കൃത വസ്തുവായ തുകൽ യൂറോപ്പിലേക്ക് കയറ്റുമതി ചെയ്തു

**19. മരപ്പണിയുടെ തകർച്ചയ്ക്കുള്ള കാരണം**

❋ ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം

**20. ആധുനിക വ്യവസായ സ്ഥാപനം തൊഴിലാളികളെ പ്രക്ഷോഭത്തിലേക്ക് നയിച്ച സാഹചര്യം.**

❋ ആദ്യം തോട്ടം വ്യവസായങ്ങൾ ❋ പിന്നീട് തുണി, ചണം, ഇരുമ്പുരുക്ക്, പേപ്പർ ❋ തൊഴിലാളികളെ ചൂഷണം ചെയ്തു ❋ കൂടിയ ജോലി സമയം ❋ കുറഞ്ഞ കൂലി ❋ അനാരോഗ്യകരമായ താമസ സൗകര്യം ❋ തൊഴിലാളികൾക്ക് ദുരിത ജീവിതം ❋ തൊഴിലാളികൾ പ്രക്ഷോഭമാരംഭിച്ചു.

**21. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം – കാരണങ്ങൾ**

❋ സൈനിക അസംതൃപ്തി ❋ സൈനികർക്ക് തുച്ഛമായ ശമ്പളം ❋ അവഹേളനം ❋ തോക്കിലെ തിര പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണെന്ന പ്രചരണം ❋ മതവികാരം വ്രണപ്പെട്ടത് ❋ അവഹേളനം ❋ ബ്രിട്ടീഷുകാരുടെ പിടിച്ചെടുക്കൽ നയം ❋ ദത്തവകാശനിരോധന നയം

**22. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം ഗുണഫലങ്ങൾ**

❋ ഹിന്ദു – മുസ്ലീം ഐക്യം ❋ രാജാക്കന്മാർ, ശിപ്പായിമാർ, സാധാരണക്കാർ എല്ലാം ഒന്നിച്ചു ❋ ഐക്യവും സഹകരണവും ❋ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന് ഭരണം ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു.

**23. ബ്രിട്ടീഷ് സാമ്പത്തിക ചൂഷണം ദേശീയതവളർത്തിയത്.**

❋ സാമ്പത്തിക ചൂഷണം ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ഉണ്ടാക്കി ❋ ജനങ്ങളിൽ ജാതി – മത – വർഗ്ഗ പ്രാദേശിക വ്യത്യാസമില്ലാതെ ഐക്യം ഉണ്ടായി ❋ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ടു. ❋ ചോർച്ച സിദ്ധാന്തം ദാദാഭായി നവറോജി അവതരിപ്പിച്ചു. ❋ ദാരിദ്ര്യവും ചൂഷണവും ബ്രിട്ടീഷുകാരുടെ സൃഷ്ടിയാണെന്ന തിരിച്ചറിവുണ്ടായി. ❋ ജനങ്ങളിൽ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ശക്തിയായി.

**24. സ്വദേശി പ്രസ്ഥാന കാലത്തെ ചെറുത്തു നിൽപ്പുകൾ**

❋ 1905 ബംഗാൾ വിഭജനം ❋ ബ്രിട്ടീഷ് ഉല്പന്നങ്ങൾ ബഹിഷ്ക്കരിച്ചു ❋ സ്വദേശി ഉല്പന്നങ്ങൾ പ്രചരിപ്പിച്ചു ❋ സ്വദേശി വ്യവസായം ശക്തിപ്പെട്ടു ❋ ബ്രിട്ടീഷ് ഉല്പന്നങ്ങളുടെ ഇറക്കുമതിയിൽ കുറവു വന്നു ❋ സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവർ സമരത്തിൽ അണിനിരന്നു.

❋ വിദേശ വസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാർ ❋ വിദേശ വസ്തുക്കൾ ഉപയോഗിച്ച് പൂജ നടത്തില്ലെന്ന് പുരോഹിതന്മാർ ❋ സ്ത്രീകൾ വിദേശ വളകളും പാത്രങ്ങളും ബഹിഷ്ക്കരിച്ചു.

❋ വിദ്യാർത്ഥികൾ സ്കൂളുകൾ ബഹിഷ്ക്കരിച്ചു. ❋ ഇന്ത്യൻ ദേശീയത ശക്തിപ്പെട്ടു.

# PART A - SS I അദ്ധ്യായം : 4 സംസ്കാരവും ദേശീയതയും

മാർക്ക് : 4

1. ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിന് സ്വാധീനം ചെലുത്തിയ ഘടകങ്ങൾ
   a) കോളനി ഭരണവും ചൂഷണവും
   b) സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ
   c) പത്രങ്ങൾ
   d) വിദ്യാഭ്യാസ സ്ഥാപനങ്ങൾ
   e) സാഹിത്യം, കല

2. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് ബ്രിട്ടീഷുകാർ ലക്ഷ്യമാക്കിയത്
   a) ബ്രിട്ടീഷ് ജീവിത രീതികളോട് താല്പര്യമുള്ള ഒരുതലമുറയെ സൃഷ്ടിക്കുക.
   b) ഭരണം ശക്തിപ്പെടുത്താൻ ഇന്ത്യൻ സംസ്ക്കാരം ആഴത്തിലറിയുക
   c) ഭരണപരിഷ്ക്കാരങ്ങൾക്ക് പിന്തുണ നേടുക.

3. സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങൾ
   a) സ്വതന്ത്ര ചിന്ത b) യുക്തി ചിന്ത c) ആധുനികവൽക്കരണ താല്പര്യം

4. സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ
   a) ഇന്ത്യൻ സമൂഹത്തിലെ അനാചാരങ്ങൾ എതിർക്കുക.
   b) വിവേചനമില്ലാതെ വഴി നടക്കാനും,
   c) മാന്യമായി വസ്ത്രം ധരിക്കാനും,
   d) വിദ്യാഭ്യാസത്തിനും അവകാശങ്ങൾ നേടിയെടുക്കുക.

5. സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ
   a) ജാതി നിർമ്മാർജ്ജനം b) എല്ലാവർക്കും വിദ്യാഭ്യാസം നൽകുക
   c) വിധവാ പുനർവിവാഹം നടപ്പിലാക്കുക d) ശൈശവ വിവാഹം അവസാനിപ്പിക്കുക

6. സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനത്താൽ ബ്രിട്ടീഷുകാർ കൈകൊണ്ട നടപടികൾ

| | | | |
|---|---|---|---|
| a) | സതി നിരോധിച്ചു | b) | പെൺശിശുഹത്യ നിരോധിച്ചു |
| c) | അടിമത്വം നിരോധിച്ചു | d) | ശൈശവ വിവാഹം നിരോധിച്ചു |
| e) | ബഹുഭാര്യത്വം നിരോധിച്ചു | f) | വിധവാ പുനർവിവാഹം നടപ്പിലാക്കി |
| g) | 12 വയസിന് താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്ക് ഏർപ്പെടുത്തി. | | |

7. ദേശീയ സമരകാലത്തെ പത്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ
   a) ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
   b) ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഏവരേയും പങ്കാളികളാക്കുക.
   c) ഇന്ത്യയിലുണ്ടാകുന്ന പ്രശ്നങ്ങൾ ഇന്ത്യാക്കാരുടെ മൊത്തം പ്രശ്നമായി കാണാൻ പ്രേരിപ്പിക്കുക.

8. സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ - സ്ഥാപകർ - ആശയങ്ങൾ

ഉത്തരസൂചിക:-

| പ്രസ്ഥാനം | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| 1. ആര്യ സമാജം | സ്വാമിദയാനന്ദസരസ്വതി | വിഗ്രഹാരാധന, ശൈശവ വിവാഹം എന്നിവയെ എതിർത്തു. |
| 2. രാമകൃഷ്ണമിഷൻ | സ്വാമി വിവേകാനന്ദൻ | • ജാതി വ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു.<br>• സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്ര ചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു. |
| 3. അലിഗഡ് പ്രസ്ഥാനം | സർ സയ്യിദ് അഹമ്മദ് ഖാൻ | ഇന്ത്യയിലെ മുസ്ലീങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസ പരവുമായ പുരോഗതിക്കായി പ്രവർത്തിച്ചു. |
| 4. പ്രാർത്ഥന സമാജം<br><br>നിലകൊണ്ടു. | ആത്മാറാം പാണ്ഡുരംഗ് | മിശ്രഭോജനം, മിശ്രവിവാഹം, വിധവാ പുനർ വിവാഹം, സ്ത്രീകളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും പുരോഗതി എന്നിവയ്ക്കായി |
| 5. തിയോസഫിക്കൽ സൊസൈറ്റി | ആനി ബസന്റ് | ഹിന്ദുമതത്തിന്റെ പുനരുദ്ധാരണം |
| 6. ഹിതകാരിണി സമാജം | വീരേശലിംഗം | വിധവാ പുനർവിവാഹം സ്ത്രീകളുടെ വിദ്യാഭ്യാസം |
| 7. സത്യശോധക്സമാജം | ഇ.വി.രാമസ്വാമി നായ്ക്കർ | ബ്രാഹ്മണ മേധാവിത്വം, താജി വ്യവസ്ഥ എന്നിവ എതിർത്തു. |
| 8. ശ്രീനാരായണ ധർമ്മ പരിപാലനയോഗം | ശ്രീനാരായണ ഗുരു | ജാതി വ്യവസ്ഥയേയും ദുരാചരങ്ങളേയും എതിർത്തു. പിന്നാക്ക ജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസ പരവുമായ പുരോഗതിക്കായി നിലകൊണ്ടു. |

9. വർത്തമാന പത്രങ്ങൾ ഇന്ത്യൻ ജനതയെ ബോധവാന്മാരാക്കിയത് എങ്ങനെയെല്ലാം

a) ബ്രിട്ടീഷ് ഭരണ ചൂഷണം ജനങ്ങളെ ബോധ്യപ്പെടുത്തി.

b) പ്ലേഗ്, ക്ഷാമം എന്നിവയുടെ ദുരിതങ്ങൾ എല്ലായിടത്തും എത്തിച്ചു.

c) ഇന്ത്യൻ സമൂഹത്തിൽ നടക്കുന്ന പരിഷ്ക്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

d) ബ്രിട്ടീഷ് അടിച്ചമർത്തലും കൂട്ടക്കൊലയും മർദ്ദകഭരണവും ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങളെ അറിയിച്ചു.

e) ലോകത്തു നടക്കുന്ന സ്വാതന്ത്ര്യ - ജനാധിപത്യ - സമത്വപോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി.

10. പത്രങ്ങൾ - നേതാക്കൾ

a) അമൃതബസാർ പത്രിക - ശിശിർകുമാർ ഘോഷ്, മോത്തിലാൽ ഘോഷ്

b) സംബാദ് കൗമുദി, മിറാത് - ഉൽ - അക്ബർ - രാജാ റാം മോഹൻ റോയ്

c) യങ് ഇന്ത്യ, ഹരിജൻ - ഗാന്ധിജി

d) കേസരി, മറാത്ത - ബാലഗംഗാധര തിലകൻ

e) ബംഗാളി - സുരേന്ദ്രനാഥ് ബാനർജി

f) നേഷൻ - ഗോഖലെ

11. ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്ക്

a) ഇന്ത്യാക്കാരിൽ ദേശീയമായ കാഴ്ചപ്പാട് വളർത്തി

b) ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു

c) മതേതര വിദ്യാഭ്യാസം എല്ലാ വിഭാഗക്കാർക്കും ലഭ്യമായി

d) ബ്രിട്ടീഷ് മേധാവിത്വത്തെ എതിർത്തു

e) അസമത്വങ്ങളെ ഒറ്റക്കെട്ടായി എതിർത്തു.

12. വിദ്യാഭ്യാസം

| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | ദേശീയ വിദ്യാഭ്യാസം മുന്നോട്ടുവെച്ച ആശയങ്ങൾ | വർഷം | സ്ഥലം | സ്ഥാപകർ |
|---|---|---|---|---|
| ഡക്കാൻഎഡ്യൂക്കേഷൻ സൊസൈറ്റി | ദേശീയത | 1884 | പൂനെ | ജി.ജി. അഗാർക്കർ<br>തിലകൻ<br>എം.ജി.റാനഡെ |
| വനിത സർവ്വകലാശാല | സ്ത്രീ വിദ്യാഭ്യാസം | 1916 | മഹാരാഷ്ട്ര | ഡി.കെ.കാർവെ |
| വിശ്വഭാരതി സർവ്വകലാശാല | അന്തർദേശീയ സാഹോദര്യം | | ബംഗാൾ | ടാഗോർ |
| ജാമിഅ മില്ലിയ ഇസ്ലാമിയ | മതേതര വിദ്യാഭ്യാസം | | അലിഗഢ് | മൗലാന ഷൗക്കത്തലി,<br>മുഹമ്മദലി<br>ഡോ. സക്കീർ ഹുസൈൻ<br>എം.എ. അൻസാരി |
| കേരള കലാമണ്ഡലം | പാരമ്പര്യ കലാരൂപങ്ങളെ സംരക്ഷിക്കുക, ഉദ്ദേശിക്കുക | | തൃശൂർ | വള്ളത്തോൾ |
| വാർധാ വിദ്യാഭ്യാസ പദ്ധതി | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | 1937 | ഗുജറാത്ത് | ഗാന്ധിജി |



For more Study materials Visit BIO-VISION BLOG or Install BIO-VISION SCHOOL APP from Play Store

13. വാർധാ വിദ്യാഭ്യാസ പദ്ധതി

- 1937ൽ ഗാന്ധിജി മുന്നോട്ടുവെച്ച പദ്ധതി
- ലക്ഷ്യം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
- വിദ്യാർത്ഥി ആയിരിക്കുമ്പോൾ തൊഴിലുകൾ പഠിച്ചാൽ ജീവിതത്തിന് ഗുണകരമാകും.
- ഇത്തരത്തിൽ വളരുന്ന ഒരുതലമുറയിലൂടെ ബ്രിട്ടീഷുകാരെ പ്രതിരോധിക്കാം.

14. സാഹിത്യം ദേശീയത വളർത്തിയത് എങ്ങനെ ?

- കഥ, കവിത, നാടകം, നോവൽ എന്നിവയിലൂടെ
  ഇന്ത്യൻ സമൂഹത്തിന്റെ ജീർണ്ണതകൾ
  ദുരിതങ്ങൾ
  ബ്രിട്ടീഷ് ചൂഷണം എന്നിവ അവതരിപ്പിച്ചു.
- ജനങ്ങളിൽ ചൂഷണ വിരുദ്ധ മനോഭാവം വളർത്തി
- രാജ്യസ്നേഹം വളർത്തി
- സാമൂഹിക അന്തരം കുറച്ചു.

15. ദേശീയത വളർത്തിയ സാഹിത്യകൃതികൾ

a) ആനന്ദമഠം - നോവൽ - ബങ്കിംചന്ദ്ര ചാറ്റർജി
   ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം പ്രമേയം

b) നീൽദർപ്പൺ - നാടകം - ദിനബന്ധുമിത്ര - നീലം കർഷകരുടെ ചൂഷണം

c) സാരേ ജഹാം സെ അച്ഛാ - കവിത - മുഹമ്മദ് ഇഖ്ബാൽ
   ഇന്ത്യയുടെ പ്രകൃതി ഭംഗിയും, ജനങ്ങളുടെ ഐക്യവും പാടിപ്പുകഴ്ത്തി

d) ഗീതാഞ്ജലി - കവിത - ടാഗോർ

e) എന്റെ ഗുരുനാഥൻ - ബാപ്പുജി - വള്ളത്തോൾ

f) കണ്ണൻ പാട്ട്, കുയിൽ പാട്ട്, പാഞ്ചാലിശപഥം, കിളിപാട്ട് - സുബ്രഹ്മണ്യഭാരതി

16. ദേശീയത വളർത്തിയ കല - പെയിന്റിംഗുകൾ

a) ഭാരതമാത - അബനീന്ദ്ര നാഥ ടാഗോർ
   ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആട്സ് സ്ഥാപിച്ചു.

b) ശകുന്തളയും തോഴിമാരും - രാജാ രവിവർമ്മ
   ഇന്ത്യൻ പുരാണ സാഹിത്യ കൃതികളിലെ സന്ദർഭങ്ങൾ ചിത്രീകരിച്ചു.

c) സതി, ഗ്രാമീണ ചെണ്ടക്കാരൻ - നന്ദലാൽ ബോസ്
   ഇന്ത്യയിലെ ദുരാചാരങ്ങൾക്കെതിരായ മനോഭാവം വളർത്തി

d) ഗ്രാമീണ ജീവിതം - അമൃതാഷേർഗിൽ - ഗ്രാമങ്ങളിലെ ജീവിത ദുരിതങ്ങൾ ചിത്രീകരിച്ചു.

17. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സാഹിത്യകാരന്മാർ വഹിച്ച പങ്ക്

| കൃതികൾ | എഴുത്തുകൾ | ഭാഷ |
|---|---|---|
| ഗോര<br>ഗീതാഞ്ജലി | രവീന്ദ്രനാഥ ടാഗോർ | ബംഗാളി |
| സേവാസദൻ<br>പ്രേമാശ്രമം<br>രംഗഭൂമി<br>ഗോദാൻ | പ്രേംചന്ദ് | ഹിന്ദി |
| പാഞ്ചാലി ശപഥം<br>കളിപ്പാട്ട്<br>കണ്ണൻപാട്ട്<br>കുയിൽപാട്ട് | സുബ്രഹ്മണ്യഭാരതി | തമിഴ് |
| ഹയാത്ത് - ഇ - സാദി<br>ഹയാത്ത് - ഇ - ജവീദ് | അൽത്താഫ് ഹുസൈൻ ഹാലി | ഉറുദു |
| നിബന്ധമാല | വിഷ്ണു കൃഷ്ണ ചിപ്ളുങ്കർ | മറാത്തി |
| എന്റെ ഗുരുനാഥൻ<br>ബാപ്പുജി<br>ഇന്ത്യയുടെ കരച്ചിൽ | വള്ളത്തോൾ നാരായണമേനോൻ | മലയാളം |

# PART A - SS I അദ്ധ്യായം : 5 സമരവും സ്വാതന്ത്ര്യവും

1 ഗാന്ധിജി ഇന്ത്യക്കാരുടെ വിശ്വാസവും അംഗീകാരവും നേടിയതെങ്ങനെ?

- സാധാരണക്കാരുടെ വസ്ത്രം, ഭക്ഷണം, ഭാഷ
- ജനകീയ പ്രശ്നങ്ങളിലെ ഇടപെടൽ
- ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങളിൽ ഇടപെട്ടു.
- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ

2 **ഗാന്ധിജിയുടെ പ്രാദേശിക സമരങ്ങൾ (ആദ്യകാല സമരങ്ങൾ)**

• ചാമ്പരൻ • 1917 • ബീഹാർ • നീലം കർഷകരുടെ പ്രശ്നം

• സഹന സമരം • അഹമ്മദാബാദ് • 1918 • ഗുജറാത്ത് • പ്ലേഗ് ബോണസ്

• ഖേഡ • 1918 • ഗുജറാത്ത് • അന്യായ നികുതി പിരിവ് • നികുതി നിഷേധം • സത്യാഗ്രഹം
• നികുതി ഇളവ് • വരൾച്ച • കൃഷി നാശം

3 **ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ**

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങൾക്കും പ്രചാരം ലഭിച്ചു.
- വിദ്യാസമ്പന്നർക്കൊപ്പം സാധാരണക്കാരും ദേശീയ പ്രസ്ഥാനത്തിലേക്ക്
- ദേശീയ പ്രസ്ഥാനത്തിന് ഗ്രാമങ്ങളിലും പ്രചാരം
- ഗാന്ധിജി ദേശീയ നേതാവായി.

4 **റൗലറ്റ് നിയമം – 1919**

- സർ സിഡ്നി റൗലറ്റ് ഇന്ത്യയിലെ ഭീകര പ്രവർത്തനം തടയാൻ കൊണ്ടുവന്നു.
- ഗാന്ധിജിയുടെ നേതൃത്വത്തിൽ പ്രതിഷേധ സമരങ്ങൾ

5 **ജാലിയൻ വാലാബാഗ് കൂട്ടക്കൊല**

- റൗലറ്റ് നിയമത്തിനെതിരെ പ്രതിഷേധിക്കാൻ
- 1919 ഏപ്രിൽ 13
- പഞ്ചാബിലെ അമൃത്സറിലെ ജാലിയൻ വാലാബാറിൽ
- ജനറൽ ഡയറിന്റെ ഉത്തരവ് പ്രകാരം വെടിവെപ്പ്
- 379ൽപ്പരം പേർ മരിച്ചു.
- ദേശീയ സമരം ശക്തമായി.

6 **ഗാന്ധിജിയുടെ ദേശീയ സമരങ്ങൾ**

A നിസ്സഹകരണ സമരം – ബഹിഷ്കരണ സമരം

- കോടതി ബഹിഷ്കരിച്ചു
- വിദ്യാർത്ഥികൾ ഇംഗ്ലീഷ് സ്കൂൾ ബഹിഷ്കരിച്ചു
- വിദേശ വസ്തു ബഹീഷ്കരിച്ചു
- നികുതി നൽകാതിരിക്കൽ
- തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിച്ചു
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകി
- ചൗരീചൗരാ സംഭവം – നിസ്സഹകരണ സമരം നിർത്തി വെച്ചു.
- ഖിലാഫത്ത് സമരം – ഹിന്ദു മുസ്ലിം ഐക്യം മൗലനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി

B സിവിൽ നിയമ ലംഘനം - ഉപ്പു സത്യാഗ്രഹം

- 1930
- ദണ്ഡിയാത്ര
- ഉപ്പു നികുതി, ബ്രിട്ടീഷ് നികുതി വരുമാനത്തിന്റെ 2/5 ഭാഗം
- ദരിദ്രർക്ക് വലിയ ഭാരം
- ഉപ്പുവില 3 മടങ്ങു കൂടി
- തദ്ദേശീയർ ഉപ്പുണ്ടാക്കുന്നത് നിരോധിച്ചു
- ധാരാസന ഉപ്പു സമരം സരോജിനി നായിഡുവിന് മർദ്ദനം
- ഗാന്ധിജിയെ അറസ്റ്റു ചെയ്തു
- കേരളത്തിൽ പയ്യന്നൂർ, കോഴിക്കോട് ഉപ്പുസത്യാഗ്രഹം

C **ക്വിറ്റ് ഇന്ത്യാ സമരം 1942**

എല്ലാ അധികാരങ്ങളും ഇന്ത്യക്കു തിരികെ നൽകി ബ്രിട്ടൻ ഇന്ത്യ വിടുക

❖ **പ്രഖ്യാപിക്കാൻ കാരണങ്ങൾ**

ഭരണഘടന പരിഷ്ക്കാരങ്ങൾക്കു വേണ്ടിയുള്ള ആവശ്യം

വിലക്കയറ്റവും ക്ഷാമവും

രണ്ടാം ലോക മഹായുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

7 **വേറിട്ട വഴികൾ (വിപ്ലവ പ്രസ്ഥാനങ്ങൾ) രൂപംകൊള്ളാൻ കാരണം**

- ഗാന്ധിയൻ സമര രീതികളോടുള്ള എതിർപ്പ്
- നിസ്സഹകരണ സമരം പിൻവലിച്ചത്.
- സ്വരാജ് പാർട്ടി - 1923 - സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു നിയമസഭകൾ ബഹിഷ്കരിക്കാതെ പോരാട്ട വേദിയാക്കുക
- റിപ്പബ്ലിക്കൻ ആർമി - 1928 - ഭഗത്സിങ്, സുഖ്ദേവ്, രാജ്ഗുരു, ചന്ദ്രശേഖർ ആസാദ് - സായുധ വിപ്ലവ പാത
- അഭിനവ് ഭാരത് സൊസൈറ്റി - വി.ഡി. സവർക്കർ
- അനുശീലൻ സമിതി - ബരീന്ദ്രൻ കുമാർ ഘോഷ്, പുലിൻ ബിഹാരി ദാസ്
- ഗദർ പാർട്ടി - ലാല ഹർ ദയാൽ

❖ ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി - സൂര്യസെൻ

❖ സുഭാഷ് ചന്ദ്രബോസും ഐ.എൻ.എ.യും - ക്യാപ്റ്റൻ ലക്ഷ്മി, ത്ധാൻസി റാണി റജിമെന്റ്

- ഗാന്ധിയൻ സമര രീതികളോട് എതിർപ്പ്
- കോൺഗ്രസ് വിട്ടു
- ഫോർവേഡ് ബ്ലോക്ക് - ഇന്ത്യൻ നാഷണൽ ആർമി - സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ചു
- ജപ്പാന്റെ സഹായത്തോടെ ബ്രിട്ടനെ തോൽപ്പിക്കുക
- കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി - 1934, ബോംബെയിൽ രൂപീകരിച്ചു, റഷ്യൻ വിപ്ലവത്തിൽനിന്ന് പ്രചോദനം, സോഷ്യലിസ്റ്റ് ആശയങ്ങൾ, ജയപ്രകാശ് നാരായണൻ, അരുണ ആസഫലി നേതാക്കൾ

8. **തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ**

തൊഴിലാളി പ്രസ്ഥാനങ്ങൾ - അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് AITUC- 1920

എൻ.എം. ജോഷി, ലാലാ ലജ്പത് റായ്

ലക്ഷ്യങ്ങൾ

a) തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

b) ഇന്ത്യൻ തൊഴിലാളി വർഗ്ഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളി വർഗ്ഗവുമായി ചേർന്നു പ്രവർത്തിക്കുക.

c) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്കുവഹിക്കുക.

- അഖിലേന്ത്യാ കിസാൻ കോൺഗ്രസ്സ് - കർഷക സംഘടന - എൻ.ജി. രംഗ

❖ **പ്രധാന സമരങ്ങൾ** - തേഭാഗ, തെലങ്കാന, നാവിക കലാപം

❖ **സ്വാതന്ത്ര്യത്തിലേക്ക്**

9. **ബ്രിട്ടൺ സ്വാതന്ത്ര്യം നൽകാൻ പ്രേരിപ്പിച്ച ഘടകങ്ങൾ**

- രണ്ടാം ലോക യുദ്ധാന്തരം ബ്രിട്ടനുണ്ടായ സാമ്പത്തിക തകർച്ച
- ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും കോളനി വാഴ്ചക്കാർക്കെതിരെ നിലപാടെടുത്തു.
- ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ബ്രിട്ടനിലെ ഭരണമാറ്റം.

10. **മൗണ്ട് ബാറ്റൺ പദ്ധതി**

- മുസ്ലീം ഭൂരിപക്ഷ പ്രദേശത്ത് പ്രത്യേക രാഷ്ട്രം
- പഞ്ചാബും, ബാംഗാളും വിഭജിക്കുക
- വടക്കു പടിഞ്ഞാറൻ പ്രദേശങ്ങൾക്കായി ഹിത പരിശോധന
- ഹിന്ദു - മുസ്ലിം പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കാൻ അതിർത്തി നിർണ്ണയ കമ്മീഷൻ

❖ **ഇന്ത്യൻ സ്വാതന്ത്ര്യ നിയമം**

- ഇന്ത്യ - പാക്കിസ്ഥാൻ - എന്നിങ്ങനെ സ്വാതന്ത്ര്യരാജ്യങ്ങൾ

11. കർഷക പ്രസ്ഥാനങ്ങൾ - രൂപീകരണ കാരണങ്ങൾ

ബ്രിട്ടീഷ് നികുതി നയങ്ങൾ, സെമീന്ദാർമാരുടെ ചൂഷണം, കാർഷിക ഉൽപ്പന്ന വിലയിടിവ്, അഖിലേന്ത്യാ കിസാൻ സഭ - എൻ.ജി.രംഗ

12. കിസാൻ മാനിഫെസ്റ്റോയിലെ ആവശ്യങ്ങൾ

a) ഭൂ നികുതിയും പാട്ടവും 50% കുറയ്ക്കുക

b) കടങ്ങൾ മരവിപ്പിക്കുക

c) ഫ്യൂഡൽ നികുതികൾ റദ്ദാക്കുക.

d) കർഷക യൂണിയനുകളെ അംഗീകരിക്കുക

e) മിനിമം വേതനം തൊഴിലാളിക്ക് ഉറപ്പാക്കുക

13. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ

a) നാട്ടു രാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം

b) കർഷകർ ഭൂ നികുതി നൽകരുത്

c) സർക്കാർ ജീവനക്കാർ രാജി വെക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.

d) പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവെക്കാൻ വിസ്സമ്മതിക്കണം.

e) കഴിയുമെങ്കിൽ സ്വാതന്ത്ര്യപ്രാപ്തിവരെ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

## PART B - SS I അദ്ധ്യായം : 6 സ്വാതന്ത്ര്യാനന്തര ഇന്ത്യ

മാർക്ക് : 6

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികൾ
   a) ഇന്ത്യാ വിഭജനം - ഇന്ത്യ, പാക്കിസ്ഥാൻ
   b) അഭയാർത്ഥി പ്രവാഹം - ഭക്ഷണം, പാർപ്പിട പ്രശ്നം
   c) വർഗ്ഗീയ ലഹളകൾ - (ഹിന്ദു - മുസ്ലീം)
   d) ഗാന്ധിജിയുടെ വധം - 1948 ജനുവരി 30
   e) നാട്ടുരാജ്യങ്ങളുടെ സംയോജനം - പട്ടേൽ, വി.പി. മേനോൻ
   f) ഭരണഘടനാ രൂപീകരണം
   g) സംസ്ഥാന രൂപീകരണം

2. ലയനക്കരാറിൽ ഒപ്പുവെയ്ക്കാൻ വിസ്സമ്മതിച്ച നാട്ടുരാജ്യങ്ങൾ
   ജൂനാഗഢ്, കാശ്മീർ, ഹൈദരാബാദ്

3. ബ്രിട്ടീഷുകാർക്കു ശേഷവും ഇന്ത്യയിൽ തുടർന്ന യൂറോപ്യൻമാർ
   a) ഫ്രാൻസ് - പോണ്ടിച്ചേരി, കാരയ്ക്കൽ, യാനം, മാഹി
   b) പോർച്ചുഗൽ - ഗോവ, ദാമൻ, ദിയു

4. ഇന്ത്യൻ ഭരണഘടനാ രൂപീകരണം
   a) 1946ൽ ഭരണഘടന നിർമ്മാണ സഭ രൂപീകരിച്ചു.
   b) ഡോ. രാജേന്ദ്രപ്രസാദ് അദ്ധ്യക്ഷൻ
   c) ഭരണഘടന എഴുതി തയ്യാറാക്കാനായി ബി.ആർ. അംബേദ്ക്കർ ചെയർമാനായി ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ നിയമിച്ചു.
   d) 1949 നവംബർ 26ന് ഇന്ത്യൻ ഭരണഘടന പാസാക്കി
   e) 1950 ജനുവരി 26ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു
   f) ഇന്ത്യ റിപ്പബ്ലിക്കായി

5. ഭാഷാ സംസ്ഥാന പുനഃസംഘടന
   a) തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാ സംസ്ഥാനം എന്ന ആവശ്യം
   b) പോട്ടി ശ്രീ. രാമലു നിരാഹാര സമരം നടത്തി മരണമടഞ്ഞു
   c) 1953ൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിച്ചു.
   d) സംസ്ഥാന പുനസംഘടന കമ്മീഷനെ നിയമിച്ചു
   e) ഫസൽ അലി, എച്ച്.എൻ. കുൻസ്രു, കെ.എം. പണിക്കർ അംഗങ്ങൾ
   f) 1956ൽ ഇന്ത്യ സംസ്ഥാന പുനസംഘടനാ നിയമം പാസാക്കി
   g) 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

6. സ്വാതന്ത്ര്യാനന്തര ഇന്ത്യ - സാമ്പത്തിക മുന്നേറ്റങ്ങൾ
   a) ഇന്ത്യ മിശ്ര സമ്പദ് വ്യവസ്ഥ സ്വീകരിച്ചു
   (മുതലാളിത്വ - സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥകളുടെ സമന്വയം)
   b) കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണം നെഹ്റു കൊണ്ടുവന്നു
   c) 1950ൽ നെഹ്റു അദ്ധ്യക്ഷനായി ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു
   d) 1951ൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചു
   e) ഇരുമ്പുരുക്കുശാലകൾ ആരംഭിച്ചു

f) പഞ്ചവത്സര പദ്ധതികളിലൂടെ കാർഷിക - വ്യവസായിക വളർച്ച
g) ദാരിദ്ര്യ നിർമ്മാർജ്ജനം
h) ഊർജ്ജോൽപ്പാദനം
i) വിദ്യാഭ്യാസ പുരോഗതി
j) ജലസേചന - വൈദ്യുതോർജ്ജ സൗകര്യത്തിനായി വൻകിട അണക്കെട്ടുകൾ നിർമ്മിച്ചു.

7. ശാസ്ത്ര - സാങ്കേതിക നേട്ടങ്ങൾ
a) ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു
b) ശാസ്ത്ര - വ്യാവസായിക ഗവേഷണ സമിതി
c) ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
d) ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി ആരംഭിച്ചു
e) ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
f) ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ
g) ഹോമി ജെ ഭാഭ
h) എൻഞ്ചിനീയറിംഗ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു
i) 5 ഐ.ഐ.ടി. സ്ഥാപിച്ചു
j) മെഡിക്കൽ വിദ്യാഭ്യാസം
k) ബയോമെഡിക്കൽ എഞ്ചിനീയറിംഗ്
l) ജനിതക ശാസ്ത്രം, ജൈവ സാങ്കേതിക വിദ്യ
m) ആരോഗ്യം, ഗതാഗതം
n) സമുദ്ര ഗവേഷണം
o) ഐ.ടി
p) ആണവോർജ്ജം

8. ഇന്ത്യയും ബഹിരാകാശ ഗവേഷണവും
a) 1962ൽ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകരിച്ചു.
b) നെഹ്റു, വിക്രം സാരാഭായി എന്നിവരുടെ നേതൃത്വം
c) 1969ൽ ഐ.എസ്.ആർ.ഒ. രൂപീകരിച്ചു.
d) തുമ്പയിൽ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം
e) 1975ൽ ഇന്ത്യ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു
f) ബഹിരാകാശ വിക്ഷേപണ വാഹനങ്ങൾ വികസിപ്പിച്ചെടുത്തു
g) ഉപഗ്രഹങ്ങൾ വികസിപ്പിക്കാൻ എൻ.ആർ.എസ്.എ.
h) ഫിസിക്കൽ റിസർച്ച് ലാബോറട്ടറി
i) വി.എസ്.എസ്.സി.
j) മിസൈൽ സാങ്കേതിക വിദ്യ
k) അഗ്നി, പൃഥ്വി മിസൈലുകൾ
l) ഡോ. എ.പി.ജെ. അബ്ദുൾ കലാം, ഡോ. രാജാ രാമണ്ണ
m) 2008ൽ ചന്ദ്രയാൻ ദൗത്യം
n) 2013ൽ മംഗൾയാൻ വിക്ഷേപണം

9. വിദ്യാഭ്യാസ പുരോഗതി

a) തദ്ദേശീയ വിദ്യാഭ്യാസ നയം

b) വിദ്യാഭ്യാസ കമ്മീഷനുകൾ

c) ഡോ. രാധാകൃഷ്ണൻ കമ്മീഷൻ - 1948 - കോളേജ് വിദ്യാഭ്യാസം, യു.ജി.സി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

d) ഡോ. ലക്ഷ്ണസ്വാമി - മുതലിയാർ കമ്മീഷൻ - 1952 സെക്കണ്ടറി വിദ്യാഭ്യാസം, ത്രിഭാഷ പദ്ധതി, അദ്ധ്യാപക പരിശീലന സമിതി രൂപീകരണം

e) ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ 1946 - ദേശീയ വിദ്യാഭ്യാസ മാതൃക - 10+ 2+ 3 മാതൃക

f) 1986ൽ ദേശീയ വിദ്യാഭ്യാസ നയം

g) വിദ്യാഭ്യാസ പദ്ധതികൾ OBB, MLL, DPEP, SSA, RMSA, RUSA

h) 2009ൽ വിദ്യാഭ്യാസ അവകാശ നിയമം

10. 1986ലെ ദേശീയ വിദ്യാഭ്യാസ നയം - പ്രധാന നിർദ്ദേശങ്ങൾ

a) പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.

b) പ്രൈമറി തല വിദ്യാഭ്യാസം സാർവത്രികമാക്കാനും, സ്കൂൾ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ബോർഡ് പദ്ധതി നടപ്പാക്കണം

c) ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം

d) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

11. സാംസ്ക്കാരിക നേട്ടങ്ങൾ

| സ്ഥാപനം | പ്രവർത്തനം | ആസ്ഥാനം |
|---|---|---|
| സംഗീത നാടക അക്കാദമി<br>ലളിതകലാ അക്കാദമി<br>സാഹിത്യ അക്കാദമി<br>നാഷ്ണൽ സ്കൂൾ ഓഫ് ഡ്രാമ<br>നാഷ്ണൽ ബുക് ട്രസ്റ്റ് ഓഫ് ഇന്ത്യ | സംഗീത - നാടക പ്രോത്സാഹനം<br>ഇന്ത്യൻ കലകളുടെ പ്രചരണം<br>ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം<br>നാടക പ്രോത്സാഹനം<br>കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വായന വളർത്തുക<br>ഇന്ത്യൻ പുസ്തകങ്ങളുടെ പ്രോത്സാഹനം | ന്യൂഡൽഹി |

12. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ

a) സാമ്രാജ്യത്വത്തോടുള്ള എതിർപ്പ്

b) കോളനി വ്യവസ്ഥയോടുള്ള എതിർപ്പ്

c) വംശീയവാദത്തോടുള്ള വിദ്വേഷം

d) യു.എൻ.ഒ.യിലുള്ള വിശ്വാസം

e) പഞ്ചശീലതത്വങ്ങൾ

f) ചേരിചേരായ്മ

g) സമാധാനപരമായ സഹവർത്തിത്വം

h) വിദേശ സഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ

13. പഞ്ചശീലതത്വങ്ങൾ

1954ൽ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാർ - നെഹ്റുവും ചൗ എൻ ലായിയും ഒപ്പുവെച്ചു

1. പരസ്പരം ആക്രമിക്കാതിരിക്കുക
2. ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
3. സമത്വവും പരസ്പര സഹായവും പുലർത്തുക
4. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക
5. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.

14. നാട്ടുരാജ്യ സംയോജനം

- 600 ഓളം നാട്ടുരാജ്യങ്ങൾ
- ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാനുള്ള സ്വാതന്ത്ര്യം
- സർദാർ വല്ലഭായ് പട്ടേൽ
- സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്
- വി.പി. മേനോൻ സെക്രട്ടറി
- ലയനക്കരാർ
- പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം, കേന്ദ്രസർക്കാരിന്
- ജനകീയ പ്രതിഷേധം
- ഗവ. ഇടപെടൽ
- ഭൂരിഭാഗവും ലയനകരാർ ഒപ്പിട്ടു
- കാശ്മീർ, ജുനഗഡ്, ഹൈദരാബാദ് ചേർന്നില്ല
- സൈനിക നടപടി, അനുരഞ്ജനം
- നാട്ടുരാജ്യങ്ങൾ ഇന്ത്യയിൽ ചേർന്നു
- പോണ്ടിച്ചേരി - ഫ്രഞ്ച് കോളനി - ജനകീയ പ്രക്ഷോഭം ഇന്ത്യയിൽ ചേർക്കപ്പെട്ടു
- ഗോവ - പോർച്ചുഗൽ വശം - ജനകീയ പ്രക്ഷോഭം ഇന്ത്യയിൽ ചേർക്കപ്പെട്ടു.

# PART B - SS I അദ്ധ്യായം : 7 കേരളം ആധുനികതയിലേക്ക്

മാർക്ക് : 6

1. കേരളത്തിലേക്കുള്ള യൂറോപ്യൻമാരുടെ ആഗമനം മുതൽ ആധിപത്യം ഉറപ്പിക്കുന്നതുവരെയുള്ള പ്രധാനസംഭവങ്ങൾ വിവരിക്കുക.

- പ്രധാന ലക്ഷ്യം :- വ്യാപാരം

↓

- കേരളത്തിലെ ആദ്യകാല വ്യാപാരികൾ അറബികൾ, ചൈനക്കാർ

↓

- 1498 വാസ്ഗോഡഗാമ കോഴിക്കോട് കാപ്പാട് കപ്പലിറങ്ങി

↓

- പോർച്ചുഗീസുകാർ സാമൂതിരിയോട് അറബി കച്ചവടക്കാരെ പുറത്താക്കാൻ ആവശ്യപ്പെടുന്നു

↓

- സാമൂതിരിയുമായുള്ള ഏറ്റുമുട്ടലിൽ പോർച്ചുഗീസുകാർ വിജയിക്കുന്നു

↓

- ഡച്ചുകാർ പോർച്ചുഗീസുകാരെ കേരളത്തിൽ നിന്നും തുരത്തുന്നു

↓

- 1741 – ൽ കുളച്ചൽ യുദ്ധത്തിൽ

↓

- മാർത്താണ്ഡ വർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തുന്നു.

↓

- കർണാടിക് യുദ്ധങ്ങളിൽ ബ്രിട്ടീഷുകാർ വിജയിച്ചു,

↓

- ബ്രിട്ടന് ദക്ഷിണേന്ത്യയിൽ വ്യാപാര കുത്തക

2. കേരളത്തിൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ആധിപത്യം സ്ഥാപിച്ചത് എങ്ങനെ?

OR

മലബാർ തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് നിയന്ത്രണത്തിൽ വന്നതിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

- 1615–ൽ ഈസ്റ്റ് ഇന്ത്യാ പ്രതിനിധിയായ ക്യാപ്റ്റൻ വില്യം കീലിംഗ് സാമൂതിരിയുമായി വ്യാപാര ഉടമ്പടിയിൽ ഒപ്പ് വെക്കുന്നു.
- വിഴിഞ്ഞം, അഞ്ചുതെങ്ങ്, തലശ്ശേരി എന്നിവിടങ്ങളിൽ പാണ്ടികശാല (സംഭരണകേന്ദ്രം) നിർമ്മിക്കുന്നു.
- ആറ്റിങ്ങൽ റാണിയിൽ നിന്ന് അഞ്ചുതെങ്ങിൽ കോട്ടപണിയാനുള്ള അനുവാദം നേടി
- 1721 ആറ്റിങ്ങൽ കലാപം
- 1792–ൽ ശ്രീരംഗപട്ടണം ഉടമ്പടി മലബാർ ബ്രിട്ടീഷുകാർക്ക്
- 1792–ൽ കൊച്ചി ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു.
- 1795–ൽ തിരുവിതാംകൂർ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു.

3. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രധാന ചെറുത്തുനിൽപ്പുകൾ?

1 പഴശ്ശികാലാപം

- ബ്രിട്ടീഷുകാർക്കെതിരെ മലബാറിൽ നടന്നു
- കോട്ടയത്തെ നികുതി പിരിവ് അധികാരം പഴശ്ശിക്ക് നൽകി
- വയനാടിനുമേൽ ബ്രിട്ടീഷുകാരുടെ അവകാശവാദം
- ചെമ്പൻപോക്കർ, കൈതേരി അമ്പുനായർ, എടച്ചന കുങ്കൻ, തലക്കൽ ചന്തു
- ഒളിയുദ്ധം
- 1805 ൽ നവംബർ 30 പഴശ്ശിരാജ മരണപ്പെട്ടു

2 വേലുത്തമ്പി, പാലിയത്തച്ചൻ

- ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടീഷ് ഇടപെടൽ
- വേലുത്തമ്പി, പാലിയത്തച്ചൻ എന്നിവരുടെ പ്രതിഷേധം
- 1809 കുണ്ടറ വിളംബരം
- സായുധ കലാപത്തിന് ആഹ്വാനം
- മെക്കാളയുടെ വസതി ആക്രമിച്ചു
- ബ്രിട്ടീഷ്കാരോട് പരാജയപ്പെട്ടു
- മണ്ണടിയിൽ വേലുത്തമ്പി ആത്മഹത്യ ചെയ്തു.
- പാലിയത്തച്ചനെ മദ്രാസിലെക്ക് നാട് കടത്തി.

4 കേരളത്തിൽ നടന്ന കലാപങ്ങൾ, പ്രദേശം, കാരണങ്ങൾ ഇവ പട്ടികപ്പെടുത്തുക.

| കലാപം | പ്രദേശം | കാരണം |
|---|---|---|
| 1. ആറ്റിങ്ങൽ കലാപം (1721) | ആറ്റിങ്ങൽ | ആറ്റിങ്ങലിൽ കോട്ട സ്ഥാപിച്ചതിനെതിരെ |
| 2. പഴശ്ശി കലാപം | മലബാർ | തെറ്റായ നികുതി നിയമം |
| 3. പാലിയത്തച്ചൻ | കൊച്ചി | ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷ് ഇടപെടൽ |
| 4. വേലുത്തമ്പി കുണ്ടറ വിളമ്പരം(1809) | തിരുവിതാം കൂർ | ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷ് ഇടപെടൽ |
| 5. കുറിച്യകലാപം | വയനാട് | തെറ്റായ നികുതി നിയമം |
| 6. മാപ്പിള കലാപം(മലബാർ കലാപം1921) | മലബാർ | കർഷകരുടെ അസംതൃപ്തി |

5. ബ്രിട്ടീഷ് ഭരണകാലത്തെ വ്യവസായ പുരോഗതി കൈവരിച്ച മേഖലകൾകണ്ടെത്തി അവയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ കണ്ടെത്തുക.

| തോട്ടവിള വ്യവസായം | പരമ്പരാഗത വ്യവസായം | ആധുനിക വ്യവസായം |
|---|---|---|
| തോട്ടവിള സംസ്കരണത്തിനും കയറ്റിഅയക്കുന്നതിനുമായി തോട്ടവിള വ്യവസായം ആരംഭിച്ചു. ഉദാഹരണം - വയനാട് ഇടുക്കി സ്ഥലങ്ങളിൽ തേയിലഫാക്ടറികൾ, റബ്ബർ ഫാക്ടറികൾ സ്ഥാപിച്ചു. കണ്ണൻദേവൻ കമ്പനി, മലയാളം പ്ലാന്റേഷൻ, etc... | കൈവേലയെ അടിസ്ഥാനമാക്കി വ്യവസായ ശാലകൾ സ്ഥാപിച്ചു. നാളികേരം കയർ, കൈത്തറി, ബീഡി വ്യവസായങ്ങൾ, 1859-ൽ ജെയിംസ്ഡാറ ആലപ്പുഴയിൽ കയർ ഫാക്ടറി സ്ഥാപിച്ചു. കൊല്ലത്ത് കശുവണ്ടി ഫാക്ടറി, ഫറോക്ക്, കൊല്ലം, ഒല്ലൂർ, എന്നിവിടങ്ങളിൽ ഓട്ടുഫാക്ടറി കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ കൈത്തറി നിർമ്മാണ ശാലകൾ, കണ്ണൂരിൽ ബീഡി വ്യവസായ ശാലകൾ സ്ഥാപിച്ചു. | യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ, പള്ളിവാസൽ വൈദ്യുത നിലയം, പുനലൂർ പേപ്പർ മിൽ കളമശ്ശേരിയിലെ ഫാക്ട്, കുണ്ടറയിലെ സിറാമിക്സ്, കൊച്ചിയിലെ ടാറ്റാ ഓയിൽ മിൽസ്, തിരുവനന്തപുരത്തെ റബർ വർക്സ്, |

6. വ്യവസായ പുരോഗതിക്കാവശ്യമായ മൂലധന സ്വരൂപണത്തിനായി കേരളത്തിൽ വളർന്നുവന്ന ആദ്യകാല ബാങ്കുകൾ പട്ടികപ്പെടുത്തുക.

- നെടുങ്ങാടി ബാങ്ക്
- ഇംപീരിയൽ ബാങ്ക്
- ഇന്ത്യൻ നാഷണൽ ബാങ്ക്
- ചാർട്ടേഡ് ബാങ്ക്

7. കേരളത്തിൽ ബ്രിട്ടീഷ് ഭരണത്തെ തുടർന്ന് സാംസ്കാരിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ഉണ്ടായ മാറ്റങ്ങൾ വിശദീകരിക്കുക.

a) അച്ചടി ആരംഭിച്ചു.
b) വ്യാകരണ ഗ്രന്ഥം ▸ നിഘണ്ടു
c) രാജ്യസമാചരം, പശ്ചിമോദയം, പത്രങ്ങൾ ഹെർമൻ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചു.
d) മിഷനറി സംഘം
e) ലണ്ടൻ മിഷൻ സൊസൈറ്റി
f) ചർച്ച് മിഷൻ സൊസൈറ്റി
g) ബാസൽ ഇവാഞ്ചലിക്കൽ മിഷൻ
h) സ്കൂളുകൾ ആരംഭിച്ചു.
i) കോളേജുകൾ ആരംഭിച്ചു.
j) സി.എം.എസ്. സ്കൂൾ കോട്ടയത്തെ ആദ്യ ഇംഗ്ലീഷ് സ്കൂൾ.
k) നാട്ടുരാജാക്കന്മാരും വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു.
l) 1817-ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി ഗൗരി പാർവ്വതി ഭായി വിളംബരം പുറപ്പെടുവിച്ചു.

8. ബ്രിട്ടീഷ് ഭരണത്തെ തുടർന്ന് കേരളത്തിലെ നീതിന്യായ മേഖലയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിവരിക്കുക.

- ജാതി അടിസ്ഥാനമാക്കി ഉണ്ടായിരുന്ന നിയമങ്ങൾ പരിഷ്ക്കരിച്ചു.
- നിയമത്തിന്റെ മുമ്പിൽ എല്ലാ ജാതിക്കാരും തുല്ല്യർ.
- ഏകീകൃത ശിക്ഷാവിധി നടപ്പിലാക്കി.
- വിചാരണയ്ക്കായി കോടതികൾ സ്ഥാപിച്ചു.

9. കേരളത്തിലെ ആരോഗ്യ രംഗത്തുണ്ടായ മാറ്റങ്ങൾ വിലയിരുത്തുക.

- ആയുർവ്വേദത്തിന്റെ സ്ഥാനത്ത് അലോപ്പതി ചികിത്സാ രീതി നടപ്പിലാക്കി.
- പകർച്ച വ്യാധികൾ തടയാൻ കുത്തിവെയ്പ്പ് ആരംഭിച്ചു.

- സർക്കാർ ആശുപത്രികൾ ആരംഭിച്ചു.
- ലബോറട്ടികളും സ്ഥാപിച്ചു.
- ഇംഗ്ലണ്ടിൽ നിന്നും മരുന്നുകൾ ഇറക്കുമതി ചെയ്തു.

10. കേരളത്തിലെ സാമൂഹ്യമേഖലയിലുണ്ടായ മാറ്റങ്ങൾ വിവരിക്കുക.
   - മരുമക്കത്തായ സമ്പ്രദായത്തിനു പകരം മക്കത്തായ സമ്പ്രദായം ആരംഭിച്ചു.
   - തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും സ്വത്തവകാശം ലഭിച്ചു.
   - തറവാട് കൂട്ടുകുടുംബം എന്നിവയുടെ തകർച്ച.

11. കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ, സ്ഥാപിച്ച പ്രസ്ഥാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| 1. വൈകുണ്ഠ സ്വാമികൾ | A |
| 2. B | സാധുജന പരിപാലന സംഘം |
| 3. മന്നത്ത് പത്മനാഭൻ | C |
| 4. D | യോഗക്ഷേമ സഭ |
| 5. സഹോദരൻ അയ്യപ്പൻ | E |

ഉത്തര സൂചിക

A) സമത്വ സമാജം B) അയ്യങ്കാളി C) നായർ സർവ്വീസ് സൊസൈറ്റി
D) വി. ടി. ഭട്ടതിരിപ്പാട് E) സഹോദര പ്രസ്ഥാനം

12. "സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, സാമൂഹികമായുള്ള മാറ്റത്തിനായുള്ള സമരങ്ങൾക്ക് പ്രചോദനമേകി" കേരളത്തിൽ സാമൂഹികമാറ്റത്തിനായി നടന്ന സമരങ്ങളും അത് സമൂഹത്തിൽ ചെലുത്തിയ മാറ്റങ്ങൾ / ഫലങ്ങളും കണ്ടെത്തി പട്ടികപ്പെടുത്തുക.

- ജാതിവ്യവസ്ഥയെ എതിർത്തു
- അനാചാരങ്ങളെ എതിർത്തു
- തൊട്ടുകൂടായ്മയെ എതിർത്തു
- തീണ്ടിക്കൂടായ്മയെ എതിർത്തു
- അന്ധവിശ്വാസങ്ങളെ എതിർത്തു

| സമരങ്ങൾ | ഫലങ്ങൾ |
|---|---|
| 1. ചാന്നാർ ലഹള (മേൽമുണ്ട് സമരം) 1859 | സവർണ്ണ സ്ത്രീകളെപ്പോലെ ചാന്നാർ സ്ത്രീകൾക്കും ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം |
| 2. അരുവിപ്പുറം പ്രതിഷ്ഠ ശ്രീനാരായണഗുരു (1888) | ക്ഷേത്ര കർമ്മവും പൂജയും ചെയ്യാനുള്ള അവകാശം അവർണർക്കും ലഭിച്ചു. |
| 3. വൈക്കം സത്യാഗ്രഹം(1924) ടി.കെ. മാധവൻ, കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ | വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തുകളിലൂടെ യാത്ര ചെയ്യാൻ അവർണ ജാതിയിൽപ്പെട്ടവർക്ക് സാധിച്ചു |
| 4. ഗുരുവായൂർ സത്യാഗ്രഹം (1931) എ. കെ. ഗോപാലൻ കെ. കേളപ്പൻ | ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനസ്വാതന്ത്ര്യം ലഭിച്ചു. |
| 5. ക്ഷേത്ര പ്രവേശന വിളംബരം(1936)- ചിത്തിര തിരുനാൾ ബാലരാമ വർമ്മ | എല്ലാ വിഭാഗക്കാർക്കും ആരാധന സ്വാതന്ത്ര്യം ലഭിച്ചു. |

13. മലബാർ, തിരുവിതാംകൂർ, കൊച്ചി, എന്നിവിടങ്ങളിൽ നടന്ന പ്രധാന രാഷ്ട്രീയ പ്രക്ഷോഭങ്ങളുൾപ്പെടുത്തി പട്ടിക തയ്യാറാക്കുക.

OR

കേരളത്തിൽ വളർന്നു വന്ന ദേശീയ പ്രക്ഷോഭങ്ങളെക്കുറിച്ച് വിവരിക്കുക. 5.

| മലബാർ | തിരുവിതാംകൂർ | കൊച്ചി |
|---|---|---|
| ▸ 1916 മലബാർ ജില്ലാ കോൺഗ്രസ്സ് സമ്മേളനം പാലക്കാട്ട് ആനിബെസന്റ് നേതൃത്വം നൽകി<br>▸ 1920 മഞ്ചേരിയിൽ വെച്ച് നടന്ന അവസാനത്തെ രാഷ്ട്രീയ സമ്മേളനം<br>▸ 1920 ൽ ഖിലാഫത്ത് കമ്മിറ്റികൾ രൂപീകരിച്ചു.<br>▸ 1921 മലബാർ ലഹള<br>▸ 1930 ഉപ്പുസത്യഗ്രഹം ലംഘനം - കേളപ്പജി - പയ്യന്നൂർ<br>▸ 1934 ഗാന്ധിജി നിയമലംഘന പ്രസ്ഥാനം പിൻവലിച്ചു തുടർന്ന് കോൺഗ്രസ് പിളർന്നു.<br>▸ 1939 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപപ്പെട്ടു. ഇ.എം.എസ്സ്. എ. കെ. ജി., പി. കൃഷ്ണ പിള്ള പ്രമുഖനേതാക്കൾ<br>▸ കർഷകരേയും തൊഴിലാളികളെയും സംഘടിപ്പിച്ച് സമരങ്ങൾ കയ്യൂർ, മൊറാഴ, കരിവള്ളൂർ, പ്രധാനപ്പെട്ട സമരങ്ങൾ<br>▸ മലബാറിൽ നടന്ന കീഴരിയ്യൂർ ബോംബ് കേസ്, ഫറോക്ക് പാലം തകർക്കൽ, കെ. ബി. മേനോൻ, കുഞ്ഞിരാമ കിടാവ് നേതൃത്വം നൽകി. | ▸ 1891 ലെ മലയാളി മെമ്മോറിയൽ സർക്കാർ ജോലികളിൽ തിരുവിതാംകൂറിന് പ്രാതിനിധ്യം നൽകുക എന്നാവശ്യപ്പെട്ട് ജി. പി. പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം.<br>▸ ഈഴവ മെമ്മോറിയൽ<br>1896 ൽ ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് ഡോ: പൽപ്പു നൽകിയ മെമ്മോറാണ്ടം.<br>▸ തിരുവിതാംകൂർ ദിവാനെ വിമർശിച്ചതിന്റെ പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തി.<br>▸ നിവർത്തന പ്രക്ഷോഭം സർക്കാർ ഉദ്യോഗങ്ങളിലും നിയമ സഭയിലും ജനസംഖ്യാ ആനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ, മുസ്ലിം ഈഴവ സമുദായക്കാർ 1932 ൽ നടത്തിയ പ്രക്ഷോഭം<br>എൻ. വി. ജോസഫ്, പി. കെ. കുഞ്ഞ്, സി. കേശവൻ എന്നിവർ നേതൃത്വം കൊടുത്തു.<br>▸ 1938 ൽ പട്ടം താണുപിള്ള പ്രസിഡന്റായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപിച്ചു.<br>▸ പുന്നപ്ര വയലാർ സമരം സർ. സി. പി. രാമ സ്വാമി അയ്യരുടെ ഭരണ പരിഷ്കാരങ്ങൾക്കെതിരെ 1946 ൽ നടന്ന സമരം | ▸ 1936 ലെ ഇലക്ട്രിസിറ്റി സമരം. ഷൺമുഖൻ ചെട്ടി വൈദ്യുത വിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ<br>▸1941 കൊച്ചി രാജ്യപ്രജാമണ്ഡലം രൂപീകരിച്ചു. ഇക്കണ്ട വാര്യർ, പനമ്പള്ളി ഗോവിന്ദ മേനോൻ,<br>കെ. അയ്യപ്പൻ എന്നിവർ നേതൃത്വം നൽകി. |

14. കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന് ഐക്യരൂപമുണ്ടായിരുന്നില്ല. കാരണമെന്ത്?
   - കേരളം ഭരണപരമായി ഏകീകരിക്കപ്പെടാത്തതിനാൽ

15. കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിൽ സ്ത്രീകളുടെ പങ്ക് വിലയിരുത്തുക?
   - ഗാന്ധിജിയുടെ രംഗ പ്രവേശം സ്ത്രീകളെ ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു.
   - വിദേശ വസ്ത്ര ബഹിഷ്കരണം, മദ്യഷാപ്പിലെ പിക്കറ്റിങ്ങ്, ഖാദി പ്രചരണം എന്നിവ സ്ത്രീപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.
   - 1931 ലെ വടകര കോൺഗ്രസ്സ് മഹിളാ സമ്മേളനം എ. വി. കുട്ടിമാളു അമ്മ, അക്കമ്മ ചെറിയാൻ,

ആനി മസ്ക്രിൻ എന്നിവർ നേതൃത്വം നൽകി.

16. ഐക്യകേരളത്തിന്റെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുക.

OR

കേരള സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച വിവിധ ഘടകങ്ങൾ എന്തെല്ലാമായിരുന്നു.?

- 1920 നാഗ്പൂർ കോൺഗ്രസ്സ് സമ്മേളനം
- 1921 ൽ ഒറ്റപ്പാലത്ത് നടന്ന ഒന്നാം കേരള രാഷ്ട്രീയ സമ്മേളനം
- കെ. പി. സി. സി. രൂപീകരണം
- പയ്യന്നൂർ സമ്മേളനം
- 1947 ലെ ഐക്യ കേരള കൺവെൻഷൻ
- ആലുവ ഐക്യകേരള സമ്മേളനം
- 1949 ലെ തിരു - കൊച്ചി സംയോജനം
- ഇ.എം.എസ് ന്റെ ഒന്നേകാൽ കോടി മലയാളികൾ
- സംസ്ഥാന പുനഃ സംഘടനാ കമ്മീഷൻ
- 1956 നവംബർ 1 കേരള സംസ്ഥാന രൂപീകരണം

17. സംസ്ഥാന രൂപീകരണത്തിന് ശേഷം കേരളം വിവധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുക?

- ഭൂപരിഷ്കരണം
- പൊതുജന ആരോഗ്യം
- പൊതു വിതരണ സമ്പ്രദായം
- വിദ്യാഭ്യാസം
- വികേന്ദ്രീകൃത ആസൂത്രണം
- വിവരസാങ്കേതിക വിദ്യ

18. ബ്രിട്ടീഷ് ഭരണവും ഭൂബന്ധങ്ങളിലുണ്ടായ മാറ്റവും :

a) ബ്രിട്ടീഷ് ഭരണത്തിൽ നാടുവാഴികളും ജന്മിമാരും ഭൂവുടമകളായി മാറി. ഇവർ കുടിയാന്മാരുടെ മേൽ നികുതിഭാരം ചുമത്തുകയും കുടിയൊഴിപ്പിക്കുകയും ചെയ്തു. ധാരാളം കർഷക കലാപങ്ങൾ നടന്നു.

b) 1929ൽ മലബാർ കുടിയായ്മ നിയമം നടപ്പിലാക്കി. കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്രമായ അവകാശം ലഭിച്ചു.

c) 1865ൽ പണ്ടാരപാട്ട വിളംബരം തിരുവിതാംകൂറിലെ പണ്ടാരവക ഭൂമിയിലെ കുടിയാന്മാർക്ക് അവർ കൃഷി ചെയ്യുന്ന ഭൂമി സ്വന്തമായി നൽകി.

d) 1896ലെ ജന്മി - കുടിയാൻ നിയമം - തിരുവിതാംകൂറിലെ കുടിയാന് ഭൂമിയുടെമേൽ ഉടമാവകാശം ലഭിച്ചു.

19. കേരളത്തിലെ വ്യാപാര - വാണിജ്യം മെച്ചപ്പെടുത്താൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ / കേരളം ലോക കമ്പോളമായതെങ്ങനെ?

a) ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിച്ചു.

b) ഗ്രാമീണ സമ്പദ് വ്യവസ്ഥ തകർന്നു.

c) കേരളത്തിലുണ്ടായിരുന്ന വ്യാപാര നിയമങ്ങൾ തങ്ങൾക്കനുകൂലമായി ഭേദഗതി ചെയ്തു.

d) ഏകീകരിച്ച നാണയവ്യവസ്ഥ നടപ്പിലാക്കി.

e) ഏകീകരിച്ച അളവുതൂക്ക സമ്പ്രദായം നടപ്പിലാക്കി.

f) റോഡുകളും പാലങ്ങളും റെയിൽവേപ്പാളങ്ങളും നിർമ്മിച്ചു.

g) കൊച്ചി, കോഴിക്കോട് ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.

20. കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയ മിഷനറി സംഘങ്ങൾ

| മിഷനറി സംഘം | പ്രവർത്തന മേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി (LMS) | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി (CMS) | തിരുവിതാംകൂർ, കൊച്ചി |
| ബാസൽ ഇവാൻഞ്ചലിക്കൽ മിഷൻ (BEM) | മലബാർ |

21. ശ്രീനാരായണ ഗുരുവും സാമൂഹിക പരിഷ്ക്കരണവും

a) 1988ൽ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി

b) അവർണ്ണർക്കും ക്ഷേത്ര കർമ്മവും പൂജകളും ചെയ്യാൻ അവകാശമുണ്ടെന്ന് സ്ഥാപിച്ചു.

c) ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.

d) വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും ഉദ്ബോധിപ്പിച്ചു

e) ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടി.

f) മനുഷ്യ സ്നേഹം

g) സർവ്വ മത സാഹോദര്യം

22. വൈകുണ്ഠസ്വാമികൾ - സമത്വസമാജം, ചാന്നാർ ലഹള, മേൽമുണ്ട് സമരം, ഉത്രം തിരുനാൾ മേൽമുണ്ട് ധരിക്കാൻ അനുവാദം നൽകി. (1859)

23. വൈക്കം സത്യാഗ്രഹം - 1924, സഞ്ചാര സ്വാതന്ത്ര്യത്തിന്, ടി.കെ. മാധവൻ നേതൃത്വം, മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണ ജാഥ, വഴി നടക്കാൻ സ്വാതന്ത്ര്യം.

24. ഗുരുവായൂർ സത്യാഗ്രഹം - 1931, ആരാധനാ സ്വാതന്ത്ര്യത്തിന്, എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും ക്ഷേത്ര പ്രവേശനത്തിന്, കെ. കേളപ്പൻ നേതൃത്വം, എ.കെ. ഗോപാലൻ വാളണ്ടിയർ ക്യാപ്റ്റൻ, പി. കൃഷ്ണപിള്ളയ്ക്ക് ക്രൂരമർദ്ദനം.

25. ക്ഷേത്ര പ്രവേശന വിളംബരം - 1936 ചിത്തിര തിരുനാൾ ബാലരാമ വർമ്മ - തുടർന്ന് മദിരാശി ക്ഷേത്ര പ്രവേശന വിളംബരം, കൊച്ചിരാജാവിന്റെ ക്ഷേത്ര പ്രവേശന വിളംബരം.

# PART B - SS I അദ്ധ്യായം : 8 പൊതുഭരണം

മാർക്ക് : 8

1. പൊതുഭരണത്തിന്റെ പ്രാധാന്യം
   a) ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു
   b) ജനക്ഷേമം ഉറപ്പാക്കുന്നു
   c) ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു
   d) സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

2. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ
   a) ശ്രേണിപരമായ സംഘാടനം
   b) സ്ഥിരത
   c) യോഗ്യത അടിസ്ഥാനമാക്കി നിയമനം
   d) രാഷ്ട്രീയ നിഷ്പക്ഷത
   e) വൈദഗധ്യം

3. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന

| അഖിലേന്ത്യാ സർവ്വീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|
| a) ദേശീയ തലത്തിൽ തെരഞ്ഞെടുക്കുന്നു<br>b) കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു<br>ഉദാ. IAS, IPS | a) ദേശീയ തലത്തിൽ തെരഞ്ഞെടുക്കുന്നു<br>b) കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പു കളിൽ നിയമിക്കപ്പെടുന്നു<br>ഉദാ. IFS, IRS | a) സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കുന്നു<br>b) സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ. സെയിൽസ് ടാക്സ് ഓഫീസർ |

4. ഭരണ നവീകരണ നടപടികൾ
   a) ഇ ഗവേണൻസ്
   b) വിവരാവകാശ നിയമം
   c) സേവനാവകാശ നിയമം
   d) ലോക്പാലും ലോകായുക്തയും
   e) ഓംബുഡ്സ്മാൻ
   f) കേന്ദ്ര വിജിലൻസ് കമ്മീഷൻ
5. ഇ ഗവേണൻസ് : ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗം

6. ഇ ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ
   a) സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല
   b) വിവര സാങ്കേതികവിദ്യയുടെ സഹയാത്താൽ സേവനം നേടാം
   c) സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
   d) ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു

7. വിവരാവകാശ നിയമം

a) ഏതൊരു സർക്കാർ സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരങ്ങൾ പൗരന്മാർക്ക് അറിയാനുള്ള അവകാശമാണ് വിവരാവകാശനിയമം

b) 2005ലാണ് നിയമം നിലവിൽ വന്നത്

c) രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് ഈ നിയമനിർമ്മാണത്തിന് കാരണമായത്.

d) അഴിമതി തടയുക, ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുക, ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യങ്ങൾ

8. സേവനാവകാശനിയമം

a) സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശനിയമം

b) ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാല പരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു.

c) സേവനം നിശ്ചിത കാലത്തിനകം നൽകിയില്ലെങ്കിൽ ഉദ്യോഗസ്ഥർ പിഴ ഒടുക്കണമെന്ന് വ്യവസ്ഥയുണ്ട്.

9. ലോക്പാലും ലോകായുക്തയും

ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ഇവ രണ്ടും

| ലോക്പാൽ | ലോകായുക്ത |
|---|---|
| ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയ സ്ഥാപനമാണിത് | സംസ്ഥാന തലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണിത് |

10. കേന്ദ്ര വിജിലൻസ് കമ്മീഷൻ

a) അഴിമതി തടയുന്നതിന് ദേശീയതലത്തിൽ രൂപം നൽകിയ സ്ഥാപനമാണിത്.

b) 1964ൽ ആണ് ഇത് നിലവിൽ വന്നത്

c) തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ടാകും.

d) എല്ലാ വകുപ്പുകളിലും മുഖ്യവിജിലൻസ് ഓഫീസറും പ്രവർത്തിക്കുന്നു.

e) സംസ്ഥാനങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

f) സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതി തടയുകയാണ് ലക്ഷ്യം

g) വിജിലൻസ് കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളും നിലവിലുണ്ട്

11. ഓംബുഡ്സ്മാൻ

a) ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരെ പരാതിപ്പെടാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ

b) വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാൻ ആയി നിയമിക്കുന്നത്.

c) ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം

d) പരാതി ലഭിച്ചാൽ ആരെയും വിളിച്ചു വരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും ഇദ്ദേഹത്തിന് അധികാരമുണ്ട്.

# PART B - SS I അദ്ധ്യായം : 9 രാഷ്ട്രവും രാഷ്ട്ര തന്ത്രശാസ്ത്രവും

1 രാഷ്ട്രം

- ജനങ്ങൾ
  - അനിവാര്യമായ ഘടകം
  - എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല.
- ഭൂപ്രദേശം
  - നിശ്ചിത അതിർത്തി
  - പൂർണ്ണമായ നിയന്ത്രണം
- ഗവൺമെന്റ്
  - ഗവഃ സ്ഥിരമല്ല
- പരമാധികാരം
  - ആഭ്യന്തര തലം
  - ബാഹ്യതലം

2 രാഷ്ട്രത്തിന്റെ ചുമതലകൾ

- നിർബന്ധിതമായ ചുമതലകൾ
  - അതിർത്തി സംരക്ഷണം
  - ആഭ്യന്തര സമാധാനം
  - അവകാശ സംരക്ഷണം
  - നീതി നടപ്പാക്കൽ
- വിവേചനപരം
  - ആരോഗ്യ സംരക്ഷണം
  - വിദ്യാഭ്യാസം
  - ക്ഷേമ പദ്ധതികൾ
  - ഗതാഗത സൗകര്യങ്ങൾ

3 രാഷ്ട്രത്തിന്റെ ആവിർഭാവം

- ദൈവദത്ത സിദ്ധാന്തം
- പരിണാമ സിദ്ധാന്തം
- സാമൂഹിക ഉടമ്പടി സിദ്ധാന്തം
- ശക്തി സിദ്ധാന്തം

4 പൗരത്വം

- സ്വാഭാവിക പൗരത്വം
- ആർജ്ജിത പൗരത്വം

രാഷ്ട്രതന്ത്ര ശാസ്ത്രം പഠനമേഖലകൾ

- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- താരതമ്യ രാഷ്ട്രീയം
- അന്തർദേശീയ രാഷ്ട്രീയം
- പൊതു ഭരണം

5. നാം രൂപീകരിച്ചിട്ടുള്ള സാമൂഹിക-രാഷ്ട്രീയ സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് രാഷ്ട്രമാവാനുള്ള കാരണങ്ങൾ വിശദീകരിക്കുക?

OR


മറ്റുസ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി രാഷ്ട്രത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുക.?

- ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നു.
- ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- പ്രതിസന്ധി ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടുന്നു. (സിറിയയിലെ ആഭ്യന്ത കലാപത്തിൽ പെട്ട നഴ്സുമാരെ തിരികെയെത്തിച്ച നടപടി)

6. രാഷ്ട്രം എന്നാൽ എന്ത്?

ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടു കൂടിയതുമായ ജനത

7. രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ കാണിക്കുന്ന പദസൂര്യൻ നിർമ്മിക്കുക.




8. രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?

- നിക്കോളോ മാക്യവല്ലി

9. രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം? അവയുടെ പ്രാധാന്യം വിശദീകരിക്കുക?

OR

രാഷ്ട്രത്തിന്റെ സവിശേഷതകൾ കണ്ടെത്തുക?

A. ജനങ്ങൾ

- സ്ഥിരതാമസം
- പരസ്പര ധാരണ
- പരസ്പരാശ്രയത്വം, പൊതുതാത്പര്യം
- എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല
- അമിത ജനസംഖ്യ രാജ്യ പുരോഗതിയെ ബാധിക്കും
- ഒരേ ഭാഷ, ഒരേ മതം, ആയിരിക്കണമെന്നില്ല.

B. ഭൂപ്രദേശം

- കൃത്യമായ അതിർത്തി
- രാഷ്ട്രത്തിന്റെ പൂർണ്ണമായ നിയന്ത്രണം
- വലിപ്പത്തിന് പ്രാധാന്യമില്ല,
- കര, വായു, ജലം, ഉൾപ്പെടും

C. ഗവൺമെന്റ്

- രാജ്യത്തിന് വേണ്ടി നിയമങ്ങൾ നിർമ്മിച്ച് നടപ്പിലാക്കുന്നു
- ജനസുരക്ഷ നടപ്പിലാക്കുന്നു
- സേവനങ്ങൾ ലഭ്യമാക്കുന്നു
- സ്ഥിരമല്ല
- വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത ഗവൺമെന്റുകൾ

D. പരമാധികാരം

- ദേശീയ അന്തർദേശീയ വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം
- സമ്പൂർണ്ണവും അപരിമിതവും അവിഭാജ്യവുമായ ഘടകം
- വിഭജിക്കാൻ കഴിയില്ല.

10. പരമാധികാരത്തിന്റെ രണ്ട് തലങ്ങൾ ഏതെല്ലാം? ഉദാഹരണ സഹിതം വിശദീകരിക്കുക

A. ആഭ്യന്തരം

- ഭൂപരിധിക്കുള്ളിൽ തീരുമാനമെടുക്കാനുള്ള അധികാരം, ഉദാഹരണം: പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കൽ,

B. ബാഹ്യതലം

- അന്തർദേശിയ വിഷയങ്ങളിൽ സ്വന്തം തീരുമാനം എടുക്കാനുള്ള അധികാരം

ഉദാഹരണം - ഇന്ത്യ-ബംഗ്ലാദേശ് അതിർത്തികരാർ ഒപ്പുവെച്ചു.

11. രാഷ്ട്രത്തിന്റെ ചുമതലകൾ പട്ടികപ്പെടുത്തുക

| നിർബന്ധിതം | വിവേചന പരം |
|---|---|
| ▸ അതിർത്തി സംരക്ഷണം | ▸ ആരോഗ്യ സംരക്ഷണം |
| ▸ ആഭ്യന്തര സമാധാനം | ▸ വിദ്യാഭ്യാസ സൗകര്യം |
| ▸ അവകാശ സംരക്ഷണം | ▸ ക്ഷേമ പദ്ധതികൾ നടപ്പിലാക്കൽ |
| ▸ നീതി നടപ്പാക്കൽ | ▸ ഗതാഗത സൗകര്യം |

12. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലയിൽ നിന്ന് വിവേചന പരമായ ചുമതലകൾക്കുള്ള വ്യത്യാസം കണ്ടെത്തുക?

- രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കുന്നത്
- പരിധിയില്ല
- സാങ്കേതിക വിദ്യയുടെ വളർച്ച മനുഷ്യന്റെ ആവശ്യങ്ങളിലുള്ള വർദ്ധനവ് ഈ മേഖലയെ വിപുലപ്പെടുത്തുന്നു.

13. രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ വിശദമാക്കുക?

A. ദൈവദത്ത സിദ്ധാന്തം

- പുരാതനം
- രാഷ്ട്രം ദൈവത്തിന്റെ കൽപനയാൽ സ്ഥാപിതമായത്
- രാജാവിന് ദൈവത്തോടുമാത്രം കടപ്പാട്
- 1680 ൽ പ്രസിദ്ധീകൃതമായ പേട്രിയാർക്ക എന്ന ഗ്രന്ഥത്തിലൂടെ ഫിൽമർ എന്ന ചിന്തകനാണ് ഈ സിദ്ധാന്തത്തിന് അടിത്തറയിട്ടത്.

B. പരിണാമസിദ്ധാന്തം

- രാഷ്ട്രം ചരിത്ര സൃഷ്ടിയാണ്, ശാസ്ത്രീയമായ അടിത്തറയുള്ളത്
- സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടത്
- രക്തബന്ധം, മതം, യുദ്ധം, എന്നീഘടകങ്ങളെ അടിസ്ഥാനമാക്കി സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു

C. സാമൂഹിക ഉടമ്പടി സിദ്ധാന്തം

- ജനങ്ങൾ രൂപം നൽകിയ ഒരു കരാറിലൂടെ രാഷ്ട്രം നിലവിൽ വന്നു.
- അതീവ പ്രാധാന്യമർഹിക്കുന്ന സിദ്ധാന്തം
- ഈ സിദ്ധാന്തം മനുഷ്യരാശിയുടെ ചരിത്രത്തെ രണ്ടായി വിഭജിക്കുന്നു
- രാഷ്ട്രം ഉടലെടുക്കുന്നതിന് മുൻപുള്ള പ്രകൃതിദശയും രാഷ്ട്രം രൂപപ്പെടുത്തുന്നതിനു ശേഷമുള്ള കാലഘട്ടവും
- ജോൺ ലോക്ക്, റൂസ്സോ, തോമസ് ഹോബ്സ് എന്നിവർ പ്രമുഖ വക്താക്കൾ

C. ബല (ശക്തി) സിദ്ധാന്തം

- ബലവാനായ മനുഷ്യൻ ദുർബലനായ മനുഷ്യനെ കീഴടക്കുന്നതിലൂടെ രാഷ്ട്രം ഉടലെടുക്കുന്നു.
- ഓപ്പൺ ഹെയ്മറുടെ രാഷ്ട്രം എന്ന വിഖ്യാത കൃതിയിലാണ് ഈ സിദ്ധാന്തത്തെ കുറിച്ച് പറയുന്നത്.

14. പൗരത്വം എന്നാലെന്ത്? രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം വിശദമാക്കുക?

- ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം
- ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങളും പൗരവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു.
- രാഷ്ട്രം പൗരന് അവകാശങ്ങൾ നൽകുമ്പോൾ പൗരൻ തിരിച്ച് രാഷ്ട്രത്തോട് കടമകൾ നിർവ്വഹിക്കുന്നു,
- ജനാധിപത്യമെന്ന ആശയം നിലവിൽ വന്നതോടെ പൗരത്വം എന്ന ആശയത്തിന് പ്രാധാന്യം കൈവന്നു,
- പൗരന് മാത്രമാണ് രാഷ്ട്രീയവകാശങ്ങൾ ഉള്ളത്.

15. ഇന്ത്യയിൽ പൗരന് മാത്രം ലഭിക്കുന്ന അവകാശങ്ങൾ പട്ടികപ്പെടുത്തുക?

- തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം
- വോട്ട് ചെയ്യാനുള്ള അവകാശം
- സംഘടന രൂപീകരിക്കാനുള്ള അവകാശം,

16. പൗരത്വം എത്ര തരം? ഏതെല്ലാം വിശദമാക്കുക?

രണ്ട് തരം

1. സ്വാഭാവികം - ജന്മനാ ലഭിക്കുന്നത്
2. ആർജ്ജിതം - രാജ്യത്ത് നിയമാനുസൃതമായ നടപടികൾ പാലിച്ചുകൊണ്ട് നേടിയെടുക്കുന്നത്.

17. രാഷ്ട്ര തന്ത്ര ശാസ്ത്രമെന്നാലെന്ത്?

- രാഷ്ട്രത്തെ കുറിച്ചും ഗവൺമെന്റിനെ കുറിച്ചുമുള്ള പഠനം.


18. രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പഠനമേഖല നിരന്തരം വിപുലമായി കൊണ്ടിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പഠനമേഖല പട്ടികപ്പെടുത്തുക?

കാരണങ്ങൾ

a. കാരണങ്ങൾ

1. ജനാധിപത്യ വ്യവസ്ഥയുടെ ആരംഭം
2. രാഷ്ട്രീയ പങ്കാളിത്തം എന്ന ആശയം
3. രാഷ്ട്രീയ സ്ഥാപനങ്ങളുണ്ടായി
4. രാഷ്ട്രീയ പ്രക്രിയ

a. രാഷ്ട്ര തന്ത്ര ശാസ്ത്രത്തിന്റെ പ്രധാന പഠനമേഖലകൾ ഏതെല്ലാം?




19. രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പ്രയോജനങ്ങൾ പട്ടികപ്പെടുത്തുക?

OR

തന്നിരിക്കുന്ന പ്രസ്താവന വായിച്ച് രാഷ്ട്രതന്ത്ര പഠനത്തിന്റെ പ്രാധാന്യം വിശദമാക്കുക?
പ്രസ്താവന: "നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കുമെന്നതാണ്."

1. ജനങ്ങളിൽ പൗരബോധം വളർത്തുന്നു.
2. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പ്രവർത്തനങ്ങളിൽ യുക്തിപൂർവ്വം ഇടപെടാൻ സഹായിക്കുന്നു.
3. മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥയ്ക്ക് രൂപം നൽകാൻ സഹായിക്കും.
4. അവകാശ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.
5. രാഷ്ട്രത്തോടുള്ള കടമകൾ നിറവേറ്റാൻ പ്രാപ്തനാക്കുന്നു.

# PART B - SS I അദ്ധ്യായം : 10 പൗരബോധം

മാർക്ക് : 8

1. പൗരബോധം എന്നാലെന്ത്?
   a) ഓരോ പൗരനും സമൂഹത്തിനുവേണ്ടിയുള്ളതാണ്.
   b) സമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവ്

2. പൗരബോധത്തിന്റെ പ്രാധാന്യം
   a) സമൂഹത്തിന്റെ പുരോഗതി
   b) രാഷ്ട്രത്തിന്റെ പുരോഗതി
   c) സമാധാനം
   d) സുരക്ഷിതത്വം
   e) ജനങ്ങളുടെ ക്ഷേമം
   f) സാമൂഹ്യബോധം
   g) ഐക്യം
   h) സമൂഹ പുനർനിർമ്മാണം

3. പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ - നമുക്ക് എന്തെല്ലാം ചെയ്യാം? |
|---|---|
| ജലക്ഷാമം | a) കാര്യക്ഷമതയോടെയുള്ള ഉപയോഗം<br>b) മഴവെള്ള സംഭരണം. c) ജലസ്ത്രോതസുകൾ മലിനമാകാതെ സംരക്ഷിക്കുക. |
| പരിസര മലിനീകരണം | a) ഉറവിടങ്ങളിൽ തന്നെ മാലിന്യ സംസ്ക്കരണം നടത്തുക<br>b) മരങ്ങൾ വെച്ചു പിടിപ്പിക്കുക c) പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ഒഴിവാക്കുക |
| അഴിമതി | a) അഴിമതിക്കെതിരായ ബോധവത്ക്കരണം<br>b) പരാതിപ്പെടൽ c) അഴിമതിയിൽ പങ്കാളിയാകാതിരിക്കുക |

4. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ
   a) കുടുംബം
   b) വിദ്യാഭ്യാസം
   c) സംഘടനകൾ
   d) സാമൂഹിക വ്യവസ്ഥ
   e) മാധ്യമങ്ങൾ
   f) ജനാധിപത്യ വ്യവസ്ഥ
   g) രാഷ്ട്രീയ വ്യവസ്ഥ

5. പൗരബോധം വളർത്തിയെടുക്കുന്നതിൽ കുടുംബത്തിന്റെ പങ്ക്
   a) മുതിർന്നവരെ ബഹുമാനിക്കാൻ
   b) സമൂഹസേവനത്തിലേർപ്പെടാൻ
   c) കർത്തവ്യബോധം വളർത്തുന്നതിന്
   d) പ്രചോദനം
   e) പ്രോത്സാഹനം

6. പൗരബോധം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്

a) അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.
b) മൂല്യബോധം
c) സഹിഷ്ണുത
d) നേതൃത്വഗുണം
e) പരിസ്ഥിതി ബോധം
f) ശാസ്ത്രാവബോധം

7. പൗരബോധം രൂപപ്പെടുത്തുന്നതിൽ സംഘടനകളുടെ പങ്ക്

a) സേവന സന്നദ്ധത
b) ദേശീയബോധം
c) പൗരബോധം
d) പാരിസ്ഥിതിക അവബോധം
e) മനുഷ്യാവകാശ ബോധം
f) ജനങ്ങളെ ശാക്തീകരിക്കുന്നു

8. പൗരബോധം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക്

a) വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നു
b) ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ എത്തിക്കുന്നു
c) ആശയരൂപീകരണത്തിന് സഹായിക്കുന്നു
d) മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം
e) വിവരങ്ങളെ വിമർശനാത്മകമായി വിലയിരുത്തണം

9. പൗരബോധം വളർത്തുന്നതിൽ ജനാധിപത്യ വ്യവസ്ഥയുടെ പങ്ക്

a) പൗരബോധത്തിന്റെ അടിസ്ഥാനം ജനാധിപത്യം ആണ്
b) ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി ജീവിത ശൈലികൂടിയാണ്
c) സഹജീവികളെക്കുറിച്ച് ചിന്തിക്കാൻ
d) സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന്
e) ജനാധിപത്യം നിയമവാഴ്ചയിൽ വിശ്വസിക്കുന്നു
f) പരസ്പര സഹകരണം

10. പൗരബോധം രൂപപ്പെടുന്നതിന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

♦ ജൈവകൃഷി ♦ ട്രാഫിക് ബോധവത്ക്കരണം ♦ ലഹരിവിരുദ്ധ പ്രവർത്തനം ♦ ജീവകാരുണ്യ പ്രവർത്തനങ്ങൾ

11. പൗരബോധവും ധാർമ്മികതയും

a) ധാർമ്മികത : നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയും ചെയ്യുന്നതാണ് ധാർമ്മികത
b) ധാർമ്മികത പൗരബോധത്തെ സഹായിക്കുന്നു. എന്നാൽ അധാർമ്മികത പൗരബോധം ഇല്ലാതാക്കുന്നു.

12. സമൂഹത്തിൽ നടക്കുന്ന ധാർമ്മിക - അധാർമ്മിക പ്രവർത്തനങ്ങൾ

| ധാർമ്മിക പ്രവർത്തനങ്ങൾ / സംഭവങ്ങൾ | അധാർമ്മിക പ്രവർത്തനങ്ങൾ സംഭവങ്ങൾ |
|---|---|
| a) ജോലി ചെയ്ത് പണം സമ്പാദിക്കുന്നു.<br>b) പൊതുമുതൽ സംരക്ഷിക്കുന്നു.<br>c) സഹജീവികളെ സഹായിക്കുന്നു | a) മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുന്നു.<br>b) പൊതുമുതൽ നശിപ്പിക്കുന്നു<br>c) സഹജീവികളെ ദ്രോഹിക്കുന്നു |

13. പൗരബോധം - വെല്ലുവിളികളും പരിഹാരവും

| വെല്ലുവിളികൾ | പരിഹാരം / മറികടക്കാനുള്ള മാർഗ്ഗങ്ങൾ |
|---|---|
| a) പൊതുതാല്പര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി | a) പൊതുതാല്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക |
| b) സ്വയം മാറാതെ മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുക | b) മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മളിൽ നിന്ന് തുടങ്ങുക |
| c) അവകാശങ്ങൾക്കു വാദിക്കുകയും ചുമതലകൾ മറക്കുകയും ചെയ്യുന്നു. | c) അവകാശങ്ങൾക്കൊപ്പം ചുമതലകളും തുല്യമായി പരിഗണന നൽകുക |
| d) അസഹിഷ്ണുത | d) സ്വന്തംപ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക. |

14. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രപഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം
   a) വൈവിധ്യങ്ങളെ ബഹുമാനിക്കാൻ
   b) സഹിഷ്ണുതയോടെ പെരുമാറാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു
   c) രാഷ്ട്രീയ - സാമൂഹ്യ പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ മനസിലാക്കാൻ സഹായിക്കുന്നു
   d) സാമ്പത്തിക - പാരിസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ മനസിലാക്കാൻ സഹായിക്കുന്നു
   e) വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
   f) സമാധാനത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നു
   g) സഹവർത്തിത്വത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
   h) പൗരബോധത്തിന്റെ ഉത്തമ മാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമ്മനിരതരാക്കുകയും ചെയ്യുന്നു.

15. പൗരബോധത്തിന്റെ ഉത്തമ മാതൃകകളായ വ്യക്തികളും മേഖലകളും

കല്ലേൻ പൊക്കുടൻ - പരിസ്ഥിതി സംരക്ഷണം

ഹജ്ജബ്ബ - വിദ്യാഭ്യാസം

മദർ തെരേസ - ജീവകാരുണ്യ പ്രവർത്തനം

മയിലമ്മ - സാമൂഹ്യ പ്രവർത്തനം

ദശരഥ് മാഞ്ചി - സാമൂഹ്യ പ്രവർത്തനം

എ.പി.ജെ. അബ്ദുൾ കലാം - രാഷ്ട്രസേവനം, ശാസ്ത്രജ്ഞൻ

## PART B - SS I അദ്ധ്യായം : 11 സമൂഹശാസ്ത്രം എന്ത്? എന്തിന്?

മാർക്ക് : 3

1. സർഗ്ഗരചനയും സമൂഹശാസ്ത്രപഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ

| സർഗ്ഗരചന | സമൂഹശാസ്ത്ര പഠനം |
|---|---|
| a) ഭാവന, സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു<br>b) സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്ക്കരിക്കുന്നു<br>c) ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു | a) സാമൂഹിക പ്രതിഭാസങ്ങൾ, വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു<br>b) സാമൂഹികാവസ്ഥകളെ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു<br>c) സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു. |

2. സാമൂഹ്യ ശാസ്ത്രശാഖകൾ

| സാമ്പത്തിക ശാസ്ത്രം | സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം |
|---|---|
| ചരിത്രം | കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം |
| രാഷ്ട്രതന്ത്ര ശാസ്ത്രം | രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം |
| നരവംശ ശാസ്ത്രം | മനുഷ്യ ഉൽഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം |
| മനഃശാസ്ത്രം | മനുഷ്യമനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം |

3. സമൂഹ ശാസ്ത്രം

- മനുഷ്യജീവിതത്തിന്റെ സാമൂഹികവശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം
- മനുഷ്യനും സാമൂഹിക ചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്നു.

4. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ മൂന്ന് വിപ്ലവങ്ങൾ

a) ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം b) ഫ്രഞ്ച് വിപ്ലവം

c) വ്യാവസായിക വിപ്ലവം

5. സമൂഹശാസ്ത്രത്തിന് അഗസ്ത് കോംതെ, ഹെർബർട്ട് സ്പെൻസർ എന്നിവരുടെ സംഭാവന

| ആഗസ്ത് കോംതെ | ഹെർബർട്ട് സ്പെൻസർ |
|---|---|
| a) ഫ്രഞ്ചുകാരനായ കോംതെയുടെ ചിന്തകളാണ് സമൂഹശാസ്ത്ര പഠനത്തിന് അടിത്തറ പാകിയത്<br>b) കോംതെ രൂപപ്പെടുത്തിയ വിജ്ഞാന മേഖലയെ ആദ്യം സാമൂഹിക ഭൗതീക ശാസ്ത്രമെന്നും പിന്നീട് സമൂഹശാസ്ത്രം (സോഷ്യോളജി) എന്നും വിളിച്ചു<br>c) ആഗസ്ത് കോംതെയാണ് സമൂഹശാസ്ത്രത്തിന്റെ പിതാവ് | a) ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്ത തത്ത്വങ്ങൾ സമൂഹ പഠനത്തിന് പ്രയോജനപ്പെടുത്തി<br>b) ജീവശാസ്ത്രപരമായ പരിണാമം പോലെ തന്നെ മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിലെത്തിച്ചേർന്നത് |

6. പ്രധാന പാശ്ചാത്യ (യൂറോപ്യൻ) സമൂഹശാസ്ത്ര ചിന്തകർ
ആഗസ്ത കോംതെ, ഹെർബർട്ട് സ്പെൻസർ, കാൾ മാർക്സ്, എമൈൽ ദുർഖീം, മാക്സ് വെബർ

7. ഇന്ത്യയിലെ സമൂഹശാസ്ത്രപഠനം
   a) ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സമൂഹശാസ്ത്ര പഠനം ആരംഭിച്ചു.
   b) ബോംബെ സർവ്വകലാശാലയിലാണ് ആദ്യസമൂഹശാസ്ത്ര പഠനവകുപ്പ് തുടങ്ങിയത്
   c) ജി.എസ്. ഘുര്യേ, എ. ആർ. ദേശായി, എം.എൻ. ശ്രീനിവാസ്, ഡി.പി. മുഖർജി എന്നിവർ ഇന്ത്യൻ സമൂഹശാസ്ത്രത്തിന് സംഭാവനകൾ നൽകി.

8. സമൂഹശാസ്ത്ര പഠനം എന്തിന്? സമൂഹ ശാസ്ത്ര പഠനത്തിന്റെ പ്രധാന്യം / പ്രസക്തി?
   a) സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.
   b) സ്വന്തം സമൂഹത്തേയും മറ്റുള്ളവരുടെ സമൂഹത്തേയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
   c) വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു
   d) സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
   e) സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.

9. സമൂഹശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ
   a) സാമൂഹിക സ്ഥാപനങ്ങൾ
   b) സാമൂഹിക സംഘങ്ങൾ
   c) സാമൂഹിക ബന്ധങ്ങൾ
   d) സാമൂഹീകരണം
   e) സാമൂഹിക നിയന്ത്രണം
   f) സാമൂഹിക പ്രശ്നങ്ങൾ

10. സമൂഹ ശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പഠന രീതികൾ
   a) സോഷ്യൽ സർവ്വേ
   b) അഭിമുഖം
   c) നിരീക്ഷണം
   d) കേസ് സ്റ്റഡി

11. സോഷ്യൽ സർവ്വേ
   a) സാമൂഹിക വിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ പഠനരീതി
   b) തെരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു.
   c) പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ കഴിയുന്നു
   d) വിവര ശേഖരണത്തിന് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലികൾ ഉപയോഗിക്കുന്നു
   e) ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി
   f) പഠനവിധേയമാക്കുന്ന സംഘമാണ് പ്രതികർത്താക്കൾ
   g) ചോദ്യാവലി ഇവർക്ക് നൽകിയാണ് വിവരശേഖരണം നടത്തുന്നത്
   h) പ്രതികർത്താക്കൾ പൂരിപ്പിച്ച് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുന്നു.

12. അഭിമുഖം
   a) സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് ഉപയോഗിക്കുന്ന ഒരു രീതിയാണിത്.
   b) വാമൊഴിയായി വിവരം ശേഖരിക്കുന്ന രീതിയാണിത്.
   c) ഗവേഷകനും പ്രതികർത്താക്കളും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം
   d) വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷമ തലത്തിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും കഴിയുന്നു.

13. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

a) ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ

b) ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ

c) ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ

d) ഫലവത്തായ രീതിയിലുള്ള ആശയവിനിമയം

e) സമയക്രമീകരണം

f) ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും

14. അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള വ്യത്യാസങ്ങൾ

| അഭിമുഖം | ചോദ്യവലി |
|---|---|
| വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു. ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു. വിവര ശേഖരണത്തിന് ചോദ്യാവലി മുൻകൂട്ടി തയ്യാറാക്കുന്നു. | വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു ചോദ്യങ്ങൾ വായിച്ച് ഉത്തരം കണ്ടെത്തി രേഖപ്പെടുത്തുന്നു. |

15. നിരീക്ഷണം

a) സമൂഹശാസ്ത്രപഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം

b) കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്നു

c) അഭിമുഖം പോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിലും മറ്റും നിരീക്ഷണ രീതിക്ക് ഉയർന്ന സാധ്യതയുണ്ട്.

16. നിരീക്ഷണം രണ്ട് തരത്തിലുണ്ട്. - പങ്കാളിത്ത നിരീക്ഷണം, പങ്കാളിത്ത രഹിത നിരീക്ഷണം

17. പങ്കാളിത്ത നിരീക്ഷണം

- നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണിത്.
- സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസിലാക്കുന്നു
- ഗവേഷകൻ അവരുടെ ഭാഷ, സംസ്ക്കാരം എന്നിവ പഠിക്കുന്നു
- അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാകുന്നു
- ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റ രീതികൾവരെ പഠനവിധേയമാക്കാൻ കഴിയുന്നു
- ഇതിനെ ഫീൽഡ് വർക്ക് എന്നും വിളിക്കാറുണ്ട്

18. പങ്കാളിത്ത രഹിത നിരീക്ഷണം

- ഇതിൽ സമൂഹ ശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്ത് നിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

19. കേസ് സ്റ്റഡി

- അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്.
- ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും
- ഈ പഠനരീതി ഉപയോഗിച്ച് പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്നു പറയുന്നു

- കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി

20. സമൂഹ ശാസ്ത്രത്തിന്റെ പ്രയോഗ സാധ്യതകൾ എന്തെല്ലാം
    a) ഭരണ ആസൂത്രണ മേഖലകൾ
    b) വാണിജ്യം
    c) നഗരാസൂത്രണം
    d) സാമൂഹ്യ ക്ഷേമം
    e) പരസ്യം
    f) വാർത്താവിനിമയം
    g) വിദ്യാഭ്യാസം

## PART B - SS II അദ്ധ്യായം : 1 ഋതുഭേദങ്ങളും സമയവും

മാർക്ക് : 8

1. പരിക്രമണം
ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ ഭൂമി സൂര്യനെ വലം വെയ്ക്കുന്നതാണ് പരിക്രമണം

2. അച്ചുതണ്ടിന്റെ സമാന്തരത
ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ നിന്ന് 66.5 ഡിഗ്രി ചരിവുണ്ട്.
ലംബതലത്തിൽ നിന്ന് ഇരുപത്തി മൂന്നര ഡിഗ്രിയും (23.5) ചരിവുണ്ട്
പരിക്രമണ വേളയിലുടെനീളം ഭൂമി ഈ ചെരിവ് നിലനിർത്തുന്നു.
ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത

3. ഋതുഭേദങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ
   a) ഭൂമിയുടെ പരിക്രമണം
   b) അച്ചുതണ്ടിന്റെ ചരിവ്
   c) അച്ചുതണ്ടിന്റെ സമാന്തരത
   d) സൂര്യന്റെ അയനം

4. സൂര്യന്റെ അയനം
അച്ചുതണ്ടിന്റെ സമാന്തരത മൂലം ഭൂമിക്ക് അപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റമുണ്ടാകുന്നു.
ഉത്തരായന - ദക്ഷിണായന രേഖയ്ക്ക് ഇടയിലാണ് സൂര്യന് ആപേക്ഷികമായ സ്ഥാനമാറ്റമുണ്ടാകുന്നത്. ഇതാണ് സൂര്യന്റെ അയനം

5. സമരാത്ര ദിനങ്ങൾ / അഥവാ വിഷുവങ്ങൾ
   a) മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിനങ്ങളാണ് സമരാത്രദിനങ്ങൾ
   b) സുര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമദ്ധ്യരേഖക്ക് നേർമുകളിലാകുന്നു.
   c) ഉത്തര - ദക്ഷിണ അർദ്ധഗോളങ്ങളിൽ തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു
   d) ഈ ദിനങ്ങളിൽ രണ്ട് അർദ്ധഗോളങ്ങളിലും പകലുകളുടെ ദൈർഘ്യം തുല്യമായിരിക്കും
   e) മാർച്ച് 21 വസന്തവിഷുവവും
   f) സെപ്റ്റംബർ 23 ശരത് വിഷുവവുമാണ്

6. അയനാന്ത ദിനങ്ങൾ
സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖക്ക് നേർമുകളിൽ വരുന്ന ജൂൺ 21 ഗ്രീഷ്മ അയനാന്തദിനം എന്നും, ദക്ഷിണായരേഖക്ക നേർ മുകളിൽ വരുന്ന ഡിസംബർ 22 ശൈത്യായന ദിനമെന്നും അറിയപ്പെടുന്നു. ഗ്രീഷ്മ അയനാന്തദിനം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ രാത്രിയുമായിരിക്കും. ശൈത്യ അയനാന്തദിനം ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രിയുമായിരിക്കും.

7. പട്ടികകൾ

| മാസം | സൂര്യരശ്മിയുടെ സ്ഥാനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർദ്ധ ഗോളം | ദക്ഷിണാർദ്ധ ഗോളം |
| മാർച്ച് 21<br>സെപ്റ്റംബർ 23 | ഉത്തരാർദ്ധഗോളം | ഉഷ്ണകാലം/<br>വേനൽക്കാലം | ശൈത്യകാലം |
| സെപ്റ്റംബർ 23<br>മാർച്ച് 21 | ദക്ഷിണാർദ്ധ ഗോളം | ശൈത്യകാല്യം | ഉഷ്ണകാലം/<br>വേനൽക്കാലം |

വസന്തകാലം  ശൈത്യകാലത്തിൽ നിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം
ഹേമന്തകാലം  വേനൽക്കാല ചൂടിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| മാർച്ച് 21-ജൂൺ 21 | ഭൂമദ്ധ്യരേഖയിൽ നിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 - സെപ്റ്റം. 23 | ഉത്തരായനരേഖയിൽ നിന്ന് ഭൂമദ്ധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്റ്റം. 23 ഡിസം. 22 | ഭൂമദ്ധ്യരേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 മാർച്ച് 21 | ദക്ഷിണായന രേഖയിൽ നിന്ന് ഭൂമദ്ധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

8. പ്രാദേശിക സമയം
ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയമാണ് പ്രാദേശിക സമയം

9. ഭ്രമണം
ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി കറങ്ങുന്നതാണ് ഭ്രമണം
ഇത് പടിഞ്ഞാറു നിന്ന് കിഴക്കോട്ടാണ്
ആദ്യം സൂര്യോദയം അനുഭവപ്പെടുക ഒരുപ്രദേശത്തിന്റെ കിഴക്കുദിക്കിലാകും
ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ വേണം
ഭ്രമണഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.

10. പ്രൈം മെറീഡിയൻ
ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണ്ണയിക്കപ്പെടുന്നത്. എന്നതിനാൽ ഈ രേഖ പ്രൈം മെറിഡീയൻ എന്ന് വിളിക്കപ്പെടുന്നു.

11. ഗ്രീനിച്ച് രേഖ - കുറിപ്പ്
0 ഡിഗ്രി രേഖാംശരേഖ
ഇംഗ്ലണ്ടിലെ ഗ്രീനിച്ചിലൂടെ കടന്നുപോകുന്നു
ലോകസമയം നിർണ്ണയിക്കാൻ ആധാരമാക്കുന്നു
പ്രൈമം മെറീഡിയൻ എന്ന് വിളിക്കപ്പെടുന്നു
ഗ്രീനിച്ച് രേഖയെ അടിസ്ഥാനപ്പെടുത്തി ലോകത്തെ 24 സമയ മേഖലകളായി തിരിച്ചിരിക്കുന്നു.

12. സമയമേഖലകൾ
ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നതാണ് സമയമേഖലകൾ. ഓരോ മേഖലയും 15 ഡിഗ്രി രേഖാംശ വ്യാപ്തിയിലാണ് സ്ഥിതി ചെയ്യുന്നത്.
15 ഡിഗ്രി തിരിയാൻ ഭൂമിക്ക് 1 മണിക്കൂറും 1 ഡിഗ്രി തിരിയാൻ 4 മിനിറ്റും വേണം

13. മാനകരേഖാംശവും മാനകസമയവും
ലോകത്തിലെ ഓരോ രാജ്യവും ആ രാജ്യത്തിന്റെ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി കണക്കാക്കുന്നു
മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം

14. ഇന്ത്യൻ സ്റ്റാന്റേർഡ് സമയം : ഇന്ത്യയുടെ മാനകരേഖാംശം
ഇന്ത്യയുടെ ഏകദേശം മധ്യത്തിലൂടെ കടന്നുപോകുന്നു
എൺപത്തി രണ്ടര ഡിഗ്രി (82.5) പൂർവരേഖാംശമാണ് ഇന്ത്യയുടെ മാനകരേഖാംശം
ഇവിടുത്തെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം
ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽ നിന്ന് അഞ്ചര മണിക്കൂർ (5.30) മുന്നിലാണ് (കൂടുതലാണ്)

15. അന്താരാഷ്ട്ര ദിനാങ്കരേഖ
180 ഡിഗ്രി രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ
ഈ രേഖയുടെ കിഴക്കോട്ട് ഒരുദിവസം കുറവും പടിഞ്ഞാറോട്ട് ഒരു ദിവസം കൂടുതലും ആയിരിക്കും
അന്താരാഷ്ട്ര ദിനാങ്കരേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ വ്യത്യാസമുണ്ടായിരിക്കും
ഇതൊരു നേർരേഖയല്ല


16. പ്രധാന അക്ഷാംശ രേഖകൾ
a) 0 ഡിഗ്രി അക്ഷാംശരേഖ - ഭൂമദ്ധ്യരേഖ
b) 23.5 ഡിഗ്രി വടക്ക് - ഉത്തരായന രേഖ
c) 23.5 ഡിഗ്രി തെക്ക് - ദക്ഷിണായന രേഖ

17. പ്രാധാന രേഖാംശരേഖകൾ
a) 0 ഡിഗ്രി രേഖാംശരേഖ - ഗ്രീനിച്ച് രേഖ
b) 180 ഡിഗ്രി രേഖാംശരേഖ - അന്തരാഷ്ട്ര ദിനാങ്കരേഖ

18. ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം ?
തീവണ്ടി സമയക്രമം തയ്യാറാക്കാൻ കഴിയില്ല
റേഡിയോ സമയക്രമം നൽകാൻ കഴിയില്ല
മത്സര പരീക്ഷകളെ ബാധിക്കും
ടെലിവിഷൻ സമയക്രമം ബുദ്ധിമുട്ടാകും.

19. ഗ്രീനിച്ച് സമയം ഉച്ചയ്ക്ക് 12 മണി ആയിരിക്കുമ്പോൾ 75 ഡിഗ്രി പശ്ചിമ രേഖാംശത്തിലെ പ്രദേശത്തെ സമയമെത്രയായിരിക്കും?
ഗ്രീനിച്ച് സമയം 12 ഉച്ച
75 ഡിഗ്രി പശ്ചിമരേഖാംശത്തിലെ സമയം = ഗ്രീനിച്ച് സമയം - സമയ വ്യത്യാസം
(15 ഡിഗ്രിക്ക് 1 മണിക്കൂർ തോതിൽ 75 ഡിഗ്രിക്ക് 5 മണിക്കൂർ സമയവ്യത്യാസം)

12 - 5 മണിക്കൂർ = 7 am



# PART B - SS II അദ്ധ്യായം : 2 കാറ്റിന്റെ ഉറവിടം തേടി

മാർക്ക് : 8

1. അന്തരീക്ഷ മർദ്ദം
   a) അന്തരീക്ഷ വായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷ മർദ്ദം
   b) ഇതളക്കുന്നത് രസബാരോമീറ്റർ കൊണ്ടാണ്
   c) ഹെക്ടോപാസ്കൽ എന്ന ഏകകത്തിലാണ് ഇത് രേഖപ്പെടുത്തുന്നത്
   d) ചതുരശ്ര സെന്റീമീറ്ററിന് 1034 മില്ലീഗ്രാം തോതിലാണ് അന്തരീക്ഷവായുവിന്റെ ഭാരം
   e) സ്ഫടിക കുഴലിൽ 76 സെ.മീ. രസനിരപ്പ് ഉയർന്നാൽ അന്തരീക്ഷ മർദ്ദം 1013.2 മില്ലിബാർ ആണ്.

2. അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
   a) പ്രദേശത്തിന്റെ ഉയരം : ഉയരം കൂടുമ്പോൾ അന്തരീക്ഷമർദ്ദം കുറയുന്നു
      ഉയരവും അന്തരീക്ഷമർദ്ദവും വിപരീത അനുപാതത്തിലാണ്
   b) താപം : താപം കൂടുമ്പോൾ അന്തരീക്ഷ മർദ്ദം കുറയുന്നു
      താപം കുറയുമ്പോൾ അന്തരീക്ഷ മർദ്ദം കൂടുന്നു/ താപവും അന്തരീക്ഷ മർദ്ദവും വിപരീത അനുപാതത്തിലാണ്.
   c) ആർദ്രത : അന്തരീക്ഷ വായുവിലെ ജലാംശത്തിന്റെ അളവാണ് ആർദ്രത
      നിരാവിക്ക് വായുവിനേക്കാൾ ഭാരം കുറവായതിനാൽ ആർദ്രത കൂടുമ്പോൾ മർദം കുറയും
      ആർദ്രതയും അന്തരീക്ഷമർദ്ദവും വിപരീത അനുപാതത്തിലാണ്

3. ഉച്ചമർദ്ദം, ന്യൂനമർദ്ദം
   a) ഉച്ചമർദ്ദം
      ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് അന്തരീക്ഷമർദ്ദം കൂടുതലാണെങ്കിൽ അവിടെ ഉച്ചമർദ്ദമായിരിക്കും.
   b) ന്യൂനമർദ്ദം
      ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് ന്യൂനമർദ്ദം കുറവാണെങ്കിൽ അവിടെ അന്തരീക്ഷ മർദ്ദമായിരിക്കും.


4. സമ മർദ്ദരേഖകൾ
   ഒരേ അന്തരീക്ഷ മർദ്ദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കൽപിക രേഖകളാണ് സമ മർദ്ദരേഖകൾ

5. ആഗോള മർദ്ദമേഖലകൾ
   ഭൂമിയിൽ ചില അക്ഷാംശങ്ങളിൽ ഒരേ അന്തരീക്ഷമർദ്ദം അനുഭവപ്പെടുന്നു..
   ഇവയെ ഏഴാക്കി തിരിച്ചിരിക്കുന്നു. ഇവയാണ് ആഗോളമർദ്ദ മേഖലകൾ

6. ആഗോള മർദ്ദമേഖലകൾ

*** ഒരേ അന്തരീക്ഷ മർദ്ദം അനുഭവപ്പെടുന്ന അക്ഷാംശമേഖലകൾ**

ചിത്രം ശ്രദ്ധിച്ച് ആഗോള മർദ്ദ മേഖലകൾ അടയാളപ്പെടുത്തുക.




A) - മധ്യരേഖ ന്യൂനമർദ്ദ മേഖല

B) - ഉപോഷ്ണ ഉച്ചമർദ്ദ മേഖല

C) - ഉപധ്രുവീയ ന്യൂനമർദ്ദ മേഖല

D) - ധ്രുവീയ ഉച്ചമർദ്ദ മേഖല

ആഗോള മർദ്ദമേഖലകളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| ആഗോള മർദ്ദമേഖലകൾ | അക്ഷാംശവ്യാപ്തി | രൂപംകൊള്ളാനുള്ള കാരണം |
|---|---|---|
| മദ്ധ്യരേഖ ന്യൂനമർദ്ദ മേഖല | $5^0$ വടക്ക് മുതൽ $5^0$ തെക്ക് വരെ | സൂര്യന്റെ ലംബരശ്മി പതിക്കുന്നതിനാൽ വായു ചൂടുപിടിച്ച് ഉയർന്നു പൊങ്ങുന്നു. |
| ഉപോഷ്ണ ഉച്ചമർദ്ദ മേഖല | $30^0$ വടക്ക് $30^0$ തെക്ക് അക്ഷാംശങ്ങൾ | ഭ്രമണത്തിന്റെ ഫലമായി തണുത്ത വായു താഴ്ന്നിറങ്ങുന്നു. |
| ഉപധ്രുവീയ ന്യൂനമർദ്ദ മേഖല | $60^0$ വടക്ക് $60^0$ തെക്ക് അക്ഷാംശങ്ങൾ | ഭൂഭ്രമണത്തിന്റെ ഫലമായി വായു മുകളിലേക്ക് ചുഴറ്റി എറിയപ്പെടുന്നു |
| ധ്രുവീയ ഉച്ച മർദ്ദ മേഖല | $90^0$ വടക്ക് $90^0$ തെക്ക് അക്ഷാംശങ്ങൾ | കൊടുംതണുപ്പിനാൽ വായു തണുത്ത് അടിഞ്ഞുകൂടുന്നു |

7. ആഗോള മർദ്ദമേഖലകളുടെ രൂപീകരണ കാരണം
   a) സൗരോർജ ലഭ്യതയിലെ ഏറ്റക്കുറച്ചിൽ b) ഭൂമിയുടെ ഭ്രമണം

8. കാറ്റ്

   ഉച്ചമർദ്ദമേഖലയിൽ നിന്നും ന്യൂനമർദ്ദമേഖലയിലേക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ

9. കാറ്റിന്റെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ
   a) മർദചെരിവുമാന ബലം
   b) കോറിയോലിസ് പ്രഭാവം
   c) ഘർഷണം

10. മർദ്ദ ചെരിവുമാന ബലം : മർദ്ദ ചെരിവ് കൂടുതാലണെങ്കിൽ കാറ്റിന്റെ വേഗത കൂടുതലായിരിക്കും
    മർദ്ധ ചെരിവ് കുറവാണെങ്കിൽ കാറ്റിന്റെ വേഗത കുറവായിരിക്കും.

11. കോറിയോലിസ് പ്രഭാവം

ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭ്രമണം നിമിത്തം ഉത്തരാർദ്ധഗോളത്തിൽ സഞ്ചാരദിശക്ക് വലത്തോട്ടും ദക്ഷിണാർദ്ധഗോളത്തിൽ സഞ്ചാരദിശക്ക് ഇടത്തോട്ടും വ്യതിചലനമുണ്ടാകുന്നു. ഇതിന് കാരണമാകുന്ന ബലത്തെ കോറിയോലിസ് ബലം എന്നു പറയുന്നു.

12. ഘർഷണം : കാറ്റിന്റെ സഞ്ചാരത്തിന് പ്രതികൂലമായ ഘടകങ്ങളാണിത്.

13. ഫെറൽ നിയമം

കോറിയോലിസ് ബലത്തെ അടിസ്ഥാനമാക്കി കാറ്റിന്റെ ദിശാവ്യതി ചലനത്തെക്കുറിച്ച് അഡ്മിറൽ ഫെറൽ അവതരിപ്പിച്ച നിയമമാണ് ഫെറൽ നിയമം. ഇതനുസരിച്ച് കാറ്റിന്റെ സഞ്ചാരദിശ ഉത്തരാർദ്ധ ഗോളത്തിൽ വലത്തോട്ടും ദക്ഷിണാർദ്ധഗോളത്തിൽ ഇടത്തോട്ടും ആയിരിക്കും.

14. ആഗോളവാതങ്ങൾ


ആഗോളമർദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ ആഗോള വാതങ്ങൾ എന്നു വിളിക്കുന്നു. വർഷം മുഴുവൻ ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകളാണിവ

15A. ആഗോളവാതങ്ങൾ മൂന്ന്തരം

a) വാണിജ്യ വാതങ്ങൾ - 30 ഡിഗ്രിയിൽ നിന്ന് 0 ഡിഗ്രിയിലേക്ക് വീശുന്നു

b) പശ്ചിമ വാതങ്ങൾ - 30 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു

c) ധ്രുവീയ വാതങ്ങൾ - 90 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു




A) വാണിജ്യ വാതങ്ങൾ

B) പശ്ചിമ വാതങ്ങൾ

C) ധ്രുവീയ പൂർവവാതങ്ങൾ

15 B. ആഗോള വാതങ്ങൾ - വിവരിക്കുക

കാറ്റുകളുടെ പേരുകൾ, അവ വീശുന്ന മേഖല, അവയുടെ ദിശ, പ്രത്യേകതകൾ എന്നിവ എഴുതുക

1. **വാണിജ്യവാതങ്ങൾ**

- 30º അക്ഷാംശത്തിൽ നിന്നും 0º അക്ഷാംശത്തിലേക്ക് വീശുന്നു.
- ഉപോഷണ ഉച്ചമർദ്ദ മേഖലയിൽ നിന്നും ഭൂമദ്ധ്യരേഖാന്യൂനമർദ്ദ മേഖലയിലേക്ക് വീശുന്നു.
- കോറിയോലിസ് പ്രഭാവത്താൽ ദിശാവ്യതിയാനം സംഭവിക്കുന്നു.
- ഉത്തരാർദ്ധഗോളത്തിൽ വടക്കുകിഴക്കൻ വാണിജ്യവാതം എന്ന് അറിയപ്പെടുന്നു.
- ദക്ഷിണാർദ്ധ ഗോളത്തിൽ തെക്കുകിഴക്കൻ വാണിജ്യവാതം എന്ന് അറിയപ്പെടുന്നു.
- വൻകരകളുടെ കിഴക്കുഭാഗത്ത് നല്ല മഴ ലഭിക്കുന്നു.
- വൻകരകളുടെ പടിഞ്ഞാറുഭാഗത്ത് ഉഷ്ണ മരുഭൂമികൾ രൂപം കൊള്ളുന്നു.

2. **പശ്ചിമവാതങ്ങൾ**

- 30º അക്ഷാംശത്തിൽ നിന്നും 60º അക്ഷാംശത്തിലേക്ക് വീശുന്നു.
- ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവീയന്യൂനമർദ്ദ മേഖലയിലേക്ക് വീശുന്നു.
- കോറിയോലിസ് പ്രഭാവത്താൽ ദിശാവ്യതിയാനം.
- ദക്ഷിണാർദ്ധ ഗോളത്തിൽ വൻകരകൾ കുറവായതിനാൽ പശ്ചിമവാതങ്ങൾക്ക് വേഗത കൂടുതലാണ്.
- റോറിംഗ് ഫോർട്ടീസ് ഫ്യൂരിയസ് ഫിഫ്റ്റീസ്, ഷ്റീക്കിംഗ് സിക്സ്റ്റീസ് എന്നിങ്ങനെ നാവികർ വിളിക്കുന്നു.

3. **ധ്രുമീയ വാതങ്ങൾ**

- 90º അക്ഷാംശത്തിൽനിന്ന് 60º അക്ഷാംശത്തിലേക്ക് വീശുന്നു
- കോറിയോലിസ് പ്രവാഹത്താൽ ദിശാവ്യതിയാനം സംഭവിക്കുന്നു
- ധ്രുവീയ പൂർവ്വ വാതങ്ങൾ എന്നറിയപ്പെടുന്നു

16. കാലിക വാതങ്ങൾ

കാലികമായ മാറ്റങ്ങൾക്കനുസൃതമായി വീശുന്ന കാറ്റുകളാണിവ
മൺസൂൺ കാറ്റുകൾ കാലികവാതമാണ്.

17. മൺസൂൺ കാറ്റിന്റെ രൂപം കൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ

a) സൂര്യന്റെ അയനം
b) കോറിയോലിസ് പ്രഭാവം
c) താപനത്തിലെ വ്യത്യാസങ്ങൾ

18. കരക്കാറ്റും കടൽക്കാറ്റും

കരയും കടലും അസന്തുലിതമായി ചൂടുപിടിക്കുകയും തണുക്കുകയും ചെയ്യുന്നതാണ് ഈ കാറ്റുകൾക്ക് കാരണം

19. കരകാറ്റ്

രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ച് തണുക്കുന്നതിനാൽ കരയിൽ ഉച്ചമർദ്ദവും കടലിൽ ന്യൂനമർദ്ദവും ആയിരിക്കും. അപ്പോൾ കരയിൽ നിന്ന് കടലിലേക്ക് വീശുന്ന കാറ്റാണ് കരക്കാറ്റ്

20. കടൽകാറ്റ്

പകൽ കര പെട്ടെന്ന് ചൂടാകുന്നതിനാൽ കരയിൽ ന്യൂനമർദ്ദവും കടലിൽ ഉച്ചമർദ്ദവുമായിരിക്കും. അപ്പോൾ താരതമ്യേന തണുത്തവായു കടലിന് മുകളിൽ നിന്ന് തീരത്തേക്ക് വീശുന്നു. ഇതാണ് കടൽക്കാറ്റ്

21. കരക്കാറ്റും കടൽക്കാറ്റും വ്യക്തമാക്കുക.

| കടൽക്കാറ്റ് | കരക്കാറ്റ് |
|---|---|
| പകൽ സമയം | രാത്രി സമയം |
| കര പെട്ടെന്ന് ചൂടുപിടിക്കുന്നു | കരപെട്ടെന്ന് തണുക്കുന്നു |
| കരയ്ക്കു മുകളിൽ ന്യൂനമർദ്ദം | കരയ്ക്കു മുകളിൽ ഉച്ചമർദ്ദം |
| കടലിൽ നിന്ന് കരയിലേക്ക് കാറ്റ് | കരയിൽ നിന്ന് കടലിലേക്ക് കാറ്റ് |

22. താഴ്‌വരക്കാറ്റും പർവ്വതക്കാറ്റും വ്യക്തമാക്കുക

- പകൽ സമയത്ത് താഴ്‌വരയിലെ വായു ചൂടുപിടിക്കുന്നു. ചൂടുപിടിച്ച വായു പർവ്വത ചരിവുകളിലൂടെ മുകളിലേക്കുയരുന്നു. ഇതാണ് താഴ്‌വരക്കാറ്റ്.
- രാത്രി സമയത്ത് പർവ്വത പ്രദേശങ്ങളിലെ വായു തണുക്കുന്നു. തണുത്ത വായു ഭാരം കൂടുതലായതിനാൽ താഴേക്ക് വീശുന്നു. ഇതാണ് പർവതക്കാറ്റ്.

23. പ്രാദേശിക വാതങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക

| പ്രാദേശിക വാതം | വീശുന്ന പ്രദേശം | പ്രത്യേകത |
|---|---|---|
| ചിനൂക്ക് | • വടക്കേ അമേരിക്ക – റോക്കി പർവതത്തിന്റെ കിഴക്കൻചെരുവിലൂടെ വീശുന്നു. | മഞ്ഞുരുകുന്നു, ഗോതമ്പ് കൃഷി |
| ഫൊൻ | • ആൽപ്സ് പർവ്വത നിര കടന്ന് തെക്കൻ താഴ്‌വാരത്തേക്ക് വീശുന്നു. | തണുപ്പിന്റെ കാഠിന്യം കുറയ്ക്കുന്നു |
| ഹർമാറ്റൻ | • ആഫ്രിക്ക – സഹാറ മരുഭൂമിയിൽ നിന്നും പടിഞ്ഞാറോട്ട് വീശുന്നു. | • കാലാവസ്ഥ മെച്ചപ്പെടുന്നു. • അതിനാൽ ഡോ.ഹർമ്മാറ്റൻ എന്ന് വിളിക്കുന്നു. |
| ലൂ | • ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്നു | വേനലിന്റെ തീഷ്ണത വർദ്ധിക്കുന്നു |
| മാംഗോ ഷവേഴ്സ് | • ദക്ഷിണേന്ത്യയിൽ വീശുന്നു | മാമ്പഴങ്ങൾ പൊഴിയുന്നു |

## PART B - SS II അദ്ധ്യായം : 3 മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

മാർക്ക് : 4

1. മാനവവിഭവശേഷി വികസനം

   വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതാണ് മാനവവിഭവശേഷി വികസനം

2. മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തരങ്ങൾ

   a) വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവ് വികസിപ്പിക്കുന്നു.

   b) കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സഹചാര്യം ഒരുക്കുന്നു.

   c) വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

   d) രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു.

3. മാനവവിഭവത്തിന്റെ ഗണപരവും ഗുണപരവുമായ സവിശേഷതകൾ

   **a) ഗണപരമായ സവിശേഷതകൾ**

   ജനസംഖ്യാ വലുപ്പം
   ജനസാന്ദ്രത
   ജനസംഖ്യാ വളർച്ച
   ജനസംഖ്യാ ഘടന
   പ്രായഘടന
   സ്ത്രീപുരുഷ അനുപാതം
   തൊഴിൽ പങ്കാളിത്ത നിരക്ക്
   ആശ്രയത്വ നിരക്ക്
   ജനന നിരക്ക്

   **b) ഗുണപരമായ സവിശേഷതകൾ**

   വിദ്യാഭ്യാസം
   സാക്ഷരതാനിരക്ക്
   ആരോഗ്യപരിപാലനം
   ആയൂർദൈർഘ്യം

4. ജനസംഖ്യാ വലുപ്പം

   ഒരുനിശ്ചിത സമയത്ത് ഒരുരാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ രാജ്യത്തെ ജനസംഖ്യാ വലുപ്പം

   ജനസംഖ്യയെക്കുറിച്ച് വിശകലനം ചെയ്യുന്ന സാമൂഹ്യശാസ്ത്ര ശാഖയാണ് ജനസംഖ്യാ ശാസ്ത്രം

5. ജനസംഖ്യാ കണക്കെടുപ്പ് / സെൻസസ്

   ഓരോ രാജ്യവും നിശ്ചിത ഇടവേളകളിൽ രാജ്യത്തെ ജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും, വിശകലന വിധേയമാക്കുകയും ചെയ്യുന്ന പ്രവർത്തനം

6. പോപ്പുലേഷൻ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണറുടെ ഓഫീസാണ് ഇന്ത്യയിൽ സെൻസസ് നടത്തുന്നത്. പത്ത് വർഷം കൂടുമ്പോഴാണിത്.

7. ജനസംഖ്യാപഠനത്തിന്റെ ആവശ്യകത എന്ത്?

a) ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാൻ

b) പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാൻ

c) രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയുക

d) സാമൂഹിക - സാമ്പത്തിക വികസന നയങ്ങൾ രൂപീകരിക്കുക

e) ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്നറിയുക.

8. ജനസാന്ദ്രത

ഒരു ചതുരശ്ര കീലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത

9. ജനസംഖ്യാ വളർച്ച

ഒരു പ്രദേശത്തെ ജനസംഖ്യയിൽ നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന വർദ്ധനവാണിത്. ജനസംഖ്യ മുൻവർഷത്തെ അപേക്ഷിച്ച് എത്രശതമാനം വർദ്ധിച്ചു എന്നതാണ് ജനസംഖ്യാ വളർച്ചാ നിരക്ക്

10. ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ

| | | |
|---|---|---|
| ജനനനിരക്ക് / മരണനിരക്ക് | ജനനനിരക്ക് വർദ്ധിക്കുന്നു<br>മരണനിരക്ക് കുറയുന്നു | ജനസംഖ്യ വർദ്ധിക്കുന്നു |
| | ജനനനിരക്ക് കുറയുന്നു<br>മരണനിരക്ക് വർദ്ധിക്കുന്നു | ജനസംഖ്യ കുറയുന്നു |
| കുടിയേറ്റം | ജനനനിരക്കും മരണനിരക്കും തുല്യം<br>ഒരുപ്രദേശത്ത് ജനസംഖ്യ വർദ്ധിക്കുന്നു. | ജനസംഖ്യയിൽ മാറ്റമില്ല<br>മറ്റൊരുപ്രദേശത്ത് ജനസംഖ്യ കുറയുന്നു |

11. ജനനനിരക്ക്

ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത്ര കുഞ്ഞുങ്ങൾ ജീവനോടെ ജനിക്കുന്നു എന്നതാണ് ജനനനിരക്ക്

12. മരണനിരക്ക്

ആകെ ജനസംഖ്യിൽ 1000 പേരിൽ എത്ര മരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക്

13. കുടിയേറ്റം

ഒരു പ്രദേശത്ത് നിന്ന് ജനങ്ങൾ മറ്റൊരു പ്രദേശത്തേക്ക് താമസം മാറ്റുന്നതാണ് കുടിയേറ്റം

14. ജനസംഖ്യാഘടന / പ്രായഘടന

ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതാണ് പ്രായഘടന

15. ഇന്ത്യയിലെ പ്രായഘടനാ ഗ്രൂപ്പുകൾ

a) 0-14 വയസുവരെ b) 15 - 59 വയസുവരെ

c) 60 വയസിന് മുകളിൽ

16. തൊഴിൽ പങ്കാളിത്ത നിരക്ക്

15 വയസിനും 59 വയസിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്

17. ആശ്രയത്വ നിരക്ക്

0 മുതൽ 14 വയസുവരെയുള്ളവരും 60 വയസ്സു കഴിഞ്ഞവരും ആശ്രയത്വ വിഭാഗത്തിൽപ്പെടുന്നു.

ആകെ ജനസംഖ്യയിൽ ഇവരുടെ അനുപാതത്തെ ആശ്രയത്വനിരക്ക് എന്ന് പറയുന്നു.

18. സ്ത്രീ - പുരുഷ അനുപാതം

1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ - പുരുഷ അനുപാതം

(2011 ൽ 940 / 1000)

19. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ / സവിശേഷതകൾ

a) സാമ്പത്തിക അന്തരം കുറയ്ക്കാം

b) പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം

c) സാമൂഹികക്ഷേമം ഉറപ്പുവരുത്താം

d) തൊഴിലാളികളുടെ ഉൽപ്പാദന ക്ഷമത കൂട്ടാം

20. വിദ്യാഭ്യാസം സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്ന വിധം (ഫ്ളോചാർട്ട്)

വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു

↓

സാങ്കേതിക അറിവ് ലഭിക്കുന്നു

↓

മെച്ചപ്പെട്ട തൊഴിൽ

↓

നല്ല വരുമാനം

↓

ജീവിത നിലവാരം ഉയരുന്നു

21. സാക്ഷരതാ നിരക്ക്

ജനസംഖ്യയിൽ 1000 പേരിൽ എത്ര പേർക്ക് ആശയം മനസിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ് സാക്ഷരതാ നിരക്ക്

22. വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | a) 6 വയസുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം<br>b) ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യപരിപാലനം |
| സർവ്വശിക്ഷാ അഭിയാൻ (SSA) | a) സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക<br>b) വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | a) സെക്കണ്ടറി വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുക<br>b) വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |
| രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) | a) ഉന്നത വിദ്യാഭ്യാസ ലഭ്യത വർദ്ധിപ്പിക്കുക<br>b) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| നാഷ്ണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | a) യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.<br>b) തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പ് വരുത്തുക |
| വിദ്യാഭ്യാസ അവകാശ നിയമം 2009 | a) എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു വരുത്തുക |

23. വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

a) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഒരുവിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്

b) വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതകുറവുണ്ട്

c) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

24. ആരോഗ്യം

ശാരീരികമായും മാനസികമായും സാമൂഹികമായും ആയ സുസ്ഥിതിയാണ് ആരോഗ്യം എന്ന് ലോകാരോഗ്യ സംഘടന (WHO) നിർവചിക്കുന്നു.

25. ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു

a) പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും

b) തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു

c) കാര്യക്ഷമത കൂടുന്നു

d) ഉൽപ്പാദനം കൂടും

e) ഉൽപ്പാദന വർദ്ധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും

f) ചികിത്സാ ചിലവുകൾ കുറയ്ക്കാം

g) അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും

26. ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ

a) പോഷകാഹാര ലഭ്യത

b) ശുദ്ധജല ലഭ്യത

c) ശുചിത്വ പരിപാലനം

d) ചികിത്സാസൗകര്യങ്ങൾ

e) രോഗപ്രതിരോധ സംവിധാനങ്ങൾ

27. ചികിത്സാ രംഗത്ത് വിവിധ തലങ്ങളിലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

a) മെഡിക്കൽ കോളേജുകൾ

b) ജില്ലാ ആശുപത്രികൾ

c) സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ

d) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

e) ആരോഗ്യ ഉപകേന്ദ്രങ്ങൾ

28. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ

| | |
|---|---|
| ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (NRHM) | ഗ്രാമീണമേഖയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു. |
| ദേശീയ നഗരാരോഗ്യമിഷൻ (NUHM) | 50000ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു. |

# PART B - SS II അദ്ധ്യായം : 4 ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

മാർക്ക് : 4

1. എല്ലാ ഭൗമോപരിതല സവിശേഷതകളും വിശദമായി ചിത്രീകരിക്കുന്ന ഭൂപടം ഏത്?
   - ധരാതലീയ ഭൂപടം

2. ധരാതലീയ ഭൂപടങ്ങളുടെ പ്രത്യേകത എന്ത്?

   പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളേയും വളരെ വിശദമായി ചിത്രീകരിക്കുന്നു എന്നതാണ് ധരാതലീയ ഭൂപടങ്ങളുടെ പ്രത്യേകത.

3. ഇന്ത്യയിൽ ധരാതലീയ ഭൂപടം നിർമ്മിക്കുന്ന ഏജൻസി?
   - സർവേ ഓഫ് ഇന്ത്യ.

4. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ ഏവ?
   - ഭൂപ്രദേശങ്ങളുടെ ഭൗതിക, സാംസ്കാരിക സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്.
   - സൈനിക ഭൂപട നിർമാണത്തിന്
   - സൈനിക പ്രവർത്തനങ്ങൾക്ക്
   - നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക്
   - വിഭവങ്ങൾ കണ്ടെത്തി പഠിക്കുന്നതിന്

5. ധരാതലീയ ഭൂപടങ്ങൾ വായിക്കുന്നതിന് അനിവാര്യമായ ധാരണകൾ/അറിവുകൾ ഏവ?
   - ധരാതലീയ ഭൂപടങ്ങളുടെ നമ്പർ ക്രമം.
   - സ്ഥാന നിർണയ രീതികൾ (ഗ്രിഡ് റഫറൻസ്)
   - അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും
   - ഭൂപ്രദേശങ്ങളുടെ ഉയരവും ചരിവും (കോണ്ടൂർ രേഖകൾ)
   - സവിശേഷതകൾ ചിത്രീകരിക്കുന്ന രീതികൾ

6. ലോകത്തിലെ മുഴുവൻ വൻകരകളുടേയും ധരാതലീയഭൂപടങ്ങൾ അനേകം ഷീറ്റുകളിലായി ചിത്രീകരിച്ചിരിക്കുന്നു. അവയുടെ സവിശേഷതകൾ ഏവ?
   - ആകെ 2222 ഷീറ്റുകൾ
   - $60^0$ വടക്കും മുതൽ $60^0$ തെക്കുവരെ - 1800 ഷീറ്റുകൾ
   - $60^0$-$88^0$ വടക്കും $60^0$-$88^0$ തെക്കും-420 ഷീറ്റുകൾ
   - $88^0$-$90^0$ വടക്കും $88^0$ - $90^0$ തെക്കും - 2 ഷീറ്റുകൾ

7. മില്ല്യൻ ഷീറ്റുകൾ, ഡിഗ്രി ഷീറ്റുകൾ എന്നിവയുടെ പ്രത്യേകതകൾ

| മില്യൻ ഷീറ്റുകൾ | ഡിഗ്രി ഷീറ്റുകൾ |
|---|---|
| • 1–105 വരെ നമ്പറുകൾ | • A മുതൽ P വരെ നമ്പറുകൾ |
| • $4^0$ അക്ഷാംശം $4^0$ രേഖാംശം വ്യാപ്തി | • $1^0$ അക്ഷാംശം $1^0$ രേഖാംശം വ്യാപ്തി |
| • 1:10,00,000 എന്ന തോത് | • 1;2,50,000 എന്ന തോത് |
| • ഓരോ ഷീറ്റിനേയും 16 ഭാഗമായി തിരിച്ചിരിക്കുന്നു | • ഓരോ ഷീറ്റിനേയും 16 ഭാഗമായി തിരിച്ചിരിക്കുന്നു |


8. ധരാതലീയ ഭൂപടത്തിൽ 45 D 10 എന്ന നമ്പർ നൽകിയിരിക്കുന്നു. ഇതിൽ 45 എന്തിനെ സൂചിപ്പിക്കുന്നു?

- മില്യൺ ഷീറ്റ് നമ്പർ

9. ആഗോളതലത്തിൽ അംഗീകരിച്ചിരിക്കുന്ന നിറങ്ങളും ചിഹ്നങ്ങളുമാണ് ധരാതലീയ ഭൂപടങ്ങളിൽ ഉപയോഗിക്കുന്നത്. കാരണമെന്ത്?

- ഓരോ രാജ്യക്കാരും തയ്യാറാക്കുന്ന ധരാതലീയ ഭൂപടങ്ങൾ മറ്റു രാജ്യക്കാർക്കും എളുപ്പത്തിൽ മനസ്സിലാക്കാനും വിശകലനം ചെയ്യാനും സാധിക്കുന്നു.

10. ധരാതലീയ ഭൂപടങ്ങളിൽ ഉയരം ചിത്രീകരിക്കുന്ന വിവിധ മാർഗങ്ങൾ - പദസൂര്യൻ പൂർത്തിയാക്കുക.




| | | |
|---|---|---|
| എ) | കോണ്ടൂർ രേഖ | സി) ബെഞ്ച് മാർക്ക് |
| ബി) | ഫോം ലൈൻ | ഡി) ട്രയാങ്കുലേറ്റഡ് ഹൈറ്റ് |

11. തന്നിരിക്കുന്ന ഗ്രിഡ് റഫറൻസിൽ നിന്നും ഈസ്റ്റിങ്സിനെ സൂചിപ്പിക്കുന്ന അക്കങ്ങൾ എഴുതുക.


155766

- ഈസ്റ്റിങ്സ് - 155

12. ഗ്രിഡ് അടിസ്ഥാനമാക്കി സ്ഥാനനിർണയം നടത്താൻ നാലക്കം, ആറക്കം എന്നീ രണ്ട് റഫറൻസ് രീതികൾ ഉപയോഗിക്കാൻ കാരണമെന്ത്?

- ഭൂസവിശേഷതകൾ വ്യത്യസ്ത വലുപ്പത്തിൽ ആയതിനാൽ ആണ് രണ്ട് രീതികൾ ഉപയോഗിക്കേണ്ടി വരുന്നത്. വലിയ സവിശേഷതകൾ നാലക്കം കൊണ്ടും ചെറിയ സവിശേഷതകൾ ആറക്കം കൊണ്ടും സ്ഥാനനിർണയം നടത്തുന്നു.

13. നൽകിയിരിക്കുന്ന കോണ്ടൂർ രേഖകൾ നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.




എ) കോണ്ടൂർ രേഖകൾ വരച്ചിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത്?

ബി) ചിത്രത്തിൽ നൽകിയിരിക്കുന്ന കോണ്ടൂർ മൂല്യങ്ങൾ എഴുതുക.

സി) കോണ്ടൂർ ഇടവേള എത്രയാണ്?

ഡി) കോണ്ടൂർ രേഖകൾ അടുത്തടുത്തും അകന്നകന്നും ചിത്രീകരിച്ചിരിക്കുന്നത് എന്തുകൊണ്ട്?

**ഉത്തരസൂചിക**

എ) സമുദ്രനിരപ്പിൽ നിന്നുള്ള പ്രദേശത്തിന്റെ ഉയരം

ബി) 1000, 900, 8000, 700, 600 മീറ്ററുകൾ

സി) 100 മീറ്റർ

ഡി) കോണ്ടൂർ രേഖകൾ അടുത്തടുത്താണെങ്കിൽ കുത്തനെയുള്ള ചരിവും അകന്നകന്നാണെങ്കിൽ ചെറിയ ചരിവും ആയിരിക്കും.

14. ധാരതലീയ ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന കോണ്ടൂർ രേഖകളിൽ നിന്ന് എന്തെല്ലാം കാര്യങ്ങൾ മനസിലാക്കാം?

- ഭൂപ്രദേശത്തിന്റെ ഉയരം, താഴ്ച
- ഭൂപ്രദേശത്തിന്റെ ചരിവ്
- ഭൂപ്രദേശത്തിന്റെ ആകൃതി

15. നേർക്കാഴ്ച എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

    രണ്ടു സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അവ തമ്മിൽ നേർക്കാഴ്ച ഉണ്ട്.

16. സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരമുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് വരക്കുന്ന സാങ്കൽപ്പിക രേഖകകൾ ഏതുപേരിൽ അറിയപ്പെടുന്നു.

    - കോണ്ടൂർ രേഖകൾ

17. നൽകിയിരിക്കുന്ന സൂചനകളെ പ്രാഥമിക വിവരങ്ങൾ, ഭൗതിക സവിശേഷതകൾ, സാംസ്കാരിക സവിശേഷതകൾ എന്നിങ്ങനെ തരം തിരിക്കുക.


    ഈസ്റ്റിങ്സ്, ജലാശയങ്ങൾ, പർവതങ്ങൾ, തോത്, പാർപ്പിടങ്ങൾ, ടോപ്പോഷീറ്റ് നമ്പർ, കൃഷിയിടങ്ങൾ, പാലം, വനം.

| പ്രാഥമിക വിവരങ്ങൾ | ഭൗതിക സവിശേഷതകൾ | സാംസ്കാരിക സവിശേഷതകൾ |
|---|---|---|
| ഈസ്റ്റിങ്സ് | ജലാശയങ്ങൾ | പാർപ്പിടങ്ങൾ |
| തോത് | പർവ്വതങ്ങൾ | കൃഷിയിടങ്ങൾ |
| ടോപ്പോഷീറ്റ് നമ്പർ | വനം | പാലം |

18. ഈസ്റ്റിങ്സ്, നോർത്തിങ്സ് - താരതമ്യം ചെയ്യുക.

| ഈസ്റ്റിങ്സ് | നോർത്തിങ്സ് |
|---|---|
| • വടക്ക് - തെക്ക് ദിശയിൽ വരച്ചിരിക്കുന്നു | • കിഴക്കു - പടിഞ്ഞാറ് ദിശയിൽ വരച്ചിരിക്കുന്നു |
| • കിഴക്കു ദിശയിലേക്ക് പോകുമ്പോൾ മൂല്യം കൂടുന്നു | • വടക്കു ദിശയിലേക്ക് പോകുമ്പോൾ മൂല്യം കൂടുന്നു |
| • ഭൂസവിശേഷതയുടെ തൊട്ട് ഇടതു വശത്തായി/പടിഞ്ഞാറ് വശത്തായി കാണുന്ന ഈസ്റ്റിങ്സിന്റെ മൂല്യം സ്ഥാന നിർണയത്തിന് പരിഗണിക്കുന്നു | • ഭൂസവിശേഷതയുടെ തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യം സ്ഥാനനിർണയത്തിന് പരിഗണിക്കുന്നു. |

19. നൽകിയിരിക്കുന്ന ചിത്രം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




എ) ഈസ്റ്റിങ്ങ്സിനെ സൂചിപ്പിക്കുന്ന നമ്പറുകൾ.

- 81, 82, 83, 84, 85, 86

ബി) നോർത്തിങ്ങ്സിനെ സൂചിപ്പിക്കുന്ന നമ്പറുകൾ

- 34, 35, 36, 37, 38,

സി) കോട്ടയുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ നിർണയിക്കുക.

- 8134

ഡി) തടാകത്തിന്റെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ നിർണയിക്കുക.

- 8235

ഇ) കുഴൽകിണറിന്റെ സ്ഥാനം ആറക്ക ഗ്രിഡ് റഫറൻസിലൂടെ നിർണയിക്കുക.

- 836343

എഫ്) ലൈറ്റ് ഹൗസിന്റെ സ്ഥാനം ആറക്ക ഗ്രിഡ് റഫറൻസിലൂടെ നിർണയിക്കുക.

- 853373


ജി) 8535ഗ്രിഡ് റഫറൻസ് സൂചിപ്പിക്കുന്ന ഭൂസവിശേഷത ഏത്?

- ശവപ്പറമ്പ്

എച്ച്) 85362 എന്ന ഗ്രിഡ് റഫറൻസ് സൂചിപ്പിക്കുന്ന ഭൂസവിശേഷത ഏത്?

- ക്രിസ്ത്യൻ പള്ളി.

20. നൽകിയിരിക്കുന്ന കോണ്ടൂർ രേഖകളിൽനിന്ന് ചിത്രീകരിക്കുന്ന സ്ഥലാകൃതി ചിത്രീകരിച്ച് M-N എന്നിവ തമ്മിൽ നേർക്കാഴ്ച ഉണ്ടോ എന്ന് പരിശോധിക്കുക.




21. താഴെ നൽകിയിരിക്കുന്ന ഭൂസവിശേഷതകൾ ചിത്രീകരിക്കുന്നതിന് ധരാതലീയ ഭൂപടത്തിൽ ഉപയോഗിക്കുന്ന അംഗീകൃത നിറങ്ങൾ തിരിച്ചറിഞ്ഞ പട്ടിക പൂർത്തീകരിക്കുക.

| ഭൂസവിശേഷതകൾ | നിറം |
|---|---|
| • അക്ഷാംശ-രേഖാംശ രേഖകൾ<br>• വരണ്ട ജലാശയങ്ങൾ<br>• റെയിൽപ്പാത, ടെലഫോൺ - ടെലഗ്രാഫ് ലൈനുകൾ<br>• അതിർത്തിരേഖകൾ | |
| • സമുദ്രങ്ങൾ, നദികൾ, കുളങ്ങൾ, കിണറുകൾ, കുഴൽക്കിണറുകൾ...<br>(എപ്പോഴും ജലസാന്നിധ്യമുള്ള ജലാശയങ്ങൾ) | • |
| • വനങ്ങൾ<br>• പുൽമേടുകൾ<br>• മരങ്ങളും കുറ്റിച്ചെടികളും<br>• ഫലവൃക്ഷത്തോട്ടങ്ങൾ | • |
| • കൃഷിസ്ഥലങ്ങൾ | • |
| • തരിശുഭൂമി | • |
| • പാർപ്പിടങ്ങൾ, റോഡ്, പാതകൾ<br>• ഗ്രിഡ്‌ലൈനുകൾ (ഈസ്റ്റിങ്‌സും നോർത്തിങ്‌സും അവയുടെ നമ്പറുകളും) | |
| • കോണ്ടൂർരേഖകളും അവയുടെ നമ്പറുകളും<br>• മണൽക്കൂനകളും മണൽക്കുന്നുകളും | • |

1. കറുപ്പ്, 2. നീല, 3. പച്ച, 4. മഞ്ഞ, 5. വെളുപ്പ്, 6, ചുവപ്പ്, 7. തവിട്ട്

22. ഗ്രിഡ് റഫറൻസ്

a) ധരാതലീയ ഭൂപടങ്ങളിലെ ഭൂസവിശേഷതകളുടെ കൃത്യമായ സ്ഥാനനിർണ്ണയം നടത്തുന്ന രീതി

b) ഗ്രിഡ് റഫറൻസിനായി ധരാതലീയ ഭൂപടങ്ങളിൽ വരച്ചിരിക്കുന്ന ചുവന്ന രേഖകളാണ് ഈസ്റ്റിംങ്സ്, നോർത്തിങ്ങ്സ് എന്നിവ

c) ഗ്രിഡ് റഫറൻസിനായി ആദ്യം ഈസ്റ്റിങ്ങ്സ് നമ്പറും പിന്നീട് നോർത്തിങ്ങ്സ് നമ്പറും രേഖപ്പെടുത്തണം.

23. റഫറൻസ് ഗ്രിഡ്

ഈസ്റ്റിങ്സ് - നോർത്തിങ്സ് രേഖകൾ ചോർന്നുണ്ടാകുന്ന ജാലികകളെ റഫറൻസ് ഗ്രിഡ് എന്ന് പറയുന്നു.

24. കോണ്ടൂർ രേഖകൾ

a) സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചു വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് കോണ്ടൂർ രേഖകൾ

b) ഓരോ കോണ്ടൂർ രേഖയോടൊപ്പവും സമുദ്രനിരപ്പിൽ നിന്നുള്ള അതിന്റെ ഉയരം രേഖപ്പെടുത്തും. ഇത് കോണ്ടൂർ മൂല്യങ്ങൾ എന്നറിയപ്പെടുന്നു.

c) അടുത്തടുത്തുള്ള രണ്ട് കോണ്ടൂർ രേഖകളുടെ മൂല്യവ്യത്യാസത്തെ കോണ്ടൂർ ഇടവേള എന്ന് പറയുന്നു

d) അടുത്തടുത്ത് വരുന്ന കോണ്ടൂർ രേഖകൾ ഭൂപ്രദേശത്തിന്റെ കുത്തനെയുള്ള ചരിവിനേയും, അകന്നകന്നു കാണുന്ന രേഖകൾ ഭൂപ്രദേശത്തിന്റെ ചെറിയ ചരിവിനേയും സൂചിപ്പിക്കുന്നു.

25 നേർകാഴ്ച്ച

1. ധരാതലീയ ഭൂപടത്തിലെ രണ്ട് സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അവ തമ്മിൽ നേർക്കാഴ്ചയിലാണെന്ന് പറയാം

2. വൈദ്യുതി പോസ്റ്റുകൾ, മൊബൈൽ ടവറുകൾ, വയർലെസ് ട്രാൻസ്മിഷൻ ടവറുകൾ തുടങ്ങിയവ സ്ഥാപിക്കാൻ നേർക്കാഴ്ച്ചാ സാധ്യത ഉപയോഗിക്കുന്നു.

# PART B - SS II അദ്ധ്യായം : 5 പൊതു ചെലവും പൊതു വരുമാനവും

മാർക്ക് : 8

1 **പൊതുചെലവ്**

- സർക്കാരിന്റെ ചെലവിനെയാണ് പൊതുചെലവ് എന്നുപറയുന്നത്.

2 **പൊതു ചെലിന്റെ മേഖലകൾ**

- പ്രതിരോധം
- കുടിവെള്ള വിതരണം
- പാലങ്ങളുടെ നിർമ്മാണം
- അണക്കെട്ടുകളുടെ നിർമ്മാണം.

3 **വികസനച്ചെലവുകൾ**

- റോഡ്, പാലം, തുറമുഖം തുടങ്ങിയവ നിർമ്മിക്കുക, പുതിയ സംരംഭങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങുക – ഇത്തരം ചെലവുകളാണ് വികസന ചെലവുകൾ.

4 **വികസനേതര ചെലവുകൾ**

- യുദ്ധം, പലിശ, പെൻഷൻ തുടങ്ങിയവയ്ക്കുള്ള ചെലവുകളെ വികസനേതര ചെലവുകൾ എന്നു പറയുന്നു.

5 **പൊതുചെലവുകൾ വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ/പൊതുകടം വർദ്ധിക്കാനുള്ള കാരണങ്ങൾ**

- പ്രതിരോധച്ചെലവിലെ വർധന
- ക്ഷേമപ്രവർത്തനങ്ങൾ
- നഗരവത്കരണം
- ജനസംഖ്യാ വർധനവ്
- സർക്കാർ സബ്സിഡികൾ
- വ്യവസായവത്കരണം
- ആരോഗ്യപരിപാലനം
- വിദ്യാഭ്യാസ ചെലവ്

6 **പൊതുവരുമാനം**

- സർക്കാരിന്റെ വരുമാനത്തെയാണ് പൊതുവരുമാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

7 **പ്രത്യക്ഷ നികുതികൾ**

- കമ്പനി ആദായനികുതി
- വാഹന നികുതി
- കെട്ടിട നികുതി
- തൊഴിൽ നികുതി
- വ്യക്തിഗത വരുമാന നികുതി
- ഭൂനികുതി

8 **പരോക്ഷനികുതികൾ**

- വില്പന നികുതി
- വിനോദനികുതി
- കസ്റ്റംസ് ഡ്യൂട്ടി

9 **പ്രത്യക്ഷനികുതി**

- ആരിലാണോ, നികുതി ചുമത്തുന്നത് അയാൾ തന്നെ അടച്ചുതീർക്കേണ്ടുന്ന നികുതിയെ പ്രത്യക്ഷ നികുതി എന്നു പറയുന്നു.

10 **പരോക്ഷ നികുതി**

- ഒരാളിൽ നികുതി ചുമത്തുകയും മറ്റൊരാളിലേക്ക് ആ നികുതിയുടെ ഭാരം കൈമാറ്റം ചെയ്യു കയും ചെയ്യുന്നതിന് സാധിക്കുന്ന നികുതിയാണ് പരോക്ഷനികുതി.
- വരുമാനം കൂടുമ്പോൾ നികുതിയും വർദ്ധിക്കുന്നു

11 **കോർപ്പറേറ്റ് നികുതി**

- കമ്പനികളുടെ വരുമാനത്തിന്മേൽ അഥവാ ലാഭത്തിന്മേൽ ചുമത്തുന്നു.

12 **മൂല്യവർദ്ധിതനികുതി**

- ഉല്പാദനത്തിന്റെയും വിപണനത്തിന്റെയും വിവിധ ഘട്ടങ്ങളിൽ ചേർക്കപ്പെടുന്ന മൂല്യ ത്തിന്മേൽ ചുമത്തുന്ന നികുതി.

13 **എക്സൈസ് ഡ്യൂട്ടി**

- സാധനങ്ങളുടെ ഉല്പാദനഘട്ടത്തിൽ ചുമത്തുന്ന നികുതി.

14 **കസ്റ്റംസ് തീരുവ**

- സാധനങ്ങളുടെ കയറ്റുമതിയിലും ഇറക്കുമതിയിലും ചുമത്തുന്നു.
- ഇവ യഥാക്രമവും കയറ്റുമതിച്ചുങ്കം, ഇറക്കുമതി ചുങ്കം എന്നറിയപ്പെടുന്നു.

15 **സേവന നികുതി**

- സേവനങ്ങൾക്കുമേൽ ചുമത്തുന്ന നികുതി.

16 **സർച്ചാർജ്ജ്**

- നികുതികൾക്കുമേൽ ചുമത്തുന്ന അധികനികുതിയാണ് സർച്ചാർജ്ജ്
- ഒരു നിശ്ചിത കാലത്തേക്കാണ് സർച്ചാർജ് ചുമത്തുന്നത്.

17 **സെസ്സ്**

- സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധിക നികുതിയാണ് സെസ്സ്.
- ആവശ്യത്തിനു പണം ലഭിച്ചു കഴിഞ്ഞാൽ സെസ്സ് നിർത്തലാക്കും.

18 **നികുതിയേതര വരുമാനസ്രോതസ്സുകൾ**

- ഫീസ് - സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമാണ് ഫീസ്

  ഉദാ- ലൈസൻസ് ഫീ, രജിസ്ട്രേഷൻ ഫീ, ട്യൂഷൻ ഫീ,
- ഫൈനു(പിഴ)കളും പെനാൽറ്റികളും - നിയമം ലംഘിക്കുന്നതിന് നൽകുന്ന ശിക്ഷക ളാണ്

  ഫൈനു(പിഴ)കളും പെനാൽറ്റികളും
- ഗ്രാന്റ് - ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായമാണ്

ഗ്രാന്റുകൾ.

- പലിശ – സർക്കാർ വിവിധ സംരംഭങ്ങൾക്കും ഏജൻസികൾക്കും രാജ്യങ്ങൾക്കും നൽകുന്ന വായ്പകൾക്ക് പലിശ ലഭിക്കുന്നു.
- ലാഭം – സർക്കാർ നടത്തുന്ന വിവിധ സംരംഭങ്ങളിൽ നിന്നുള്ള വരുമാനം. ഉദാ– ഇന്ത്യൻ റെയിൽവെയിൽ നിന്നുള്ള ലാഭം.

19 **പൊതുകടം :** സർക്കാർ വാങ്ങുന്ന വായ്പകളാണ് പൊതുകടം

20 **ആഭ്യന്തര കടം :** രാജ്യത്തിനകത്ത് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന വായ്പകളാണ് ആഭ്യന്തര കടം.

21 **വിദേശകടം :** വിദേശ ഗവൺമെന്റുകളിൽ നിന്നും അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന വായ്പകളാണ് വിദേശകടം.

22 **പൊതുധനകാര്യം :** പൊതുവരുമാനം, പൊതുചെലവ്, പൊതുകടം, എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന സാമ്പത്തിക ശാസ്ത്ര ശാഖയാണ് പൊതുധനകാര്യം.

23 **ബജറ്റ് :** ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവുകളും ചെലവുകളും വിശദമാക്കുന്ന ധനകാര്യ രേഖയാണ് ബജറ്റ്.

24 **സാമ്പത്തിക വർഷം :** ഇന്ത്യയിൽ ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെ യാണ് സാമ്പത്തിക വർഷം.

25 **മിച്ചബജറ്റ് :** വരുമാനം ചെലവിനേക്കാൾ കൂടിയ ബജറ്റ്.

26 **സംതുലിതബജറ്റ് :** വരവും ചെലവും തുല്യമായി വരുന്ന ബജറ്റ്.

27 **കമ്മിബജറ്റ് :** ചെലവ് വരവിനെക്കാൾ കൂടിയ ബജറ്റ്.

28 **ധനനയം :** പൊതുവരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയമാണ് ധനനയം.

ധനനയം നടപ്പിലാക്കുന്നത് ബജറ്റിൽ കൂടിയാണ്.

29 **ധനനയത്തിന്റെ ലക്ഷ്യങ്ങൾ.**

- സാമ്പത്തിക സ്ഥിരത കൈവരിക്കുക.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക.
- പൊതുവരുമാനം വർധിപ്പിക്കുക.
- അടിസ്ഥാന സൗകര്യ വികസനം
- പൊതുകടം കുറയ്ക്കുക.
- പൊതു ചെലവുകൾ ഉല്പാദനക്ഷമമാക്കുക.

30 **ധനനയം വിലക്കയറ്റത്തേയും വിലച്ചുരുക്കത്തേയും നിയന്ത്രിക്കുന്നു.**

- വിലക്കയറ്റ സമയത്ത് നികുതി വർദ്ധിപ്പിക്കുന്നു.
- ഇതിന്റെ ഫലമായി വാങ്ങൽ ശേഷി കുറയുന്നു.
- വിലച്ചുരുക്ക സമയത്ത് നികുതി, പലിശ എന്നിവ കുറയ്ക്കുന്നു.
- പൊതുചെലവ് വർദ്ധിപ്പിക്കുന്നു.
- ജനങ്ങളുടെ വാങ്ങൽ ശേഷി ഉയരുന്നു.
- ഉൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിക്കുന്നു.
- അങ്ങനെ വില ഉയരാൻ കാരണമാകുന്നു.

## PART B - SS II അദ്ധ്യായം : 6 ആകാശ കണ്ണുകളും അറിവിന്റെ വിശകലനവും

മാർക്ക് : 8

1 വിദൂരസംവേദനം : ഒരു വസ്തുവിനെയോ പ്രദേശത്തെയോ പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതി.

2 സംവേദകം : വിദൂരസംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കാനുപയോഗിക്കുന്ന ഉപകരണങ്ങൾ ഉദാ- ക്യാമറ, സ്കാനർ.

3 ഊർജ്ജ ഉറവിടത്തെ അടിസ്ഥാനമാക്കി വിദൂരസംവേദനം 2 തരം

: പരോക്ഷ വിദൂരസംവേദനം - സൗരോർജ സഹായം

: പ്രത്യക്ഷ വിദൂര സംവേദനം - കൃത്രിമ പ്രകാശത്തിന്റെ സഹായം

4 പ്ലാറ്റ് ഫോം : വിവരശേഖരണത്തിനുള്ള ക്യാമറയോ സ്കാനറോ സ്ഥാപിച്ചിരിക്കുന്ന പ്രതലം.

5 പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള വിദൂര സംവേദനം - 3 തരം

a) ഭൂതല ഛായാഗ്രഹണം : ഭൂപ്രതലത്തിൽ നിന്നോ അതിലെ ഉയർന്ന തലങ്ങളിൽ നിന്നോ ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ എടുക്കുന്നു.

b) ആകാശീയ വിദൂര സംവേദനം ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്താൽ ആകാശത്തുനിന്ന് ഭൂപ്രതലത്തിന്റെ തുടർച്ചയായ ചിത്രങ്ങൾ.

c) ഉപഗ്രഹ വിദൂര സംവേദനം : കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സെൻസറുകൾ വഴിയുള്ള വിവരശേഖരണം.

6 ഓവർലാപ്പ് : തുടർച്ച നിലനിർത്തുന്നതിനും സ്റ്റീരിയോ സ്കോപ്പിന്റെ സഹായത്താൽ ത്രിമാനദൃശ്യം ലഭിക്കുന്നതിനുമായി ഓരോ ആകാശീയ ചിത്രത്തിലും തൊട്ടുമുമ്പുള്ള ചിത്രത്തിലെ 60%ത്തോളം പകർത്തിയെടുക്കുന്ന രീതി.

7 സ്റ്റീരിയോ പെയർ : ഓവർലാപ്പോടു കൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങൾ

8 സ്റ്റീരിയോ സ്കോപ്പ് : ആകാശീയ ചിത്രങ്ങളെ ത്രിമാന രൂപത്തിൽ കാണാൻ ഉപയോഗിക്കുന്ന ഉപകരണം.

9 ഭൂസ്ഥിര ഉപഗ്രഹങ്ങൾ :

- സഞ്ചാരപഥം 36000 കി.മി. ഉയരത്തിൽ
- ഭൂമിയുടെ 1/3 ഭാഗം നിരീക്ഷണ പരിധിയിൽ
- എപ്പോഴും ഒരേ പ്രദേശത്തെ അഭിമുഖീകരിക്കുന്നു
- ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവര ശേഖരണം
- വാർത്താവിനിമയം, ദിനാന്തരീക്ഷ സ്ഥിതി എന്നിവയ്ക്കായി
- ഇൻസാറ്റ് (INSAT) പരമ്പരയിലെ ഉപഗ്രഹങ്ങൾ

10 സൗരസ്ഥിര ഉപഗ്രഹങ്ങൾ

- സഞ്ചാരപഥം 1000 കി.മി. ൽ താഴെ
- ധ്രുവങ്ങൾക്ക് മുകളിലൂടെ സഞ്ചരിക്കുന്നു.
- കുറഞ്ഞ നിരീക്ഷണ പരിധി
- പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം.
- പ്രകൃതി വിഭവം, ഭൂവിനിയോഗം, ഭൂഗർഭജലം എന്നിവയെക്കുറിച്ചുള്ള വിവര ശേഖരണം.
- IRS പരമ്പരയിലെ ഉപഗ്രഹങ്ങൾ

11 സ്പെക്ട്രൽ സിഗ്നേച്ചർ : ഒരു വസ്തു പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവ്

12 സ്പേഷ്യൽ റെസല്യൂഷൻ : ഒരു സെൻസറിന് തിരിച്ചറിയാൻ സാധിക്കുന്ന ഭൂതലത്തിലെ എറ്റവും ചെറിയ വസ്തുവിന്റെ വലുപ്പം.

13 വിദൂര സംവേദന സാങ്കേതിക വിദ്യ - ഉപയോഗങ്ങൾ

- കാലാവസ്ഥാ നിർണയം
- സമുദ്ര പര്യവേക്ഷണം
- ധാതു പര്യവേക്ഷണം
- എണ്ണ പര്യവേക്ഷണം
- ഭൂവിനിയോഗം മനസിലാക്കാൻ
- വരൾച്ച, വെള്ളപ്പൊക്കം എന്നിവ കണ്ടത്താൻ

14 ഭൂവിവരവ്യവസ്ഥ : ഭൗമോപരിതലത്തെക്കുറിച്ച് ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ഭൂപടങ്ങൾ തയാറാക്കുന്നതിനും, ഭൂപടങ്ങളിൽ മാറ്റം വരുത്തുന്നതിനും വിശകലനത്തിനുമായി കമ്പ്യൂട്ടറുകളും സോഫ്റ്റ് വെയറുകളും ഉപയോഗിക്കുന്നപ്രക്രിയ.

15 സ്ഥാനീയ വിവരങ്ങൾ : ഭൗമോപരിതലത്തിലെ ഓരോവസ്തുവിന്റെയും അക്ഷാംശ- രേഖാംശ - സ്ഥാനം

16 വിശേഷണങ്ങൾ : ഭൗമോപരിതല വസ്തുക്കളെ സംബന്ധിക്കുന്ന അധിക വിവരങ്ങൾ

17 പാളികളുടെ നിർമ്മാണം : ആവശ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി ഭൂപടങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവ നിർമ്മിക്കാം.

18 ഭൂവിവര വ്യവസ്ഥയുടെ വിശകലന സാധ്യതകൾ

- ശൃംഖലാ വിശകലനം : റോഡ്, റെയിൽവെ, നദി തുടങ്ങിയ രേഖീയ സവിശേഷതകളുടെ വിശകലനം
  ഉദാ : ഏറ്റവും ദൂരം കുറഞ്ഞ യാത്രാ മാർഗ്ഗം കണ്ടെത്താൻ
- ആവൃത്തി വിശകലനം - ഒരു ബിന്ദുവിന് ചുറ്റുമോ, രേഖീയ സവിശേഷതയുടെ നിശ്ചിത ദൂരത്തിലോ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശകലനം
  ഉദാ : റോഡ് വീതി കൂട്ടുമ്പോൾ ഏറ്റെടുക്കേണ്ടി വരുന്ന വീടുകൾ കണ്ടെത്താൻ
- ഓവർലേ വിശകലനം - ഭൗമോപരിതല സവിശേഷതകളുടെ പരസ്പരബന്ധം, അവയിലെ കാലാനുസൃത മാറ്റം എന്നിവ മനസ്സിലാക്കാൻ
  ഉദാ : ഭൂവിനിയോഗ മാറ്റങ്ങൾ മനസ്സിലാക്കാൻ.

19 ഭൂവിവരവ്യവസ്ഥ - പ്രയോജനങ്ങൾ

- ഭൂതല സവിശേഷതകൾ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്
- ശേഖരിച്ച വിവരങ്ങൾ സംയോജിപ്പിക്കുക
- ഭൂപട നിർമാണം
- പട്ടിക, ഗ്രാഫ് തയാറാക്കൽ
- പുതിയ വിവരങ്ങളുടെ എളുപ്പത്തിലുള്ള നവീകരിക്കലും കൂട്ടിച്ചേർക്കലും
- വിഷയാധിഷ്ഠിത പഠനം
- ഭാവി പ്രതിഭാസങ്ങൾ മനസിലാക്കുക.

20 ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം (GPS)

- ഉപഗ്രഹാധിഷ്ഠിത ഗതി നിർണയ സംവിധാനം
- അമേരിക്കൻ ഐക്യനാടുകളുടെ ഗതിനിർണയ സംവിധാനം
- 24 ഉപഗ്രഹങ്ങളുടെ ശ്രേണി
- 20,000 മുതൽ 20,200കിമി വരെ ഉയരത്തിൽ ഉപഗ്രഹങ്ങൾ
- 4 ഉപഗ്രഹങ്ങളിൽ നിന്നുള്ള സിഗ്നലുകൾ ലഭിച്ചാൽ അക്ഷാംശം,രേഖാംശം, ഉയരം, സമയം എന്നിവ മനസിലാക്കാം.

21 GPS ന്റെ സാധ്യതകൾ ?

- റോഡ് ഗതാഗതം - വാഹനത്തിന്റെ സ്ഥാനം, സഞ്ചാരദിശ എന്നിവ കണ്ടെത്താൻ
- വ്യോമ ഗതാഗതം
- സമുദ്ര ഗതാഗതം
- സുരക്ഷാ - ഉന്നത വ്യക്തികളുടെ സഞ്ചാരം, വിലപിടിപ്പുള്ള വസ്തുക്കളുടെ കൈമാറ്റം എന്നിവയ്ക്ക് ഉപയോഗിക്കുന്നു.

# PART B - SS II അദ്ധ്യായം : 7 വൈവിധ്യങ്ങളുടെ ഇന്ത്യ

മാർക്ക് : 7

1. **ഇന്ത്യയുടെ സ്ഥാനം**

   ❋ $8^0$4'N അക്ഷാംശം മുതൽ $37^0$6'N വരെ

   ❋ $68^0$7 'E മുതൽ $97^0$25 'E വരെ

2. **ഇന്ത്യയുടെ ഭൂമിശാസ്ത്ര വൈവിധ്യം**

   ❋ പർവ്വതങ്ങൾ ❋ നദികൾ ❋സമതലങ്ങൾ ❋ വിസ്തൃതമായ പീഠഭൂമികൾ

   ❋ മരുഭൂമികൾ ❋ തീരസമതലങ്ങൾ ❋ അനേകം ദ്വീപുകൾ

3. **ഉത്തരപർവ്വത മേഖല**

   ❋ ട്രാൻസ്ഹിമാലയം (കാറക്കോറം, ലഡാക്ക്, സസ്കർ)

   ❋ ഹിമാലയം (ഹിമാദ്രി, ഹിമാചൽ, സിവാലിക്)

   ❋ കിഴക്കൻ മലനിരകൾ (പത്കായിബും, നാഗാകുന്നുകൾ, ഗാരോ, ഖാസി, ജയന്തിയ കുന്നുകൾ, മിസോകുന്നുകൾ)

4. **ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി**

   ❋ മൗണ്ട് K2 (ഗോഡ്വിൻ ആസ്റ്റിൻ)

5. **ഹിമാലയം-സവിശേഷതകൾ**

   ❋ 2400 കി.മീ.നീളം ❋ ഉയരം കൂടിയ നിരവധി കൊടുമുടികൾ ❋ കിഴക്കോട്ട് പോകുന്തോറും ഉയരം കുറയുന്നു ❋ കാശ്മീർ ഭാഗത്ത് 400 കി.മീ. വീതി. അരുണാചലിൽ 150 കി.മീ. വീതി ❋ 5 ലക്ഷം ച.കി.മീ. വിസ്തൃതി ❋ 3 സമാന്തര നിരകൾ ❋ ഹിമാദ്രി ❋ ഹിമാചൽ ❋ സിവാലിക്

6. **ഹിമാദ്രി**

   ❋ ഏറ്റവും ഉയരം കൂടിയ നിര ❋ ശരാശരി ഉയരം 6000 മീ. ❋ ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം ❋ 8000 മീ.നുമുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ

7. **ഹിമാചൽ**

   ❋ ഹിമാദ്രിക്ക് തെക്ക് ഭാഗം ❋ ശരാശരി ഉയരം 3000 മീ. ❋ ഷിംല, ഡാർജിലിംഗ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ

8. **സിവാലിക്**

   ❋ ഹിമാചലിന് തെക്കുഭാഗം ❋ ശരാശരി ഉയരം 1220 മീ. ❋ നദികൾ ഒഴുകുന്നത് ഇതിന്റെ തുടർച്ചയ്ക്ക് തടസ്സ മുണ്ടാക്കുന്നു ❋ നീളമേറിയതും വിസ്തൃതവുമായ താഴ്‌വരകൾ (ഡൂൺസ്)

9. **ഹിമാലയപ്രദേശം-ജനജീവിതം**

   ❋ മൃഗപരിപാലനം ജീവിതമാർഗം ❋ വ്യാവസായിക അടിസ്ഥാനത്തിൽ ചെമ്മരിയാടുവളർത്തൽ ❋ എക്കൽ അടിഞ്ഞ സിവാലിക് താഴ് വരയിൽ ഉരുളക്കിഴങ്ങ്, ബാർലി, കുങ്കുമപ്പൂവ്, ആപ്പിൾ, ഓറഞ്ച്, പഴവർഗ്ഗങ്ങൾ, തേയില കൃഷി ❋ തേയില കൃഷി ഏറ്റവും കൂടുതൽ ആസ്സാമിൽ ❋ വിനോദസഞ്ചാരി കളുടെ പറുദീസ

**10. ഹിമാലയൻ നദികൾ**

| നദി | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|
| 1. സിന്ധു | മാനസസരോവർ തടാകം | ഝലം<br>ചിനാബ്<br>രവി<br>സത്‌ലജ്<br>ബിയാസ് | അറബിക്കടൽ |
| 2. ഗംഗ | ഗംഗോത്രിയിലെ ഗോമുഖ് ഗുഹ | യമുന<br>ഗംഗ<br>സോൺ<br>ഗണ്ഡക്<br>ഘാഗ്ര<br>കോസി | ബംഗാൾ ഉൾക്കടൽ |
| 3. ബ്രഹ്മപുത്ര | ചെമ-യുങ്-തുങ് ഹിമാനി | തിസ്ത<br>മാനസ്<br>ലുഹിത്<br>സുബാൻസിരി | ബംഗാൾ ഉൾക്കടൽ |

**11. ഉത്തരമഹാസമതലം**

❈ ഹിമാലയൻ നദികളുടെ നിക്ഷേപ പ്രക്രിയയിലൂടെ രൂപംകൊണ്ടു
❈ 7 ലക്ഷം ച.കി.മീ. വിസ്തൃതി
❈ ഏറ്റവും വിസ്തൃതമായ എക്കൽസമതലം
❈ സിന്ധു -ഗംഗ -ബ്രഹ്മപുത്ര സമതലം
❈ വളരെയധികം ഫലപുഷ്ടിയുള്ള എക്കൽമണ്ണ്
❈ ഇന്ത്യയുടെ ധാന്യപ്പുര
❈ ലോകത്തിലെ ഏറ്റവും ജനനിബിഡമായ പ്രദേശം
❈ ഉത്തര മഹാസമതലത്തിന്റെ പടിഞ്ഞാറ് മഴ തീരെ കുറഞ്ഞഭാഗം ഥാർമരുഭൂമി

**12. ഉപദ്വീപീയ പീഠഭൂമി**

❈ ഏറ്റവും വിസ്തൃതം ❈ ഏറ്റവും പഴക്കം ചെന്നത് ❈ ഉറപ്പേറിയ ശിലകൾ ❈ 15 ലക്ഷം ച.കി.മീ. വിസ്തൃതി ❈ പർവ്വതങ്ങൾ, പീഠഭൂമികൾ, താഴ്വരകൾ ❈ ആനമുടി ഏറ്റവും ഉയരം കൂടിയ കൊടുമുടി ❈ ധാതുക്കളുടെ കലവറ ❈ കാലികമായി മാത്രം മഴ ❈ ഉഷ്ണമേഖലാ മഴക്കാടുകളും ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളും സസ്യജാലങ്ങൾ ❈ ലാവാശിലകൾ ❈ കറുത്തമണ്ണ് ❈ പരുത്തികൃഷിക്ക് യോജിച്ചത് ❈ ചെമ്മണ്ണും കാണപ്പെടുന്നു ❈ ഇരുമ്പിന്റെ അംശം മണ്ണിന് ചുവപ്പ് നിറം നൽകുന്നു ❈ അനേകം നദികളുടെ ഉത്ഭവപ്രദേശം ❈ നദികൾക്ക് മഴയിൽ നിന്നുമാത്രം വെള്ളം

13. ഉപദ്വീപീയ നദികൾ

| നദി | ഉത്ഭവസ്ഥാനം | പോഷകനദികൾ | ചെന്നുച്ചേരുന്ന കടൽ |
|---|---|---|---|
| 1. കാവേരി | ബ്രഹ്മഗിരികുന്നുകൾ | ❋ കബനി<br>❋ അമരാവതി | ബംഗാൾ ഉൾക്കടൽ |
| 2. കൃഷ്ണ | മഹാബലേശ്വർ | ❋ ഭീമ<br>❋ തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| 3. ഗോദാവരി | നാസിക് ജില്ല | ❋ ശബരി<br>❋ ഇന്ദ്രാവതി | ബംഗാൾ ഉൾക്കടൽ |
| 4. മഹാനദി | മൈക്കേലാനിര<br>(മധ്യപ്രദേശ്) | ❋ ഇബ്<br>❋ ടെൽ | ബംഗാൾ ഉൾക്കടൽ |
| 5. നർമ്മദ | മൈക്കേലാനിര<br>(ഛത്തീസ്ഗഡ്) | ❋ ഹിരൺ<br>❋ ബൻജൻ | അറബിക്കടൽ |
| 6. താപ്തി | മുൻതായ് പീഠഭൂമി | ❋ ആനർ<br>❋ ഗിർന | അറബിക്കടൽ |

14. ഹിമാലയൻ നദികളെയും ഉപദ്വീപീയനദികളെയും താരതമ്യം ചെയ്യൽ

| ഹിമാലയൻ നദികൾ | ഉപദ്വീപീയനദികൾ |
|---|---|
| ❋ ഹിമാലയത്തിൽ നിന്നും ഉത്ഭവിക്കുന്നു<br>❋ അതിവിസ്തൃതമായ വൃഷ്ടിപ്രദേശം<br>❋ അപരദന തീവ്രത കൂടുതൽ<br>❋ പർവ്വതമേഖലയിൽ ഗിരികന്ദരങ്ങൾ, സമതലങ്ങളിൽ വളഞ്ഞ് പുളഞ്ഞ് ഒഴുകുന്നു.<br>❋ ഉയർന്ന ജലസേചന സൗകര്യം<br>❋ ഉൾനാടൻ ജലഗതാഗതത്തിന് യോജിച്ചത് | ❋ ഉപദ്വീപീയ പീഠഭൂമിയിൽ നിന്നും ഉത്ഭവിക്കുന്നു.<br>❋ താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം<br>❋ അപരദന തീവ്രത താരതമ്യേന കുറവ്<br>❋ നദികൾ അഗാധമായ താഴ് വരകൾ സൃഷ്ടിക്കുന്നില്ല<br>❋ കുറഞ്ഞ ജലസേചനശേഷി<br>❋ ഉൾനാടൻ ജലഗതാഗതത്തിന് യോജിച്ചതല്ല |

**15. ഇന്ത്യയുടെ തീരസമതലം**

രണ്ടായി തിരിക്കാം ❋ പടിഞ്ഞാറൻ തീരസമതലം ❋ കിഴക്കൻ തീരസമതലം

**പടിഞ്ഞാറൻ തീരസമതലം**

❋ അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ

❋ റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ

❋ താരതമ്യേന വീതി കുറവ് ❋ ഗുജറാത്ത് തീരം, കൊങ്കൺതീരം, മലബാർ തീരം എന്നിങ്ങനെ 3 ഭാഗം ❋ കായലുകളും അഴിമുഖങ്ങളും ❋ തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ സ്വാധീനം

**കിഴക്കൻ തീരസമതലം**

❋ ബംഗാൾ ഉൾക്കടലിനും പൂർവ്വ ഘട്ടത്തിനുമിടയിൽ

❋ സുന്ദരവനം മുതൽ കന്യാകുമാരി വരെ ❋ വീതി കുറവ്

❋ കോറമണ്ഡൽ തീരം, വടക്കൻ സിർക്കാർസ് - രണ്ടായി തിരിക്കാം

❋ ഡൽറ്റകൾ രൂപീകരിക്കുന്നു ❋ വടക്കുകിഴക്കൻ മൺസൂണിന്റെ സ്വാധീനമേഖല

**16. ലക്ഷദ്വീപ്**

❋ അറബിക്കടലിൽ ❋ 36 ദ്വീപുകൾ. 11 ദ്വീപുകളിൽ മാത്രം ജനവാസം ❋ കവറത്തി ആസ്ഥാനം

❋ ലഗൂണുകൾ, പവിഴപ്പുറ്റുകൾ, മണൽത്തീരങ്ങൾ ❋ മത്സ്യബന്ധനവും വിനോദസഞ്ചാരവും വരുമാനമാർഗം

**17. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**

❋ ബംഗാൾ ഉൾക്കടലിൽ ❋ 200 ആൻഡമാൻ ദ്വീപുകൾ ❋ 19 നിക്കോബാർ ദ്വീപുകൾ ❋ ഭൂരിഭാഗം ദ്വീപുകളിലും ജനവാസമില്ല ❋ നിബിഡവനങ്ങൾ ❋ ഏക അഗ്നിപർവ്വതം ബാരൻ ദ്വീപിൽ ❋ പോർട്ട് ബ്ലെയർ തലസ്ഥാനം ❋ ഇന്ദിരാപോയിന്റ് ഇന്ത്യയുടെ തെക്കേഅറ്റം.

**18. ഇന്ത്യയിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

❋ അക്ഷാംശീയസ്ഥാനം ❋ഭൂപ്രകൃതി ❋ സമുദ്രസാമീപ്യം ❋ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം

**19. ഇന്ത്യയിലെ നാല് ഋതുക്കൾ**

❋ ശൈത്യകാലം ❋ ഉഷ്ണകാലം ❋ തെക്കുപടിഞ്ഞാറൻ മൺസൂൺകാലം

❋ വടക്കുകിഴക്കൻ മൺസൂൺകാലം

**20. ഇന്ത്യയിലെ ശൈത്യകാലം**

❋ സൂര്യൻ ദക്ഷിണായനത്തിൽ ❋ ഉത്തരേന്ത്യയിൽ പകൽ മിതമായ ചൂടും രാത്രി അതിശൈത്യവും

❋ പശ്ചിമ അസ്വസ്ഥത മെഡിറ്ററേനിയൻ കടലിൽ രൂപം കൊണ്ട് ഇന്ത്യയിലെത്തുന്നു.

❋ ജെറ്റ് പ്രവാഹമാണ് പശ്ചിമ അസ്വസ്ഥതയെ ഇന്ത്യയിൽ എത്തിക്കുന്നത്

❋ ശൈത്യകാലമഴ ലഭിക്കുന്നു. ❋ ശൈത്യകാല വിളകൾക്ക് (റാബി വിളകൾക്ക്) പ്രയോജനപ്രദം

❋ ഡിസംബർ മുതൽ ഫിബ്രവരി വരെ

**21. ഉഷ്ണകാലം ഇന്ത്യയിൽ**

❋ സൂര്യൻ ഉത്തരായനത്തിൽ ❋ തീരപ്രദേശങ്ങളേക്കാൾ ചൂട് കൂടുതൽ ഉത്തരേന്ത്യയിൽ ❋ ഏറ്റവും കൂടുതൽ ചൂട് രാജസ്ഥാനിലെ ബാമറിൽ ❋ ലൂ, മാംഗോ ഷവേഴ്സ് എന്നീ പ്രാദേശിക വാതങ്ങളുണ്ടാകുന്നു. ❋ മാർച്ച് മുതൽ ജൂൺ വരെ.

**22. തെക്ക് പടിഞ്ഞാറൻ മൺസൂൺ**

❋ ഇന്ത്യയിലെ ഏറ്റവും വലിയ മഴക്കാലം ❋ ഉത്തരേന്ത്യയിൽ ന്യൂനമർദ്ദം ❋ സമുദ്രത്തിനുമുകളിൽ

ഉയർന്ന മർദ്ദം ❋ തെക്കുനിന്ന് വടക്കോട്ട് വീശുന്ന കാറ്റിന് കോറിയോലിസ് പ്രഭാവത്താൽ ദിശാവ്യതിയാനം സംഭവിക്കുന്നു ❋വലത്തോട്ടു തിരിയുന്നു ❋ രണ്ട് ശാഖകളായി ഇന്ത്യയിലേക്ക് പ്രവേശിക്കുന്നു ❋ അറബിക്കടൽ ശാഖ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് നല്ല മഴ നൽകുന്നു. ❋ പശ്ചിമ ഘട്ടത്തിന്റെ കിഴക്ക് മഴ നിഴൽ പ്രദേശം ❋ഗുജറാത്തിലൂടെ രാജസ്ഥാനിൽ പ്രവേശിക്കുന്ന കാറ്റ് ആരവല്ലിക്ക് സമാന്തരമായി നീങ്ങുന്നു ❋രാജസ്ഥാനിൽ മഴ കുറവ് ❋ താർ മരുഭൂമി രൂപം കൊള്ളാൻ ഇടയായി ❋ ബംഗാൾ ഉൾക്കടൽ ശാഖയെ കിഴക്കൻ മലനിരകൾ തടയുന്നു ❋ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മഴ ലഭിക്കുന്നു ❋അറബിക്കടൽ ശാഖയും ബംഗാൾ ഉൾക്കടൽ ശാഖയും പഞ്ചാബ് സമതലത്തിൽ കൂടിച്ചേരുന്നു ❋ ഹിമാലയത്തിന്റെ അടിവാരമേഖലയിൽ കനത്തമഴ ❋ കേരളത്തിൽ കാലവർഷം

**23. വടക്കുകിഴക്കൻ മൺസൂൺകാലം**

❋ സൂര്യൻ ദക്ഷിണാർദ്ധഗോളത്തിലേക്ക് ❋ ഉത്തരമഹാസമതലത്തിൽ ഉച്ചമർദ്ദം ❋ ഇന്ത്യൻ മഹാസമുദ്രത്തിൽ ന്യൂനമർദ്ദം ❋ വടക്കുനിന്നും സമുദ്രത്തിലേക്ക് കാറ്റുവീശുന്നു ❋ദിശാവ്യതിയാനം ഉണ്ടാകുന്നു ❋മൺസൂണിന്റെ പിൻവാങ്ങൽകാലം ❋ മഴക്കാലത്തിനും ശൈത്യകാലത്തിനുമിടയിലുള്ള ഇടവേള ❋ ഒക്ടോബർ ചൂട് ഉണ്ടാകുന്നു❋ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിലേക്ക് കാറ്റ് എത്തുന്നു ❋കാറ്റ് ഇന്ത്യയുടെ കിഴക്കൻ തീരത്തേക്ക് നീങ്ങുന്നു ❋ കിഴക്കൻ തീരത്ത് കനത്തമഴ ലഭിക്കുന്നു ❋ കോറമണ്ഡൽ തീരത്ത് കനത്ത മഴ ❋ കേരളത്തിൽ തുലാവർഷം

**24. ഒക്ടോബർ ചൂട്**

❋ വടക്കുകിഴക്കൻ മൺസൂൺകാലത്ത് ❋ മൺസൂണിന്റെ പിൻവാങ്ങൽ കാലത്ത് ഉയർന്ന ചൂട്
❋ ഒക്ടോബർ-നവംബർ മാസങ്ങളിൽ ❋ പകൽ ദുസ്സഹമാകുന്ന ഊഷ്മാവും ആർദ്രതയും

**26. പശ്ചിമ അസ്വസ്ഥത**

ശൈത്യകാലത്ത് ❋മെഡിറ്ററേനിയൻ കടലിൽ രൂപം കൊള്ളുന്നു❋ ശക്തമായ ന്യൂനമർദ്ദം കിഴക്കോട്ടു നീങ്ങുന്നു ❋ ട്രാപ്പോപാസിലൂടെയുള്ള ജറ്റ് പ്രവാഹം ഈ കാറ്റിനെ ഇന്ത്യയിലെത്തിക്കുന്നു ❋ശീതകാലമഴയ്ക്ക് കാരണം ❋ശീതകാലവിളകൾക്ക് ഗുണകരം

**27. ഇന്ത്യയിലെ മഴയുടെ വിതരണം**

❋പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറും വടക്കുകിഴക്കൻ ഭാഗങ്ങളിലും ഉത്തരമഹാസമതലത്തിന്റെ വടക്കും കിഴക്കും 200 സെ.മീറ്ററിലധികം മഴ ❋ഇന്ത്യയുടെ കിഴക്കൻ ഭാഗങ്ങളിലും പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ഭാഗങ്ങളിലും 100 സെ.മീറ്ററിനും 200 സെ.മീറ്ററിനും ഇടയിൽ മഴ. ഇന്ത്യയുടെ മധ്യഭാഗത്ത് 60 സെ.മീനും 100 സെ.മീറ്ററിനും ഇടയിൽ മഴ-രാജസ്ഥാൻ, ഗുജറാത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ, ഡക്കാൻ പീഠഭൂമിയുടെ മധ്യഭാഗം, ജമ്മുകാശ്മീരിന്റെ വടക്കുഭാഗം എന്നിവിടങ്ങളിൽ 60 സെ.മീ.യിൽ താഴെ മഴ.

**28. ഇന്ത്യയിൽ മഴയുടെ വിതരണത്തിലെ അസന്തുലിതാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

❋ ഭൂപ്രകൃതി ❋ഭൂവിസ്തൃതി ❋സമുദ്രസാമിപ്യം ❋കാറ്റിന്റെ ദിശ ❋പർവ്വതങ്ങളുടെ കിടപ്പ്
❋ സമുദ്രത്തിൽ നിന്നുള്ള അകലം

# PART B - SS II അദ്ധ്യായം : 8 ഇന്ത്യ-സാമ്പത്തിക ഭൂമിശാസ്ത്രം

മാർക്ക് : 5

1. **ഇന്ത്യയുടെ വൈവിധ്യമാർന്ന പ്രകൃതിവിഭവസമൃദ്ധിക്ക് ആധാരം**
   - ❋ ഭൂവിസ്തൃതി, ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ
2. **ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ സ്വാധീനിക്കുന്ന പ്രധാനമേഖലകൾ**
   - ❋ കൃഷി, ഖനനം, വ്യവസായം, ഗതാഗതം
3. **ഇന്ത്യ ഒരു കാർഷിക രാജ്യം**
   - ❋ മൂന്നിൽ രണ്ടുഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു
   - ❋ ഭക്ഷ്യ വിളകളും, വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളും കാർഷിക മേഖലയിൽ നിന്ന് ലഭിക്കുന്നു
   - ❋ വൈവിധ്യമാർന്ന കാർഷിക വിളകൾ
4. **ഇന്ത്യയിലെ മൂന്നു കാർഷിക കാലങ്ങൾ**

   1. ഖാരിഫ് 2. റാബി 3. സൈദ്
5. **ഖാരിഫ് വിള** : വിളയിറക്കൽ ജൂണിൽ (മൺസൂൺ ആരംഭം) വിളവെടുപ്പ് നവംബർ ആദ്യവാരം

   പ്രധാനവിളകൾ : നെല്ല്, ചോളം, പരുത്തി, ചണം, കരിമ്പ്, നിലക്കടല
6. **റാബി വിള**

   വിളയിറക്കൽ : നവമ്പർമധ്യം (ശൈത്യകാലാരംഭം), വിളവെടുപ്പ് - മാർച്ച് (വേനലിന്റെ ആരംഭം), പ്രധാന വിളകൾ - ഗോതമ്പ്, പുകയില, പയർവർഗ്ഗങ്ങൾ
7. **സൈദ് വിള**

   വിളയിറക്കൽ കാലം : മാർച്ച് (വേനലിന്റെ ആരംഭം), വിളവെടുപ്പ് ജൂൺ (മൺസൂണിന്റെ ആരംഭം)

   പ്രധാനവിള : പഴവർഗങ്ങൾ, പച്ചക്കറികൾ
8. **കാർഷികവിളകൾ**

   1. ഭക്ഷ്യവിളകൾ 2. നാണ്യവിളകൾ
9. **ഭക്ഷ്യവിളകൾ**

   ഭക്ഷ്യവസ്തുവായി നേരിട്ടുപയോഗിക്കുന്നവിള
10. **നാണ്യവിളകൾ**

    വാണിജ്യ - വ്യവസായിക പ്രാധാന്യമുള്ള വിളകൾ
11. **നെല്ല്**

    ❋ ഖാരിഫ് വിള ❋ ഭക്ഷ്യവിളയിൽ ഒന്നാംസ്ഥാനം ❋ എക്കൽ മണ്ണ് ❋ $24^{0}$C നു മുകളിൽ താപം ❋ 150 സെ.മി.യിൽ കൂടുതൽ മഴ (ഉയർന്നതാപം, ധാരാളം മഴ) ❋ നദീതടങ്ങളിലും തീരസമതലങ്ങളിലും നെല്ല് കൃഷിയുണ്ട് ❋ സിവാലിക്ക് ചെരിവുകളിലും
12. **ഗോതമ്പ്**

    ❋ ഭക്ഷ്യവിളയിൽ രണ്ടാംസ്ഥാനം ❋ റാബിവിള ❋ നിർവാർച്ചയുള്ള എക്കൽ മണ്ണ് ❋ മിതോഷ്ണ മേഖലയിൽ കൃഷി ❋ $10^{0}$C മുതൽ $26^{0}$C വരെ താപനില ❋ 75 സെ.മീ. മഴ ❋ശൈത്യകാലവിള ❋ജലസേചനം ആശ്രയിച്ച് കൃഷി

**13. ചോളം**

❋ ഭക്ഷ്യവിളയിൽ മൂന്നാം സ്ഥാനം ❋ ഉഷ്ണകാലത്തും ശൈത്യകാലത്തും കൃഷി ചെയ്യുന്നു ❋ 75 സെ.മീ. മഴ ❋ നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണ്ണ് ❋ മദ്ധ്യപ്രദേശ്, കർണാടക, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കൃഷി ചെയ്യുന്നു

**14. നാണ്യവിളകൾ**

1. നാരുവിളകൾ (പരുത്തി, ചണം) 2. പാനീയവിളകൾ (തേയില, കാപ്പി) 3. സുഗന്ധവ്യഞ്ജനങ്ങൾ (ഏലം, കുരുമുളക്) 4. മറ്റ് വിളകൾ (കരിമ്പ്, റബർ)

**15. പരുത്തികൃഷി**

❋ $20^0$C മുതൽ $30^0$C വരെ താപനില ❋ ചെറിയതോതിൽ വാർഷികവർഷപാതം ❋ കറുത്തമണ്ണും എക്കൽ മണ്ണും അനുയോജ്യം ❋ യൂണിവേഴ്സൽ ഫൈബർ ❋ പരുത്തി ഉൽപ്പാദനത്തിൽ ഇന്ത്യയ്ക്ക് 4-ാം സ്ഥാനം

**16. പരുത്തി തുണി വ്യവസായം**

❋ ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായം ❋ ആദ്യപരുത്തി തുണി മിൽ 1818 ൽ കൊൽക്കത്തെയ്ക്കടുത്ത് ഫോർട്ട് ഗ്ലാസ്റ്ററിൽ ❋ വൻതോതിൽ ഉൽപ്പാദനം 1854 ൽ മുംബൈയിൽ ❋ ഇന്ത്യയിലെ ഏറ്റവും പ്രധാന പരുത്തി തുണി ഉൽപ്പാദനകേന്ദ്രം മുംബൈ ❋ മുംബൈ കോട്ടണോപോളിസ് എന്ന് വിശേഷിപ്പിക്കപ്പെടുന്നു ❋ മുംബൈ കഴിഞ്ഞാൽ ഗുജറാത്തിലെ അഹമ്മദാബാദ്

**17. മുംബൈ പരുത്തി തുണി വ്യവസായകേന്ദ്രമാകാൻ അനുകൂലമായ സാഹചര്യങ്ങൾ**

❋ അസംസ്കൃതവസ്തുക്കളുടെ ലഭ്യത ❋ ഊർജ്ജലഭ്യത ❋ തുറമുഖം ❋ ശുദ്ധജലലഭ്യത ❋ മനുഷ്യവിഭവലഭ്യത

**18. ചണം കൃഷി**

❋ നാരുവിള ❋ ചൂടും ഈർപ്പവും വേണം ❋ ഉയർന്ന താപനില ❋ 150 സെ.മീ. മഴ ❋ നീർവാർച്ചയുള്ള എക്കൽമണ്ണ് ❋ ഗംഗ -ബ്രഹ്മപുത്ര ഡൽറ്റ ❋ പശ്ചിമബംഗാൾ, ഒഡീഷ, ആസാം എന്നിവിടങ്ങളിൽ ചണം കൃഷി

**19. കരിമ്പ്**

❋ ഉഷ്ണമേഖലാവിള ❋ ചൂടും മഴയും വേണം ❋ കറുത്ത മണ്ണ്, എക്കൽമണ്ണ് എന്നിവ അനിയോജ്യം ❋ കരിമ്പ് ഉൽപ്പാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനം

**20. തേയില**

❋ ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്ന രാജ്യം ❋ $25^0$C മുതൽ $30^0$C വരെ താപനില ❋ 200 സെ.മീ. മുതൽ 250 സെ.മീ. വരെ മഴ ❋ ജൈവാംശമുള്ള ജലം വാർന്നുപോകുന്ന മണ്ണ് ❋ ആസാം, കേരള, പശ്ചിമബംഗാൾ, തമിഴ്നാട് ❋ ഇന്ത്യയുടെ ഒരു പ്രധാന കയറ്റുമതി ഇനം

**21. കാപ്പി**

❋ ഇന്ത്യയ്ക്ക് 6-ാംസ്ഥാനം ❋ ഉഷ്ണമേഖലാ തോട്ടവിള ❋ മിതമായ താപനില ❋ ഉയർന്ന മഴ ❋ കർണാടക, കേരളം, തമിഴ്നാട് (പശ്ചിമഘട്ട മലനിരയിൽ)

**22. സുഗന്ധവ്യഞ്ജനങ്ങൾ**

❋ പശ്ചിമഘട്ട മലനിരകളിൽ ❋ നീർവാർച്ചയുള്ള വനമണ്ണ്, മണൽമണ്ണ് ❋ ധാരാളം മഴ ❋ ഉഷ്ണമേഖലാകാലാവസ്ഥ ❋ ഏലം, കുരുമുളക്, ജാതി, ഗ്രാമ്പു, ഇഞ്ചി

**23. ഇന്ത്യയിലെ പരുത്തിതുണി വ്യവസായം**

ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായം

❋ ആദ്യ പരുത്തി തുണി മിൽ 1818 ൽ കൊൽക്കത്തയ്ക്ക് സമീപം ഫോർട്ട് ഗ്ലാസ്റ്ററിൽ ❋ വൻതോതിൽ ഉൽപ്പാദനമാരംഭിച്ചത് 1854 ൽ മുംബൈയിൽ ❋ ഏറ്റവും പ്രധാന പരുത്തിതുണി ഉൽപ്പാദന കേന്ദ്രം മുംബൈ ❋ മുംബൈയെ കോട്ടണോപോളിസ് എന്ന് വിശേഷിപ്പിക്കുന്നു ❋ മുംബൈ കഴിഞ്ഞാൽ പ്രധാനതുണിവ്യവസായകേന്ദ്രം ഗുജറാത്തിലെ അഹമ്മദാബാദ് ❋ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ❋ ഊർജലഭ്യത ❋ തുറമുഖസൗകര്യം ❋ ജലലഭ്യത ❋ മാനവവിഭവശേഷി ലഭ്യത തുടങ്ങിയവ പരുത്തിതുണി വ്യവസായകേന്ദ്രമായി മുംബൈ മാറുന്നതിന് അനുകൂലമായ സാഹചര്യങ്ങളാണ്.

**24. ഇന്ത്യയിലെ ചണവ്യവസായം**

❋ താരതമ്യേന വിലകുറഞ്ഞ നാരുവിളയാണ് ചണം

❋ അന്താരാഷ്ട്ര വ്യാപാരത്തിൽ ഏറെ പ്രാധാന്യം ഉണ്ട്

❋ ചണം ഉൽപ്പാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനം

❋ പശ്ചിമബംഗാളിലെ കൊൽക്കത്ത പ്രധാന ചണവ്യവസായകേന്ദ്രം

❋ അസംസ്കൃതവസ്തുക്കളുടെ ലഭ്യത, ഊർജലഭ്യത, തുറമുഖസൗകര്യം, ജലലഭ്യത, മാനവവിഭവ ലഭ്യത ഇവയെല്ലാം വ്യവസായകേന്ദ്രത്തിന്റെ വളർച്ചയ്ക്ക് അനുകൂലമായ ഘടകങ്ങൾ

**25. പഞ്ചസാര വ്യവസായം**

❋ കരിമ്പു കൃഷിചെയ്യുന്ന പ്രദേശങ്ങൾക്കടുത്ത് തന്നെ പഞ്ചസാരവ്യവസായകേന്ദ്രങ്ങളും ❋ കരിമ്പ് വിളവെടുത്ത് ഉടനെ നീരെടുത്തില്ലെങ്കിൽ സുക്രോസ് കുറയും ❋ ഉത്തർപ്രദേശ് പഞ്ചസാര ഉൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്ത് ❋പഞ്ചസാരയും ശർക്കരയും കരിമ്പിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നു.

**26. ഇന്ത്യയിലെ ധാതുവിഭവങ്ങളിൽ ഏറിയ പങ്കും കാണപ്പെടുന്നത്**

❋ ഉപദ്വീപീയ പീഠഭൂമിയിലെ ആഗ്നേയ, കായാന്തരിത ശിലകളിൽ

**27. ഇന്ത്യയിലെ ധാതുക്കളുടെ വർഗീകരണം**

**ധാതുക്കൾ**

- ലോഹവസ്തുക്കൾ
  - ഇരുമ്പിന്റെ അംശമുള്ളവ
    - ഉദാ.ഇരുമ്പയിര് മാംഗനീസ്
  - ഇരുമ്പിന്റെ അംശം ഇല്ലാത്തവ
    - ഉദാ.സ്വർണം വെള്ളി, ചെമ്പ് ബോക്സൈറ്റ്
- അലോഹവസ്തുക്കൾ
  - ധാതു ഇന്ധനങ്ങൾ
    - ഉദാ. കൽക്കരി പെട്രോളിയം
  - മറ്റു ധാതുക്കൾ
    - ഉദാ. അഭ്രം

**28. ഇരുമ്പയിര് നിക്ഷേപം**

❋ ഇരുമ്പയിരിൽ നിന്ന് ഇരുമ്പ് വേർതിരിച്ചെടുക്കുന്നു. ❋ 4 തരം ഇരുമ്പയിര് നിക്ഷേപങ്ങൾ 1. മാഗ്നറ്റൈറ്റ് 2. ഹെമറ്റൈറ്റ് 3. ലിമൊണൈറ്റ് 4. സിഡറൈറ്റ് ❋ ലോകത്തിലെ ഇരുമ്പയിർ നിക്ഷേപത്തിന്റെ 20% ഇന്ത്യയിൽ ❋ ഇരുമ്പയിര് കയറ്റുമതിയിൽ 4–ാം സ്ഥാനം ❋ ഖനനം ചെയ്യുന്നതിന്റെ 50 മുതൽ 60 ശതമാനം വരെ ജപ്പാൻ, കൊറിയ, യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കാണ് കയറ്റുമതി.

**29. ഇരുമ്പുരുക്ക് വ്യവസായം**

❋ ആവശ്യമായ അസംസ്കൃതവസ്തുക്കൾ ഇരുമ്പയിര്, കൽക്കരി, മാംഗനീസ്, ചുണ്ണാമ്പുകല്ല്, ഡോളമൈറ്റ് ❋ കൽക്കരി പ്രധാനമായതിനാൽ ഇരുമ്പുരുക്കുവ്യവസായങ്ങൾ കൽക്കരിപ്പാടത്തിനടുത്ത് സ്ഥിതിചെയ്യുന്നു. ❋ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഊർജലഭ്യത, ജലലഭ്യത, ഗതാഗതസൗകര്യങ്ങൾ, തൊഴിലാളികളുടെ ലഭ്യത, കയറ്റുമതി സൗകര്യം ഇവയെല്ലാം സ്ഥാനനിർണയ ഘടകങ്ങൾ.

**30. പ്രധാന ഇരുമ്പുരുക്കുശാലകൾ**

| ഇരുമ്പുരുക്കുശാല | സ്ഥിതി ചെയ്യുന്ന സ്ഥലം | സവിശേഷത |
|---|---|---|
| ടാറ്റ .TISCO | ജംഷഡ്പൂർ | ഏറ്റവും വലിയ സ്വകാര്യമേഖല ഇരുമ്പുരുക്കുശാല |
| ഇന്ത്യൻ അയേൺ ആന്റ് സ്റ്റീൽ കമ്പനി (IISCO) | കുൾട്ടി,ബരൺപൂർ, ഹിരാപൂർ | പൊതുമേഖലയിലെ ആദ്യത്തേത് |
| വിശ്വേശ്വരയ്യ (VISL) | ഭദ്രാവതി | ദക്ഷിണേന്ത്യയിലെ ആദ്യത്തേത് |
| ഭിലായ് | ദുർഗ് | 1959 ൽ റഷ്യയുടെ സഹായത്തോടെ സ്ഥാപിച്ചു |
| റൂർക്കേല | സുന്ദർഗഡ് | 1959ൽ ജർമ്മനിയുടെ സഹായത്തോടെ |
| ദുർഗാപ്പൂർ | ദുർഗാപൂർ | 1962ൽ യു.കെയുടെ സഹായത്തോടെ |
| ബൊക്കാറോ | ബൊക്കാറോ | 1964ൽ റഷ്യയുടെ സഹായത്തോടെ |

**31. മാംഗനീസ്**

❋ ഇരുമ്പുരുക്കു വ്യവസായത്തിനുപയോഗിക്കുന്നു ❋ ഇരുമ്പയിർ നിക്ഷേപങ്ങൾക്ക് സമീപം കാണപ്പെടുന്നു ❋ ഉൽപാദനത്തിൽ ഒഡീഷ ഒന്നാം സ്ഥാനത്ത് ❋ കർണാടക, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിവ മറ്റ് ഉൽപ്പാദക സംസ്ഥാനങ്ങൾ ❋ ഇരുമ്പുമായി ചേർത്ത് സങ്കര ലോഹം നിർമ്മിക്കുന്നു

**32. സ്വർണം**

❋ ആഭരണനിർമ്മാണത്തിനുപയോഗിക്കുന്നു ❋ കർണാടക പ്രധാന ഉൽപ്പാദനകേന്ദ്രം

**33. വെള്ളി**

❋ ആഭരണനിർമ്മാണം, ഫോട്ടോഗ്രാഫി, ഇലക്ട്രോപ്ലേറ്റിംഗ് എന്നിവയ്ക്ക് ഉപയോഗിക്കുന്നു.

❋ രാജസ്ഥാൻ, ഝാർഖണ്ഡ്, കർണാടക എന്നിവ ഉൽപ്പാദക സംസ്ഥാനങ്ങൾ

**34. ചെമ്പ്**

❋ വൈദ്യുതോപകരണവ്യവസായത്തിന്, ഝാർഖണ്ഡ്, രാജസ്ഥാൻ, മധ്യപ്രദേശ്, എന്നിവ ഉൽപ്പാദക സംസ്ഥാനങ്ങൾ

**35. ബോക്സൈറ്റ്**

❋ അലുമിനിയത്തിന്റെ അയിര് ❋വിമാനം ❋ വൈദ്യുത ഉപകരണങ്ങൾ ❋ഗാർഹിക ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് ❋ ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ് ഒഡീഷ എന്നിവ ഉൽപ്പാദക സംസ്ഥാനങ്ങൾ

**36. അഭ്രം**

❋ വൈദ്യുതോപകരണ വ്യവസായത്തിന് ഇൻസുലേറ്ററായി ഉപയോഗിക്കുന്നു. ❋ ആന്ധ്ര, രാജസ്ഥാൻ, ഝാർഖണ്ഡ്,ബീഹാർ എന്നിവ ഉൽപ്പാദക സംസ്ഥാനങ്ങൾ

**37. ധാതു ഇന്ധനങ്ങൾ**

❋ കൽക്കരി ❋ പെട്രോളിയം ❋ പ്രകൃതിവാതകം

**38. കൽക്കരി**

❋ മുഖ്യതാപോർജ്ജ സ്രോതസ്സ് ❋ പ്രധാന വ്യവസായിക ഇന്ധനം ❋ ബിറ്റുമിനസ് വിഭാഗത്തിൽപ്പെട്ട ഇടത്തരം കൽക്കരിയാണ് ഇന്ത്യയിൽ കൂടുതൽ ❋ ഛത്തീസ്ഗഡ് ,ഒഡീഷ, ഝാർഖഡ്, പശ്ചിമബംഗാൾ പ്രധാന ഉൽപ്പാദകസംസ്ഥാനങ്ങൾ

ഝാർഖണ്ഡിലെ ഝാറിയയാണ് ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം ❋ തമിഴ്നാട്ടിലെ നെയ് വേലിയിൽ ലിഗ്നൈറ്റ് നിക്ഷേപം

**39. പെട്രോളിയവും പ്രകൃതിവാതകവും**

❋റോഡ്, റെയിൽ, വ്യോമഗതാഗതമേഖലയ്ക്ക് മുഖ്യ ഊർജസ്രോതസാണ് പെട്രോളിയം ❋ പെട്രോൾ, ഡീസൽ എന്നിവ കൂടാതെ രാസവളങ്ങൾ, കൃതിമ റബ്ബർ, കൃത്രിമനാരുകൾ, വാസലിൻ എന്നിവയും പെട്രോളിയത്തിൽ നിന്ന് ലഭിക്കുന്നു. ❋ ആസാമിലെ ഡിഗ്ബോയി ഇന്ത്യയിലെ ആദ്യ പെട്രോളിയം ഖനനകേന്ദ്രം, ❋ ആസാം, ഗുജറാത്ത് മഹാരാഷ്ട്ര പെട്രോളിയം ഉൽപ്പാദക സംസ്ഥാനങ്ങൾ ❋ പെട്രോളിയത്തോടൊപ്പം പ്രകൃതിവാതകവും ലഭിക്കുന്നു. ❋ പ്രകൃതിവാതക നിക്ഷേപങ്ങൾ കാണപ്പെടുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തമിഴ്നാട്, ആന്ധ്ര, ❋ മുംബൈ ഹൈ ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഖനി ❋ പെട്രോളിയത്തോടൊപ്പം ലഭിക്കുന്ന ഇന്ധനമാണ് പ്രകൃതി വാതകം. തമിഴ്നാട് ആന്ധ്രതീരങ്ങളിൽ പ്രകൃതിവാതക നിക്ഷേപങ്ങൾ മാത്രമായി കാണപ്പെടുന്നു.

**40. ആണവധാതുക്കൾ**

❋ യുറേനിയം, തോറിയം പ്രധാന ആണവധാതുക്കൾ ❋ ഝാർഖണ്ഡ്, രാജസ്ഥാൻ, മഹാരാഷ്ട്ര, എന്നിവിടങ്ങളിൽ സമ്പന്നമായ നിക്ഷേപങ്ങളുണ്ട് ❋ കേരളം, തമിഴ്നാട് തീരങ്ങളിലെ മോണസൈറ്റ്, ഇൽമനൈറ്റ് ധാതുക്കളിൽ നിന്ന് തോറിയം ലഭിക്കുന്നു.

**41. ഇന്ത്യയിലെ പ്രധാന ആണവോർജ നിലയങ്ങൾ**

❋ താരാപൂർ (മഹാരാഷ്ട്ര) 2. റാവത്ഭട്ട (രാജസ്ഥാൻ) 3. കൽപ്പാക്കം കൂടങ്കുളം (തമിഴ്നാട്) 4. കൈഗ (കർണാടക) 5. കാക്രപ്പാറ (ഗുജറാത്ത്) 6. നറോറ (ഉത്തർപ്രദേശ്)

**42. പാരമ്പര്യേതര ഊർജസ്രോതസ്സുകൾ**

1. സൗരോർജം 2. കാറ്റിൽ നിന്നുള്ള ഊർജം 3. തിരമാലയിൽ നിന്നുള്ള ഊർജം 4. വേലിയോർജം 5. ജൈവവാതകം എന്നിവ. ❋ പുനസ്ഥാപനശേഷിയുണ്ട് ❋ ചെലവ് കുറഞ്ഞത് ❋ പരിസ്ഥിതി പ്രശ്ന ങ്ങൾ ഉണ്ടാക്കാത്തത്.

**43. ഗതാഗത മാർഗ്ഗങ്ങൾ**

1. റോഡ് ഗതാഗതം 2. റെയിൽ ഗതാഗതം 3. ജലഗതാഗതം 4. വ്യോമഗതാഗതം

**44. റോഡ് ഗതാഗതം**

**റോഡ് ഗതാഗതം**

| ദേശീയപാതകൾ | സംസ്ഥാനഹൈവെകൾ | ജില്ലാ റോഡുകൾ | ഗ്രാമീണ റോഡുകൾ |
|---|---|---|---|
| 1. സംസ്ഥാന തലസ്ഥാനങ്ങൾ, പ്രധാന നഗരങ്ങൾ, തുറമുഖങ്ങൾ തുടങ്ങിയവയെ ബന്ധിപ്പിക്കുന്നു.<br>2. നിർമ്മാണചുമതല കേന്ദ്രസർക്കാരിന് | 1. സംസ്ഥാന തലസ്ഥാനങ്ങളെ ജില്ലാ ആസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്നപ്രധാന റോഡുകൾ<br>2. നിർമ്മാണചുമതല സംസ്ഥാനസർക്കാരിന് | 1. ജില്ലാ ആസ്ഥാനത്തെ ജില്ലയിലെ പ്രധാനകേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നത്<br>2. നിർമ്മാണചുമതല ജില്ലാപഞ്ചായത്തിന് | 1. ഗ്രാമങ്ങളിലെ ആഭ്യന്തര സഞ്ചാരത്തിനുള്ള റോഡുകൾ<br>2. 80 %വും ഗ്രാമീണ റോഡുകളാണ്.<br>3. നിർമാണ ചുമതലത ദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് |

**45. സുവർണചതുഷ്കോണ സൂപ്പർ ഹൈവേ.**

❋ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത എന്നീ മെട്രോ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറു വരിപ്പാത ❋ നിർമ്മാണ ചുമതല നാഷണൽ ഹൈവെ അതോറിറ്റിക്ക്

**46. ഇന്ത്യയിലെ റോഡ് സാന്ദ്രതയെ ബാധിക്കുന്ന ഘടകങ്ങൾ**

❋ ഭൂപ്രകൃതി ❋സാമ്പത്തിക വികസനതലം ❋ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതി റോഡ് വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

**47. റെയിൽ ഗതാഗതം**

❋ ഏറ്റവും വലിയ റെയിൽവെ ശൃംഖല ഇന്ത്യയിൽ ❋ ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സംരംഭം ❋ സഞ്ചാരത്തിനും ചരക്കുഗതാഗതത്തിനും പ്രധാനപ്പെട്ടത് ❋ വ്യവസായവളർച്ചയ്ക്ക് ❋ഇന്ത്യയിലെ ആദ്യറെയിൽപാത മുംബൈ - താന പാത 1853 ൽ ആരംഭിച്ചു ❋ 16 മേഖലകൾ ❋ 3 റെയിൽ ഗേജുകൾ ❋ ബ്രോഡ് ഗേജ്, മീറ്റർ ഗേജ്, നാരോ ഗേജ് ❋ പ്രധാന നഗരങ്ങളിൽ മെട്രോറെയിൽവെകൾ.

**48. ജലഗതാഗതം**

❋ വൻതോതിലുള്ള ചരക്കുഗതാഗതത്തിന് യോജിച്ചത് ❋ ചെലവ് കുറവ് ❋പരിസ്ഥിതി മലിനീകരണമില്ല ❋ അന്താരാഷ്ട്രവ്യാപാരത്തിന് ❋ ജലഗതാഗതം 2 ആയിതിരിക്കാം ❋ ഉൾനാടൻ ജലഗതാഗതം, സമുദ്ര ഗതാഗതം ❋ നദികൾ, കായലുകൾ, കനാലുകൾ - ഉൾനാടൻ ജല ഗതാഗതം ❋ 1986 ൽ ഉൾനാടൻ ജല ഗതാഗത അതോറിറ്റിരൂപീകരിച്ചു. ❋ 5 ദേശീയജലപാതകൾ ❋ മത്സ്യബന്ധനം ❋ വിനോദസഞ്ചാരം ❋ ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറുമായി 12 വൻകിടതുറമുഖങ്ങൾ ❋ 185 ചെറുകിട തുറമുഖങ്ങൾ.

**49. ഇന്ത്യയിലെ പ്രധാന ഉൾനാടൻ ജലഗതാഗത മാർഗങ്ങൾ**

❋ ഗംഗ - ബ്രഹ്മപുത്ര നദികളും പോഷകനദികളും ❋ ഗോദാവരി, കൃഷ്ണ നദികളും പോഷകനദികളും ❋ ആന്ധ്ര - തമിഴ്നാട് ബക്കിങ്ഹാം കനാൽ ❋ ഗോവയിലെ മണ്ഡോവി, സുവാരി നദികൾ ❋ കേരളത്തിലെ കായലുകൾ

**50. ഇന്ത്യയിലെ 5 ദേശീയ ജലപാതകൾ**

❋ ദേശീയജലപാത 1. ഗംഗയിൽ അലഹബാദ് മുതൽ ഹാൽഡിയ വരെ

❋ ദേശീയജലപാത 2. ബ്രഹ്മപുത്രയിൽ സദിയ മുതൽ ധുബ്രി വരെ

❋ ദേശീയജലപാത 3. കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെ

❋ ദേശീയജലപാത 4. ഗോദാവരി - കൃഷ്ണനദികളുമായി ചേർന്ന് കാക്കിനാഡ മുതൽ പുതുച്ചേരി വരെ

❋ ദേശീയജലപാത 5. പൂർവ്വതീര കനാലുമായി ബന്ധിപ്പിച്ച് ബ്രഹ്മണി-മഹാനദി ഡൽറ്റ വ്യവസ്ഥ

**51. ഇന്ത്യയിലെ പ്രധാന വൻകിടതുറമുഖങ്ങൾ**

❋ **പടിഞ്ഞാറൻ തീരത്ത്** : കാണ്ട്ല, മുംബൈ, നെവാഷേവ, മർമഗോവ, മംഗലാപുരം, കൊച്ചി,

❋ **കിഴക്കൻ തീരത്ത്** : തുത്തുകൂടി, ചെന്നൈ, വിശാഖപട്ടണം, പാരദ്വീപ്, ഹാൽഡിയ, കൊൽക്കത്ത

**52. വ്യോമ ഗതാഗതം**

❋ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണം

❋ 11 അന്താരാഷ്ട്ര വിമാനത്താവളങ്ങൾ

❋ 126 വിമാനത്താവളങ്ങൾ

❋ എയർ ഇന്ത്യാ ഇന്ത്യൻ എയർലൈൻസ് കോർപ്പറേഷനുകൾ

❋ ആഭ്യന്തരസർവ്വീസിന് ഇന്ത്യൻ എയർലൈൻസ്

❋ അന്താരാഷ്ട്ര സർവ്വീസിന് എയർ ഇന്ത്യ

# PART B - SS II അദ്ധ്യായം : 9 ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും

മാർക്ക് : 4

1. **ഭാരതീയ റിസർവ്വ് ബാങ്ക്**

   ❋ ഇന്ത്യയുടെ കേന്ദ്രബാങ്ക് ❋ 1935 ൽ സ്ഥാപിതം ❋ ആസ്ഥാനം -മുംബൈ

2. **റിസർവ്വ് ബാങ്കിന്റെ പ്രധാനധർമ്മങ്ങൾ**

   നോട്ട് അച്ചടിച്ചിറക്കൽ ❋ വായ്പനിയന്ത്രിക്കൽ ❋ സർക്കാരിന്റെ ബാങ്ക് ❋ ബാങ്കുകളുടെ ബാങ്ക്

3. **ഒരു രൂപാനോട്ടും അനുബന്ധനാണയങ്ങളും അടിച്ചിറക്കുന്നത്**

   ❋ കേന്ദ്രധനകാര്യവകുപ്പ്

4. **വായ്പ നിയന്ത്രിക്കുന്നത്**

   ❋ പലിശനിരക്ക് കൂടുമ്പോൾ വായ്പ കുറയും ❋ പലിശനിരക്ക് കുറയുമ്പോൾ വായ്പ കൂടും

5. **ബാങ്കുകളുടെ ബാങ്ക്**

   ❋ എല്ലാ ബാങ്കുകളെയും നിയന്ത്രിക്കുന്നു ❋ മറ്റ് ധനകാര്യസ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നു

   ❋ ഉപദേശനിർദ്ദേശങ്ങൾ നൽകുന്നു

6. **ധനകാര്യസ്ഥാപനങ്ങൾ**

   ❋ നിക്ഷേപം, വായ്പ തുടങ്ങിയ ഇടപാടുകൾ നടത്തുന്ന സ്ഥാപനം

7. **വിവിധ തരം ബാങ്കുകൾ**

   ❋ വാണിജ്യബാങ്കുകൾ ❋ സഹകരണബാങ്കുകൾ ❋ വികസനബാങ്കുകൾ ❋ സവിശേഷ ബാങ്കുകൾ

8. **ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ**

   ❋ ബാങ്കിതരധനകാര്യകമ്പനികൾ ❋മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ ❋ഇൻഷ്വറൻസ് കമ്പനികൾ

9. **ബാങ്കുകളുടെ പ്രധാന വരുമാന മാർഗം**

   ❋ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു ❋വായ്പ നൽകുന്നു ❋ നിക്ഷേപങ്ങൾ പലിശയോടെ തിരികെ നൽകുന്നു ❋ വായ്പ പലിശയോടെ തിരികെ വാങ്ങുന്നു ❋പലിശകൾ തമ്മിലുള്ള വ്യത്യാസം വരുമാന മാർഗം

10. **ബാങ്കുകളുടെ വളർച്ച ഇന്ത്യയിൽ**

    ❋ മൂന്നുഘട്ടങ്ങൾ ❋ 1770 മുതൽ 1969 ലെ ബാങ്ക് ദേശസാൽക്കരണം വരെ 1-ാംഘട്ടം

    ❋1969 മുതൽ 1990 വരെ 2-ാംഘട്ടം ❋ 1991 മുതൽ 3-ാം ഘട്ടം

11. **ബാങ്കുവളർച്ച 3-ാം ഘട്ടത്തിലെ പരിഷ്കാരങ്ങൾ**

    ❋ എ.ടി.എം ❋ ക്രഡിറ്റ് കാർഡ് ❋ ഫോൺ ബാങ്കിംഗ് ❋ നെറ്റ് ബാങ്കിംഗ് ❋ കോർ ബാങ്കിംഗ് ❋ പുത്തൻ തലമുറ ബാങ്കുകൾ

12. **ബാങ്കുകളുടെ അടിസ്ഥാന ധർമ്മം**

    ❋ നിക്ഷേപം സ്വീകരിക്കുക ❋വായ്പ നൽകുക

13. **വിവിധതരം വാണിജ്യബാങ്കുകൾ**

    ❋ പൊതുമേഖലാബാങ്ക് ❋ സ്വകാര്യബാങ്ക് ❋ സ്വകാര്യബാങ്കുകൾ 2 തരം ❋ സ്വകാര്യഇന്ത്യൻ ബാങ്കുകൾ ❋ സ്വകാര്യവിദേശബാങ്കുകൾ

14. **പൊതുമേഖലാ ബാങ്ക്**

    ❋ ഉടമസ്ഥത സർക്കാരിന് ❋ നിയന്ത്രിക്കുന്നത് റിസർവ്വ് ബാങ്ക് ❋ ഭാരതീയ സ്റ്റേറ്റ് ബാങ്കും

അനുബന്ധബാങ്കുകളും റീജണൽ റൂറൽ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും ചേർന്നത്.

**15. സ്വകാര്യ വിദേശ ബാങ്ക്**

❋ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തത് ❋ ആസ്ഥാനം വിദേശത്ത്

**16. വാണിജ്യബാങ്കുകളുടെ ധർമങ്ങൾ**

❋ നിക്ഷേപം സ്വീകരിക്കുക (സമ്പാദ്യനിക്ഷേപം, പ്രചലിത നിക്ഷേപം, സ്ഥിരനിക്ഷേപം, ആവർത്തിത നിക്ഷേപം)

**17. ഓവർഡ്രാഫ്റ്റ്**

❋ അക്കൗണ്ടിലുള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരം.

**18. ബാങ്കുകൾ നൽകുന്ന മറ്റ് സേവനങ്ങൾ**

❋ ലോക്കർ സൗകര്യം ❋ഡിമാന്റ് ഡ്രാഫ്റ്റ് ❋ മെയിൽ ട്രാൻസ്ഫർ ❋ടെലിഗ്രാഫിക് ട്രാൻസ്ഫർ ❋ എ.ടി.എം ❋ ക്രഡിറ്റ് കാർഡ് ❋ ബില്ലുകൾ അടയ്ക്കൽ ❋ യാത്രാടിക്കറ്റ് എടുക്കാൻ സൗകര്യം ❋ മൊബൈൽ റീചാർജിംഗ് ❋ പെൻഷൻ വിതരണം ....

**19. ബാങ്കിംഗ് രംഗത്തെ നൂതന പ്രവണതകൾ**

❋ ഇലക്ട്രോണിക് ബാങ്കിംഗ് ❋ കോർബാങ്കിംഗ്

**20. ഇലക്ട്രോണിക് ബാങ്കിംഗ് (ഇ-ബാങ്കിംഗ്)**

❋ നെറ്റ് ബാങ്കിങ്ങിലൂടെയും ടെലിബാങ്കിങ്ങിലൂടെയും ഇടപാടുകൾ നടത്താൻ കഴിയുന്ന രീതി ❋എല്ലായിടത്തും ബാങ്കിംഗ് ❋എല്ലാസമയത്തും ബാങ്കിംഗ് ❋മൊബൈൽ ഫോൺ ബാങ്കിംഗ് ❋ ബാങ്കിൽ പോകേണ്ടതില്ല ❋ഉദ്യോഗസ്ഥരുടെ സഹായം ആവശ്യമില്ല ❋ സമയലാഭം

**21. കോർബാങ്കിംഗ്**

❋ എല്ലാ ബാങ്ക് ശാഖകളും ഒരു സെൻട്രൽ സെർവറിന് കീഴിൽ ❋ ബാങ്ക് സേവനങ്ങൾ ഒരു ബാങ്കിൽ നിന്നും മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്നു

**22. ക്രെഡിറ്റ് കാർഡ്**

❋ ഒരു പ്ലാസ്റ്റിക് കാർഡ് ❋അക്കൗണ്ടിൽ തൽക്കാലം പണമില്ലെങ്കിലും സാധനങ്ങളും സേവനങ്ങളും വാങ്ങാം ❋നിശ്ചിത തീയതിക്കുള്ളിൽ ബാങ്കിൽ പണം നിക്ഷേപിച്ചാൽ മതി.

**23. സഹകരണ ബാങ്കുകളുടെ പ്രവർത്തന തത്വം**

❋ സഹകരണം ❋ സ്വയംസഹായം ❋ പരസ്പര സഹായം

**24 സഹകരണബാങ്കുകളുടെ പ്രധാനഉദ്ദേശ്യങ്ങൾ**

❋ വായ്പ നൽകുക ❋ സ്വകാര്യപണമിടപാടുകാരിൽ നിന്നും ഗ്രാമീണരെ രക്ഷിക്കുക ❋ സമ്പാദ്യശീലം വളർത്തുക

**25. സഹകരണബാങ്കുകളുടെ ഘടന**

❋ സംസ്ഥാനസഹകരണബാങ്ക് ❋ ജില്ലാ സഹകരണബാങ്കുകൾ ❋ പ്രാഥമിക സഹകരണബാങ്കുകൾ

**26. വികസനബാങ്കുകൾ**

❋ കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ വിവിധ മേഖലകളുടെ വികസനത്തെ സഹായിക്കുന്ന ഏജന്റായി പ്രവർത്തിക്കുന്നു

❋ ചെറുകിട വ്യവസായം, അടിസ്ഥാനസൗകര്യവികസനം, വീട് നിർമ്മാണം.... വായ്പ നൽകുന്നു

❋ഉദാ. ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**27. സവിശേഷ ബാങ്കുകൾ**

❋ ചില പ്രത്യേക മേഖലകളുടെ വികസനത്തിന് മാത്രം സാമ്പത്തിക സഹായം നൽകുന്ന ബാങ്കുകൾ

❋ എക്സിം ബാങ്ക് ഓഫ് ഇന്ത്യ

❋ ഇന്ത്യൻ ചെറുകിട വ്യവസായ വികസന ബാങ്ക്

❋ നബാർഡ്

**28. എക്സിം ബാങ്ക്**

❋ കയറ്റുമതി ഇറക്കുമതി വായ്പ നൽകുന്നു

**29. ചെറുകിട വ്യവസായ വികസനബാങ്ക്**

❋ ചെറുകിട വ്യവസായങ്ങൾക്ക് വായ്പ നൽകുന്നു

**30. നബാർഡ്**

❋ ഗ്രാമവികസനത്തിനും, കാർഷിക വികസനത്തിനുമുള്ള പരമോന്നതബാങ്ക്

**31. മഹിളാബാങ്ക്**

❋ 2013 ൽ ആരംഭിച്ചു ❋ വനിതാശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം – മുദ്രാവാക്യം

**32 പെയ്മെന്റ് ബാങ്ക്**

❋ കുറഞ്ഞ വരുമാനക്കാരെയും ചെറുകിടവ്യവസായികളെയും കുടിയേറ്റതൊഴിലാളികളെയും സഹായിക്കാൻ രൂപം കൊണ്ടു.

❋ ഒരു ലക്ഷം വരെ നിക്ഷേപം സ്വീകരിക്കുന്നു

❋ പലിശ നൽകുന്നു ❋ ഡെബിറ്റ് കാർഡ് നൽകുന്നു ❋ വായ്പ നൽകുന്നില്ല.

❋ ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കുന്നു.

**33. ബാങ്കിതരധനകാര്യസ്ഥാപനങ്ങൾ**

❋ നിക്ഷേപം സ്വീകരിക്കുന്നു ❋ വായ്പ നൽകുന്നു ❋ ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കാനാവില്ല ❋ മെയിൽ ട്രാൻസ്ഫർ ഇല്ല ❋ ലോക്കർ സംവിധാനം ഇല്ല

**34 ബാങ്കിതര കമ്പനികൾ**

❋ 1936 ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു ❋ നിക്ഷേപം സ്വീകരിക്കുന്നു ❋ വായ്പ നൽകുന്നു ഉദാ. കെ.എസ്.എഫ്.ഇ

**35. മ്യൂചൽ ഫണ്ട് സ്ഥാപനങ്ങൾ**

❋ നിക്ഷേപം സ്വീകരിച്ചു, ഓഹരികമ്പോളത്തിലും, കടപ്പത്രങ്ങളിലും അടിസ്ഥാനവികസനമേഖലകളിലും നിക്ഷേപിക്കുന്നു.

❋ പൊതുമേഖലയിലും സ്വകാര്യമേഖലയിലും സ്ഥാപനങ്ങളുണ്ട്. ഉദാ. യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ

**36 ഇൻഷ്വറൻസ് കമ്പനികൾ**

ജനങ്ങളുടെ ജീവനും സ്വത്തിനും സാമ്പത്തിക സംരക്ഷണം ❋ സാമൂഹിക സുരക്ഷിതത്വം ❋ വ്യക്തിഗതക്ഷേമം ❋ ഉദാ. എൽ.ഐ.സി.

**37 നോൺ ലൈഫ് ഇൻഷ്വറൻസ് കമ്പനികൾ**

❋ അപകടം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ നഷ്ടങ്ങളിൽ നിന്നുള്ള സംരക്ഷണം. ഉദാ. ജനറൽ ഇൻഷറൻസ് കമ്പനി

**38. മൈക്രോഫിനാൻസ്**

❋ താഴ്ന്ന വരുമാനക്കാരിൽ സമ്പാദ്യശീലം വളർത്തുക ❋ സാധാരണക്കാർക്ക് ലഘുവായ്പ നൽകുക

❋ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുക

❋ ഉദാ. കുടുംബശ്രീ, പുരുഷസ്വയം സഹായസംഘങ്ങൾ

**39. സ്വയം സഹായ സംഘങ്ങൾ**

❋ പ്രാദേശിക പണമിടപാടുകാരിൽ നിന്നും പാവപ്പെട്ടവരെ രക്ഷിക്കുന്നു

❋ അംഗങ്ങൾ സമാഹരിക്കുന്ന തുക വായ്പ നൽകുന്നു

❋ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സഹായിക്കുന്നു. ❋ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നു

**40. കുടുംബശ്രീ സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

❋ ഇരുപതിൽ കൂടാത്ത അംഗങ്ങൾ ചേർന്ന് രൂപീകരിക്കുന്നു ❋ഓരോ അംഗവും നിശ്ചിത തുക നിക്ഷേപിക്കുന്നു ❋ ബാങ്കുകൾ കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നു ❋ ഈ തുക അംഗങ്ങൾക്ക് വായ്പ നൽകുന്നു ❋കുറഞ്ഞ പലിശ നിരക്ക് ❋ ചെറുകിട യൂണിറ്റുകൾ തുടങ്ങുന്നു.

# PART B - SS II അദ്ധ്യായം : 10 ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും

മാർക്ക് : 8

1 **ഉപഭോഗം** : മനുഷ്യന്റെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനായി സാധനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനെ ഉപഭോഗം എന്നു പറയുന്നു.

2 **ഉപഭോക്താവ്** : വിലകൊടുത്തോ, കൊടുക്കാമെന്ന കരാറിലോ, ഏതെങ്കിലും സാധനമോ സേവനമോ വാങ്ങി ഉപയോഗിക്കുന്ന ആളാണ് ഉപഭോക്താവ്.

3 **ഉപഭോക്താവിന്റെ സംതൃപ്തി** : ഗുണമേന്മ, വിശ്വാസ്യത, വിൽപനാനന്തരസേവനം, ന്യായവില, ശരിയായ അളവ്, തൂക്കം, നല്ല പെരുമാറ്റം ഇവ സഫലീകരിക്കുന്നതാണ് ഉപഭോക്താവിന്റെ സംതൃപ്തി.

4 **ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ / കബളിപ്പിക്കപ്പെടുന്ന സന്ദർഭങ്ങൾ**

- ഗുണമേന്മയില്ലാത്ത സാധനങ്ങൾ
- മായം ചേർക്കുന്നത്
- അമിത വില ഈടാക്കുന്നത്
- അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്.
- സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത്.

5 **ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾ**

- 1986ലെ ഉപഭോക്തൃ സംരക്ഷണ നിയമം
- 1930ലെ സാധന വില്പന നിയമം
- 1937ലെ കാർഷികോല്പന്ന നിയമം
- 1955ലെ അവശ്യസാധന നിയമം
- 1976ലെ അളവുതൂക്ക നിലവാരനിയമം

6 **ഉപഭോക്തൃ സംരക്ഷണത്തിനുള്ള ഭരണ സംവിധാനങ്ങൾ**

- ലീഗൽ മെട്രോളജി വകുപ്പ്
- ഭക്ഷ്യസുരക്ഷ വകുപ്പ്
- കേന്ദ്ര ഔഷധ വിലനിർണയ കമ്മറ്റി
- ഡ്രഗ്സ് കൺട്രോൾ വകുപ്പ്
- ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ

7 **ഉപഭോക്താവിന്റെ അവകാശങ്ങൾ**

- ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽ നിന്നു സംരക്ഷണം.
- സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.
- ന്യായവിലക്ക് സാധനവും സേവനവും ലഭിക്കുന്നതിനുള്ള അവകാശം.
- ഉപഭോക്തൃ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം
- ഉപഭോക്തൃ തർക്ക പരിഹാരം നേടാനുള്ള അവകാശം

**8 <u>ഉപഭോക്തൃ കോടതികൾ</u>**

**a) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം**

- ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നു.
- പ്രസിഡന്റും 2 അംഗങ്ങളും
- ഒരംഗമെങ്കിലും വനിതയായിരിക്കണം
- 20 ലക്ഷം രൂപവരെയുള്ള ഉപഭോക്തൃ തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നു.

**b) സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര ഫോറം**

- സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു.
- പ്രസിഡന്റും 2 അംഗങ്ങളും
- ഒരംഗമെങ്കിലും വനിതയായിരിക്കണം.
- 20 ലക്ഷത്തിനു മേൽ 1 കോടി വരെയുള്ള തർക്കങ്ങളിൽ തീർപ്പു കൽപിക്കുന്നു.

**c) ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ**

- ദേശീയ തലത്തിൽ പ്രവർത്തിക്കുന്നു.
- പ്രസിഡന്റും 4ൽ കുറയാത്ത അംഗങ്ങളും
- ഒരു കോടിക്കു മുകളിൽ വരുന്ന തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നു.

**9 <u>ഉപഭോക്തൃ കോടതികളുടെ സവിശേഷതകൾ</u>**

- നടപടി ക്രമങ്ങൾലളിതം
- അതിവേഗം നീതി ഉറപ്പുവരുത്തുന്നു.
- വ്യവഹാരച്ചെലവ് വളരെ കുറവ്

**10 ഉപഭോക്തൃകോടതികളിൽ പരാതിസമർപ്പിക്കാവുന്ന സന്ദർഭങ്ങൾ.**

- വിലയ്ക്ക് വാങ്ങിയ സാധനത്തിന് കേടുപാടുകൾ സംഭവിക്കുക.
- മായം ചേർക്കൽ നിരോധന നിയമം ലംഘിക്കുക.
- ജീവന് ഹാനികരമായതോ സുരക്ഷിതമല്ലാത്തതോ ആയ സാധനങ്ങൾ വിൽക്കുക.
- തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക
- വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സേവനത്തിന് പോരായ്മകൾ ഉണ്ടാവുക.
- കൂടുതൽ വില ഈടാക്കുക.
- ന്യായരഹിതവും ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതുമായ വ്യാപാര നടപടികൾ മൂലം നഷ്ടമുണ്ടാകുക.

**11 ഉപഭോക്തൃ തർക്കങ്ങളിൽ ലഭിക്കുന്ന പരിഹാരങ്ങൾ**

- പകരം സാധനങ്ങൾ നൽകൽ
- നൽകിയ പണം / അധികമായി ഈടാക്കിയ പണം തിരിച്ചു നൽകൽ.
- നഷ്ടപരിഹാരത്തുക ലഭ്യമാക്കൽ

- സേവനത്തിലെ കോട്ടങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകൽ.
- ദോഷകരമായ വ്യാപാര നടപടികൾ നിർത്തലാക്കൽ
- പരാതിച്ചെലവ് ലഭ്യമാക്കൽ

**12 ഉപഭോക്തൃ സംരക്ഷണത്തിനുള്ള വകുപ്പുകൾ / സ്ഥാപനങ്ങൾ**

- ലീഗൽ മെട്രോളജി വകുപ്പ് - അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു.
- ഭക്ഷ്യസുരക്ഷാ വകുപ്പ് - ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു
- കേന്ദ്ര ഔഷധ വില നിർണയ കമ്മിറ്റി - മരുന്നുകളുടെ വില നിയന്ത്രിക്കുന്നു
- ഡ്രഗ്സ് കൺട്രോൾ വകുപ്പ് - മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു.
- ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്- അതോറിറ്റി ഓഫ് ഇന്ത്യ ഭക്ഷ്യവസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നു.

**13 ഉപഭോക്തൃസംരക്ഷണത്തിൽ സാമൂഹിക ഇടപെടൽ**

- ഉപഭോക്തൃസംഘടനകൾ
- ഉപഭോക്തൃ ബോധവൽക്കരണം
- പൊതു താൽപര്യഹർജികൾ (ഉപഭോക്തൃസംരക്ഷണത്തിന്)

**14 ഉപഭോക്തൃ വിദ്യാഭ്യാസ മാർഗങ്ങൾ**

- ബോധവൽക്കരണ പരിപാടികൾ
- ഉപഭോക്തൃ വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ
- ഉപഭോക്തൃ ദിനാചരണം
- സംവാദങ്ങൾ

**15 ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം / ഉപഭോക്തൃ ശാക്തീകരണം**

- ആവശ്യങ്ങൾ കൃത്യമായി നിജപ്പെടുത്തി ഉപഭോഗം നടത്താൻ തയാറാവുന്നു.
- ഉല്പന്നങ്ങൾ / സേവനങ്ങൾ സംബന്ധിച്ച് അറിവു നേടാൻ സന്നദ്ധരാവുന്നു.
- ശരിയായ തിരഞ്ഞെടുക്കലിന് പ്രാപ്തിനേടുന്നു.
- അവകാശബോധമുള്ള ഉപഭോക്താവായി മാറുന്നു.
- ഉപഭോക്തൃപ്രശ്നങ്ങളിൽ ഇടപെടാൻ ശേഷിനേടുന്നു.

16. ഉപഭോക്തൃ സംരക്ഷണത്തിനുള്ള ത്രിതല ഉപദേശക സമിതികൾ

a) ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിൽ

b) സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ

c) ദേശീയ ഉപഭോക്തൃ സംരക്ഷണ കൗൺസിൽ

അതാതു സർക്കാരുകൾക്ക് ഉപഭോക്താവിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശം നൽകുക എന്നതാണ് ഈ സമിതികളുടെ ധർമ്മം

17. സാധനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്താൻ ഉപഭോക്താവിനെ സഹായിക്കുന്ന ചിഹ്നങ്ങൾ

| | |
|---|---|
| ISI | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് ഉൽപ്പന്നങ്ങളുടെ നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിന് ISI മുദ്ര നൽകുന്നു |
| ISO | ഇന്റർനാഷ്ണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ ഇന്ത്യയടക്കം 120 രാഷ്ട്രങ്ങളിലെ സാധന സേവനങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നു |
| | സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധി സൂചിപ്പിക്കുന്നു |
| CE | ഇലക്ട്രോണിക്,ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സുരക്ഷ സാക്ഷ്യപ്പെടുത്താൻ ഉപയോഗിക്കുന്നു |
| | കാർഷിക-വന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് അഗ്മാർക്ക് എന്നറിയപ്പെടുന്ന ഈ ചിഹ്നം ഉപയോഗിക്കുന്നു |
| | സസ്യ-സസ്യേതര ആഹാരവസ്തുക്കൾ തിരിച്ചറിയാൻ ഈ ചിഹ്നങ്ങൾ അടയാളപ്പെടുത്തുന്നു |
| FPO | പഴവർഗ്ഗങ്ങളിൽനിന്നും പച്ചക്കറികളിൽനിന്നുമുള്ള ഉൽപ്പന്നങ്ങളുടെ സുരക്ഷിതത്വവും നിലവാരവും സാക്ഷ്യപ്പെടുത്തുന്നു.ഫുഡ് പ്രൊഡക്റ്റ്സ് ഓർഡർ എന്നതിന്റെ ചുരുക്കമാണ് എഫ്.പി.ഒ (FPO) |

18. ഉപഭോക്തൃ വിദ്യാഭ്യാസം നൽകുന്നതിന്റെ ഫലമായി രൂപപ്പെടുന്ന ഉപഭോക്തൃശീലങ്ങൾ ഏതെല്ലാം

a) സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ചു വാങ്ങുക.

b) അളവും തൂക്കവും ശരിയാണെന്ന് ബോധ്യപ്പെടുക

c) സാധനങ്ങളുടെ നിലവാരം സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ ശ്രദ്ധിക്കുക

d) വാങ്ങുന്ന സാധനങ്ങളുടെ ഉപയോഗക്രമം, പ്രവർത്തിപ്പിക്കുന്ന വിധം എന്നിവ മനസ്സിലാക്കുക

e) പായ്ക്കു ചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ ഉൽപ്പന്നത്തിന്റെ വിശദാംശങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

# ഭൂപട സ്ഥാന നിർണയം - ചോദ്യ സൂചകങ്ങൾ

1. കാശ്മീരിനു വടക്കുപടിഞ്ഞാറ് മുതൽ ഇന്ത്യയുടെ കിഴക്കൻ അതിർത്തി വരെ ഒരു വൻമതിൽപോലെ നിലകൊള്ളുന്ന പർവ്വതനിര.
   - ഉത്തരപർവ്വത മേഖല
2. ട്രാൻസ് ഹിമാലയത്തിലെ 3 നിരകൾ
   - കാറക്കോറം, ലഡാക്ക്, സസ്കർ
3. ഹിമാലയത്തിലെ മൂന്ന് നിരകൾ
   - ഹിമാദ്രി, ഹിമാചൽ, സിവാലിക്
4. ലോകത്തിലെ ഏറ്റവും ഉയരമുള്ള കൊടുമുടികൾ കാണപ്പെടുന്ന ഹിമാലയൻ നിര.
   - ഹിമാദ്രി
5. ഹിമാലയത്തിലെ സുഖവാസ നഗരങ്ങൾ കാണപ്പെടുന്ന ഹിമാലയൻ നിര.
   - ഹിമാചൽ
6. ഡൂണുകൾ എന്നറിയപ്പെടുന്ന നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്ന ഹിമാലയൻ നിര.
   - സിവാലിക്
7. ലോകത്തിലേറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപ്പുഞ്ചി സ്ഥിതി ചെയ്യുന്ന പർവ്വത നിര.
   - പൂർവ്വാചൽ (കിഴക്കൻ മലനിരകൾ)
8. ടിബറ്റിലെ മാനസസരോവർ തടാകത്തിൽ നിന്നും ഉത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ പതിക്കുന്ന നദി.
   - സിന്ധു
9. ഹിമാലയൻ നദികൾ വഹിച്ചുകൊണ്ടുവരുന്ന എക്കൽ അടിഞ്ഞുകൂടി രൂപം കൊണ്ട വിസ്തൃത സമതലം.
   - ഉത്തരമഹാ സമതലം
10. ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്ന സമതലം.
    - ഉത്തരമഹാസമതലം.
11. ഉത്തരമഹാസമതലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന മരുഭൂമി.
    - ഥാർ മരുഭൂമി
12. സിന്ധുവും അതിന്റെ പോഷക നദികളും ചേർന്ന് രൂപം നൽകിയ സമതലം.
    - പഞ്ചാബ് ഹരിയാന സമതലം
13. ലൂണിയും സരസ്വതിയും രൂപീകരിച്ച സമതലം.
    - രാജസ്ഥാനിലെ മരുസ്ഥലി ബാഗർസമതലം.
14. ഇന്ത്യയിലെ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗം.
    - ഉപദ്വിപീയ പീഠഭൂമി
15. ധാതുക്കളുടെ കലവറ എന്നറിയപ്പെടുന്ന ഭൂവിഭാഗം.
    - ഉപദ്വീപീയ പീഠഭൂമി
16. ഉപദ്വിപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.
    - ആനമുടി
17. ആനമുടി സ്ഥിതിചെയ്യുന്ന ഉപദ്വീപീയ പീഠഭൂമിയുടെ ഭാഗം.
    - പശ്ചിമഘട്ടം
18. ലാവതണുത്തുറച്ചുണ്ടായ ഉപദ്വീപീയ പീഠഭൂമിയുടെ തെക്കു ഭാഗം
    - ഡക്കാൻ പീഠഭൂമി
19. സിന്ധുവിന്റെ പ്രധാന പോഷകനദികൾ
    - ഝലം, ചിനാബ്, രവി, സത്‌ലജ്, ബിയാസ്
20. ഗംഗോത്രിയിലെ ഗോമുഖ് ഗുഹയിൽ നിന്നും ഉത്ഭവിച്ച് കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി.
    - ഗംഗ

21. തിബറ്റിലെ ചെമ-യുങ്-തുങ് ഹിമാനിയിൽ നിന്നും ഉത്ഭവിച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി.
   - ബ്രഹ്മപുത്ര
22. ഉപദ്വീപീയ ഇന്ത്യയുടെ തെക്കേ അറ്റം.
   - കന്യാകുമാരി
23. ബ്രഹ്മപുത്രയും പോഷകനദികളും രൂപംകൊടുക്കുന്ന സമതലം.
   - ആസാമിലെ ബ്രഹ്മപുത്രാസമതലം
24. ഗംഗയും പോഷകനദികളും രൂപംകൊടുക്കുന്ന സമതലം.
   - ഗംഗാസമതലം
25. ലാവാ ശിലകളാൽ നിർമ്മിതമായ പീഠഭൂമി.
   - ഡക്കാൻ പീഠഭൂമി
26. മൈക്കേലാ നിരകളിൽ നിന്നുത്ഭവിച്ച് കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി.
   - മഹാനദി
27. ഇബ്, ടെൽ പോഷക നദികളായിട്ടുള്ള നദി.
   - മഹാനദി
28. നാസിക്കിൽ നിന്ന് ഉത്ഭവിച്ച് കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി.
   - ഗോദാവരി
29. മഹാബലേശ്വർ കുന്നുകളിൽ നിന്നും ഉത്ഭവിച്ച് കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി.
   - കൃഷ്ണ
30. ഭീമ, തുംഗഭദ്ര പോഷകനദികളായിട്ടുള്ള പ്രധാന നദി.
   - കൃഷ്ണനദി
31. ഇന്ദ്രാവതി, ശബരി പോഷക നദികളായിട്ടുള്ള നദി.
   - ഗോദാവരി
32. ഇന്ത്യയിലൂടെ ഏറ്റവും ദീർഘദൂരം ഒഴുകുന്ന നദി.
   - ഗംഗ
33. ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയ നദി.
   - ഗോദാവരി
34. പശ്ചിമ ഘട്ടത്തിലെ ബ്രഹ്മഗിരികുന്നുകളിൽ നിന്നുത്ഭവിച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി.
   - കാവേരി
35. കബനി, അമരാവതി പോഷകനദികളായിട്ടുള്ള നദി
   - കാവേരി
36. മൈക്കേലാ നിരകളിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ട് ഓഴുകി അറബിക്കടലിൽ പതിക്കുന്ന നദി.
   - നർമ്മദ
37. ഹിരൺ, ബൻജൻ പോഷകനദികളായിട്ടുള്ള നദി.
   - നർമ്മദ
38. മുൻതായ് പീഠഭൂമിയിൽനിന്നുത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്ന നദി.
   - താപ്തി
39. ആനർ, ഗിർന പോഷക നദികളായിട്ടുള്ള നദി.
   - താപ്തി
40. ആഗ്രാ നഗരം സ്ഥിതി ചെയ്യുന്നത് ഈ നദിയുടെ തീരത്താണ്.
   - യമുന
41. പാറ്റ്ന, അലഹബാദ്, വാരണാസി എന്നീ നഗരങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ നദിയുടെ തീരത്താണ്.
   - ഗംഗ
42. സൂററ്റ് സ്ഥിതി ചെയ്യുന്നത് ഈ നദിയുടെ തീരത്താണ്.
   - താപ്തി
43. ബറൂച്ച് നഗരം സ്ഥിതി ചെയ്യുന്നത് ഈ നദിയുടെ തീരത്താണ്.
   - നർമ്മദ

44. കുടക്, തിരുച്ചിറപ്പള്ളി, തഞ്ചാവൂർ എന്നീ നഗരങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ നദിയുടെ തീരത്താണ്.
   - കാവേരി
45. വിജയവാഡ സ്ഥിതി ചെയ്യുന്നത് ഈ നദിയുടെ തീരത്താണ്.
   - കൃഷ്ണ
46. കൊൽക്കത്ത നഗരം സ്ഥിതി ചെയ്യുന്ന നദി.
   - ഹുഗ്ലി
47. ഗുവാഹത്തി നഗരം സ്ഥിതി ചെയ്യുന്ന നദി.
   - ബ്രഹ്മപുത്ര
48. റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്ന തീരപ്രദേശം.
   - പടിഞ്ഞാറൻ തീര സമതലം
49. കായലുകളും അഴുമുഖങ്ങളും കാണപ്പെടുന്ന തീരപ്രദേശം
   - പടിഞ്ഞാറൻ തീരസമതലം
50. അറബിക്കടലിന് സമാന്തരമായി സ്ഥിതി ചെയ്യുന്ന തീരപ്രദേശം
   - പടിഞ്ഞാറൻ തീരസമതലം
51. ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ സ്ഥിതി ചെയ്യുന്ന തീര പ്രദേശം.
   - കിഴക്കൻ തീരസമതലം
52. ഡൽറ്റ രൂപീകരണം നടക്കുന്ന തീരപ്രദേശം
   - കിഴക്കൻ തീരം
53. പടിഞ്ഞാറൻ തീരസമതലത്തിലെ മൂന്നു ഭാഗങ്ങൾ.
   - ഗുജറാത്ത് തീരം, കൊങ്കൺതീരം, മലബാർതീരം
54. കിഴക്കൻ തീരത്തിലെ രണ്ടുഭാഗങ്ങൾ
   - കോറമണ്ഡൽ തീരം, വടക്കൻ സിർക്കാർസ്
55. ലക്ഷദ്വീപിന്റെ തലസ്ഥാനം.
   - കവറത്തി
56. ഇന്ത്യയിലെ ഏക അഗ്നി പർവ്വതം സ്ഥിതി ചെയ്യുന്ന ദ്വീപ്
   - ബാരൻദ്വീപ്
57. ആൻഡമാൻ - നിക്കോബാർ ദ്വീപുകളുടെ തലസ്ഥാനം
   - പോർട്ട്ബ്ളയർ
58. ഇന്ത്യ എന്ന രാഷ്ട്രത്തിന്റെ തെക്കേ അറ്റം
   - ഇന്ദിരാ പോയിന്റ് (നിക്കോബാർദ്വീപിൽ)
59. തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ സ്വാധീനം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന തീരപ്രദേശം.
   - പടിഞ്ഞാറൻ തീരപ്രദേശം
60. വടക്കുകിഴക്കൻ മൺസൂൺ കാലത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന തീരപ്രദേശം
   - കിഴക്കൻതീരം (കോറമണ്ഡൽതീരം)
61. ഇന്ത്യയിലെ ഏറ്റവും പ്രധാനപരുത്തി ഉല്പാദന കേന്ദ്രം.
   - മുംബൈ
62. കോട്ടണോപോളിസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന നഗരം.
   - മുംബൈ
63. പരുത്തി തുണി ഉല്പാദനത്തിൽ മുംബൈ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന നഗരം.
   - അഹമ്മദാബാദ്
64. ഇന്ത്യയിലെ പ്രധാന ഇരുമ്പയിര് ഖനന കേന്ദ്രങ്ങൾ
   - ഒഡീഷയിലെ സുന്ദർഗഡ്, മയൂർഭൻജ്, കോഝാർ, ഛത്തിസ്ഗഡിലെ ദുർഗ്, ഝാർഖണ്ഡിലെ സിങ്ഭം, കർണാടകയിലെ ബെല്ലാരി, ചിക്ക് മംഗളൂർ, ഷിമോഗ, ചിത്രദുർഗ, ഗോവയിലെ മർമ്മഗോവ, തമിഴ് നാട്ടിലെ സേലം, നീലഗിരി
65. ടാറ്റാ ഇരുമ്പുരുക്കു കമ്പനി (TISCO) സ്ഥിതി ചെയ്യുന്ന സ്ഥലം.
   - ജംഷഡ്പൂർ

66. ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി (IISCO) സ്ഥിതി ചെയ്യുന്ന സ്ഥലം.
- കുൾട്ടി, ബരൺപൂർ, ഹിരാപൂർ

67. വിശ്വേശ്വരയ്യ അയേൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ് (VISL) സ്ഥിതി ചെയ്യുന്ന സ്ഥലം.
- ഭദ്രാവതി

68. ഭിലായ് സ്റ്റീൽ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം.
- ദുർഗ്

69. ദുർക്കേല സ്റ്റീൽ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം.
- സുന്ദർഗഡ്

70. ദുർഗാപ്പൂർ സ്റ്റീൽപ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം.
- ദുർഗ്ഗാപ്പൂർ

71. ബൊക്കാറോസ്റ്റീൽ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം.
- ബൊക്കാറോ

72. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം സ്ഥിതി ചെയ്യുന്ന സ്ഥലം.
- ഝാറിയ

73. ലിഗ്നൈറ്റ് നിക്ഷേപത്തിന് പ്രസിദ്ധമായ സ്ഥലം.
- നെയ്‌വേലി (തമിഴ്നാട്)

74. ഇന്ത്യയിൽ ആദ്യമായി പെട്രോളിയം ഖനനം ചെയ്ത സ്ഥലം.
- ഡിഗ്ബോയി (ആസ്സാം)

75. ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഖനി
- മുംബൈഹൈ

76. ഇന്ത്യയിലെ പ്രധാന ആണവോർജനിലയങ്ങൾ.
- താരാപ്പൂർ (മഹാരാഷ്ട്ര)
- റാവത്ഭട്ട (രാജസ്ഥാൻ)
- കൈഗ (കർണാടക)
- കൽപ്പാക്കം, കുടങ്കുളം (തമിഴ്നാട്)
- കാക്രപ്പാറ (ഗുജറാത്ത്)
- നറോറ (ഉത്തർപ്രദേശ്)

77. ഇന്ത്യയുടെ പശ്ചിമ തീരത്തെ പ്രധാന വൻകിട തുറമുഖങ്ങൾ
- കണ്ട്ല
- മുംബൈ
- നെവാഷേവ
- മർമഗോവ
- മംഗലാപുരം
- കൊച്ചി

78. ഇന്ത്യയുടെ കിഴക്കൻ തീരത്തെ വൻകിട തുറമുഖങ്ങൾ
- തൂത്തുകുടി
- ചെന്നൈ
- വിശാഖപട്ടണം.
- പാരദ്വീപ്
- ഹാൽഡിയ
- കൊൽക്കത്ത


79. ഇന്ത്യയുടെ തെക്കേ അറ്റത്തെ തുറമുഖം
- തൂത്തുക്കുടി

80. ഇന്ത്യയുടെ ഏറ്റവും പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന വൻകിട തുറമുഖം.
- കാണ്ട്ല

81. ഇന്ത്യയുടെ ഏറ്റവും കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന തുറമുഖം
- കൊൽക്കത്ത

82. ഇന്ത്യയിലെ റെയിൽവേ സോണുകൾ ഭൂപടത്തിൽ അടയാളപ്പെടുത്തുക.


1. മധ്യ റെയിൽവെ – മുംബൈ
2. പശ്ചിമ റെയിൽവെ – മുംബൈ
3. ഉത്തര റെയിൽവെ – ഡൽഹി
4. ദക്ഷിണ റെയിൽവെ – ചെന്നൈ
5. പൂർവ്വ റെയിൽവെ – കൊൽക്കത്ത
6. ദക്ഷിണ പൂർവ്വ റെയിൽവെ – കൊൽക്കത്ത
7. പൂർവ്വ തീര റെയിൽവെ – ഭുവനേശ്വർ
8. ദക്ഷിണ പശ്ചിമ റെയിൽവെ – ഹുബ്ലി
9. ദക്ഷിണ മധ്യറെയിൽവെ – സെക്കണ്ടറാബാദ്
10. ദക്ഷിണ പൂർവ്വ മധ്യറെയിൽവെ – ബിലാസ്പൂർ
11. പശ്ചിമ മധ്യ റെയിൽവെ – ജെബൽപൂർ
12. ഉത്തര മധ്യ റെയിൽവെ – അലഹബാദ്
13. ഉത്തര പൂർവ്വ റെയിൽവെ – ഗൊരഖ്പൂർ
14. ഉത്തര പശ്ചിമ റെയിൽവെ – ജെയ്പൂർ
15. ഉത്തര പൂർവ്വ അതിർത്തി റെയിൽവെ – മാലിഗാവോൺ
16. കൊങ്കൺ റെയിൽവെ – നവി മുംബൈ





83. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സ്ഥലം ?

- ചിറാപ്പുഞ്ചി

# ഇന്ത്യ


ശ്രീനഗർ
ജമ്മു
അമൃതസർ
ഷിംല
ഡറാഡൂൺ
ന്യൂഡൽഹി
ഇറ്റാനഗർ
ആഗ്ര
ലഖ്നൗ
ജയ്പൂർ
കാൺപൂർ
ഹാജിപൂർ
ഗുവാഹത്തി
മാലിഗാവോൺ
കൊഹിമ
കോട്ട
അലഹബാദ്
പാറ്റ്ന
ചിറാപൂഞ്ചി
ഷില്ലോംഗ്
ഇംഫാൽ
വാരാണസി
ബൊക്കാറോ
അഗർത്തല
ഗാന്ധിനഗർ
റാഞ്ചി
ദുർഗ്ഗാപൂർ
ഐസ്വാൾ
കാണ്ട്ല
അഹമ്മദാബാദ്
ഭോപ്പാൽ
ജംഷഡ്പൂർ
ബരൺപൂർ
ബിലാസ്പൂർ
ബറൂച്
കൊൽക്കത്ത
റൂർക്കേല
റായ്പൂർ
സൂററ്റ്
ഹാൽഡിയ
കട്ടക്
ഭിലായ്
ഭുവനേശ്വർ
പാരദ്വീപ്
നവി മുംബൈ
സെക്കന്തരാബാദ്
ചിൽക്കാ തടാകം
മുംബൈ
നെവ ഷേവ
ഹൈദരബാദ
വിശാഖ പട്ടണം
പനാജി
ഹുബ്ലി
വിജയവാഡ
മർമ്മ ഗോവ
ഭദ്രാവതി
എന്നോർ
ബാരൻദ്വീപ്
ബാംഗ്ലൂർ
ചെന്നൈ
മംഗലാപുരം
സേലം
പോണ്ടിച്ചേരി
കോഴിക്കോട്
കോയമ്പത്തൂർ
തഞ്ചാവൂർ
കവരത്തി
മധുര
പോർട്ട്ബ്ളെയർ
കൊച്ചി
തൂത്തുക്കുടി
തിരുവനന്തപുരം
കന്യാകുമാരി
ഇന്ദിര പോയിന്റ്

# ഇന്ത്യ




For more Study materials Visit BIO-VISION BLOG or Install BIO-VISION SCHOOL APP from Play Store

# എക്സലൻസ്

(Enrichment and Enhancement of SSLC Result 2019)

Graded Material for Non D+ Programme

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം
ഡയറ്റ് വയനാട്
സുൽത്താൻ ബത്തേരി – 673592, കേരള